# മുഖവുര

**ഇന്ത്യൻ ജേർണൽ ഓഫ് മലയാളം ലാംഗ്വേജ് റിസർച്ച് സ്റ്റഡീസ് (IJMLRS)** എന്ന മലയാള ജേർണലിന്റെ ആദ്യ സംരംഭം നിങ്ങളുടെ മുന്നിലേക്ക് സമർപ്പിക്കുന്നതിൽ അപാരമായ സന്തോഷവും അഭിമാനവും ഞങ്ങൾ അനുഭവിക്കുന്നു. മലയാള ഭാഷയുടെ ഗൗരവമേറിയ ശാസ്ത്രീയവും സാമൂഹ്യപരവും സാംസ്കാരികവുമായ മേഖലകളിൽ ഗവേഷണ പഠനങ്ങൾക്ക് വിപുലമായ ഒരു വേദിയായി ഈ ജേർണൽ വളരട്ടെ എന്ന് പ്രത്യാശിക്കുന്നു.

ഈ ആദ്യ ലക്കം, മലയാളത്തിന്റെ വൈവിദ്ധ്യവും സമഗ്രതയും ചൂണ്ടിക്കാണിക്കുന്ന ചില ശ്രദ്ധേയമായ ലേഖനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:

*വി.കെ.ഗോവിന്ദൻ നായരുടെ കവിതകൾ:* എന്ന ലേഖനം, അദ്ദേഹത്തിന്റെ ഭാഷാസൗന്ദര്യവും സാംസ്കാരിക സന്ദേശവാഹ്യതയും ആഴമായി അനാവൃതമാക്കുന്നു. വികെജിയുടെ കവിതകൾ മലയാളസാഹിത്യത്തിൽ അവിസ്മരണീയമായ സംഭാവനകളായി നിലകൊള്ളുന്നു.

*വിദ്യാഭ്യാസത്തിലെ സംവരണവും സാമൂഹിക വ്യവസ്ഥിതിയും*: സംവരണത്തിന്റെ പ്രാധാന്യം സാമൂഹിക നീതിയുടെ ഭാഗമായും വിദ്യാഭ്യാസ മേഖലയിൽ അതിന്റെ പ്രയോഗം വെളിപ്പെടുത്തുന്ന പഠനം.

*കൃഷ്ണനാട്ടത്തിലെ ഭാഷസവിശേഷത*: ഭാഷാ വ്യതിയാനങ്ങളുടെ സ്വഭാവവും ചരിത്രപരവും സാമൂഹികവും ആയ മാറ്റങ്ങൾ വിശകലനം ചെയ്യുകയാണ്.

*വിദ്യാഭ്യാസ കച്ചവടം-* കാലഘട്ടങ്ങൾ, സമീപനങ്ങൾ: കാലക്രമേണ വിദ്യാഭ്യാസം വ്യാപാരമേഖലയായി മാറിയ സാഹചര്യങ്ങൾ പരിഗണിച്ച് അതിന്റെ സവിശേഷതകൾ പ്രതിപാദിക്കുന്നു.

*സമകാലീക കേരളത്തിൽ മദ്യപാനത്തിന്റെ പ്രസക്തി*: മദ്യപാനത്തിന്റെ സാംസ്കാരികവും സാമൂഹികവും ആരോഗ്യപരവും പ്രത്യാഘാതങ്ങളെ വിലയിരുത്തുന്ന ഒരു പഠനം.

*സംസ്കാരവ്യവസായത്തിന്റെ പ്രവർത്തനങ്ങൾ:ഓണാഘോഷം മുൻനിർത്തിയുള്ള പഠനം* : ഓണാഘോഷം കേന്ദ്രമാക്കി സാംസ്കാരിക വ്യവസായത്തിന്റെ ഘടനയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ഈ ജേർണൽ വിജ്ഞാനാന്വേഷികൾക്ക് ഒരു പ്രചോദനമാകട്ടെ എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. മലയാളത്തിന്റെ മഹത്തായ പാരമ്പര്യവും നിലവിലെ വെല്ലുവിളികളെയും പരിഗണിച്ച് ഈ പ്രസിദ്ധീകരണം നിരന്തരമായ ഒരു ബോധവൽക്കരണത്തിന് അടിത്തറയായി മാറട്ടെ.


സ്നേഹത്തോടെ,

Dr. Radhakrishnan Chembra
Chief Editor

CONTENTS


| SL. NO | TITLE | AUTHOR | PAGE NO |
|---|---|---|---|
| 1 | വി. കെ. ഗോവിന്ദൻ നായരുടെ കവിതകൾ | Radhakrishnan Chembra | 1 - 5 |
| 2 | വിദ്യാഭ്യാസത്തിലെ സംവരണവും സാമൂഹീക വ്യവസ്ഥിതിയും | Nisha Francis O | 6- 12 |
| 3 | കൃഷ്നാട്ടത്തിലെ ഭാഷസവിശേഷത | Manoj Manoharan | 13 - 20 |
| 4 | വിദ്യാഭ്യാസ കച്ചവടം- കാലഘട്ടങ്ങൾ, സമീപനങ്ങൾ | Akhila Raj. K | 21 - 28 |
| 5 | സമകാലീക കേരളത്തിൽ മദ്യപാനത്തിന്റെ പ്രസക്തി | Ancy K.P | 29 - 35 |
| 6 | സംസ്കാരവ്യവസായത്തിന്റെ പ്രവർത്തനങ്ങൾ: ഓണാഘോഷം മുൻ നിർത്തിയുള്ള പഠനം | C Ganesh | 36 - 47 |

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: ISSN Print



# വി.കെ.ഗോവിന്ദൻ നായരുടെ കവിതകൾ

Radhakrishnan Chembra, Principal, S.N College Kundalassery, Palakkad, Kerala, India.

**Article information**
Received: 3rd January 2025
Received in revised form: 12th February 2025
Accepted: 5th March 2025
Available online:28th April 2025
Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15302028

**Abstract**
This article reveals the characteristics of V.K.G's poetry. It highlights the linguistic features and literary excellence of V.K.G's poems. V.K.G, the poet from Valluvanadu, has incorporated the cultural grandeur of his land into his poetry. V.K.G is a poet who sincerely worked to nurture the Malayalam language. The poetic qualities of vrttam, vrtti, rīti, pākam, guṇam, and alaṅkāram make his poems exemplary. He never attempts to portray a false grandeur. Through his collection of free verse poems, Illāthāṉa Mēni Nattaṟikkāṟu, V.K.G established a permanent place in the literary world. His poems are distinguished free verses due to his unparalleled mastery in wordplay and pure imagination. V.K.G is also known for his humility. He uses harsh and intense words in his poetry. His writing style, which never loses its sense of humor, is uniquely original. He selects, refines, and arranges words beautifully, creating a harmonious effect. These characteristics have earned his works the Kerala Sahitya Akademi Award and the Odaykkuzhal Award. It is believed that V.K.G opened up the inner core of Malayalam poetic aesthetics. The simplicity of language can be seen throughout his poetry. He transforms the experiences of others into his own and expresses them creatively in his poems.

**സാരാംശം**
ഈ ലേഖനം വീ കെ ജി കവിതകളുടെ സവിശേഷതകൾ വെളിപ്പെടുത്തുന്നു. വി.കെ.ജി. കവിതകളുടെ ഭാഷാ സവിശേഷതകളും സാഹിത്യ മേന്മകളും എടുത്തുകാണിക്കുന്നുണ്ട്. വള്ളുവനാടൻ കവിയായ വികെജി തന്റെ ദേശത്തിന്റെ സാംസ്കാരിക മഹത്വം കവിതകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ച കവിയാണ് വി.കെ.ജി. വൃത്തം, വൃത്തി, രീതി ,പാകം, ഗുണം, അലങ്കാരം, എന്നീ കാവ്യ ഗുണങ്ങൾ അദ്ദേഹത്തിൻറെ കവിതകളെ ഉത്തമോത്തമങ്ങളാക്കുന്നു. ഇല്ലാത്ത മേനി നടിക്കാൻ അദ്ദേഹം ശ്രമിക്കാറില്ല. അവിൽപൊതി എന്ന ഒററകവിതാ സമാഹാരത്തിലൂടെ വികെജി സാഹിത്യ ലോകത്ത് സ്ഥിരപ്രതിഷ്ഠിതനായി. അവികലമായ വാഗർത്ഥനൈപുണ്യം കൊണ്ടും കേവലമായകല്പനാവൈഭവം കൊണ്ടും വികെജി കവിതകൾ വിശിഷ്ട മുക്തകങ്ങളായി. വിനയാന്വിതനാണ് വികെജി .രൂക്ഷവും മൂർച്ചയേറിയതുമായ വാക്കുകൾ അദ്ദേഹം കവിതകളിൽ പ്രയോഗിക്കുന്നു. നർമ്മബോധം കൈവിടാത്ത അദ്ദേഹത്തിൻറെ രചനാരീതി അനന്യ സാധാരണം തന്നെ. ഉചിതപദങ്ങൾ ചെത്തി മിനുക്കി കൂർപ്പിച്ച് ഭംഗി വരുത്തി വേണ്ടവിധം വിളക്കിച്ചേർക്കുന്ന രീതിയാണ് അദ്ദേഹത്തിന്റേത്. ഈ പ്രത്യേകതകൾ കൊണ്ട് അദ്ദേഹത്തിന്റെ കൃതികളെ സാഹിത്യ അക്കാദമി അവാർഡും ഓടകുഴൽ പുരസ്കാരവും നേടാൻ പ്രാപ്തമാക്കി. മലയാള കവിത കലാതത്വത്തിന്റെ ഉള്ളറ തുറന്നു കണ്ടത് വി കെ ജി യിലൂടെയാണെന്ന് തോന്നുന്നു. ഭാഷാ ലാളിത്യം കവിതയിൽ ഉടനീളം കാണാം. പരാനുഭൂതികളെ സ്വാനുഭൂതികളാക്കി ആവിഷ്കരിക്കുകയാണ് കവിചെയ്തിരിക്കുന്നത്.

**പ്രധാന വാക്കുകൾ :** ആത്മാവിഷ്കാരം, വസ്തുതാപരമായ കവിതകൾ, കാവ്യ ഗുണങ്ങൾ, ആധുനിക കവിത , സ്വന്തം പരിമിതികൾ, വിചാരത്തിന്റെ സങ്കീർണത, അമൃതമയമായി, അവിൽ പൊതി, ചിറകുവെച്ച വാക്കുകൾ, അക്ഷരശ്ലോകങ്ങളിൽ വാഗർത്ഥനൈപുണ്യം, പ്രപഞ്ച സൗന്ദര്യ ഭോക്താവായി, താത്വികവും കലാപരവുമായ അന്തസത്ത, മാനുഷിക ബന്ധങ്ങൾ, ശയ്യാ സൗഭാഗ്യം, പ്രയോഗ രസികത്വം, വിനയാന്വിതൻ, ഫലിതരസം, ഭൗതിക ജീവിതത്തിന്റെ മാധുര്യം, ഭാഷാ ലാളിത്യം, അർത്ഥഗാംഭീര്യം, കാവ്യ വ്യാപാരം.

## ആമുഖം

മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ച കവിയാണ് വടശ്ശേരി കിഴക്കേതിൽ ഗോവിന്ദൻ നായർ. മലയാളകവിതയുടെ ഒരു ഉജ്ജ്വലപരിവർത്തനതതിന് ശ്രമം നടത്തുകയാണ് അദ്ദേഹം ചെയ്തത്. വള്ളുവനാടൻ മണ്ണിൻറെ ഗന്ധവും അവിടുത്തെ ജനതയുടെ ഹൃദയസ്പന്ദനവും വി.കെ.ജി കവിതകളിൽ അനുവഭവേദ്യമാണ്. സാമാന്യജനതയുടെ ഹൃദയമറിഞ്ഞ കവിയാണദ്ദേഹം. ശുദ്ധഗീതി കലയിലൂടെ അതിന് ഉചിതമായ മധുരപദങ്ങളിൽ പൊതിഞ്ഞ് ആത്മനിഷ്ഠത തായേ്വരായി തെല്ലും കൃത്രിമത്വം പ്രതിപാദനത്തിൽ വരുത്താതെ ലളിതമായും പ്രസന്നമായും കാവ്യരചന സാധിച്ചതാണ് ഗോവിന്ദൻനായരുടെ ജനസമ്മതിക്ക് നിദാനം.

വി.കെ.ജി.യിലെ കവിയും മനുഷ്യനും ഒന്നുതന്നെ. അവ മാറ്റി നിർത്താനാവില്ല. ആ മനുഷ്യൻ തന്നെ കവി, ആ കവി തന്നെ മനുഷ്യനും- വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ഈ വി.കെ.ജി പരാമർശം അക്ഷരംപ്രതി ശരിതന്നെ. വി.കെ.ജിയുടെ കവിതകളിൽ ആതമാവിഷ്കാരത്തിനാണ് മുൻളുക്കമെങ്കിലും വസ്തുതാപരമായ കവിതകളും വിരളമല്ല. കവികളുടെ ലോകത്തിലേക്ക് അദ്ദേഹത്തിൻറെ ഭാവനയെ കൃത്രിമമായി ഉയർത്തുകയോ അവിടെയുള്ള കൽപനാവൈചിത്യങ്ങളെ കൃത്രിമമായി സ്വായത്തമാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടില്ല.

വൃത്തം, വൃത്തി, രീതി, ശയ്യ, പാകം, ഗുണം, അലങ്കാരം എന്നീ കാവ്യഗുണങ്ങൾ വി.കെ.ജി കവിതകളെ ഉത്തമോത്തങ്ങളാക്കുന്നു. കാവ്യദേവതയെ തുയിലുണർത്തുന്ന ഈ നൂതന കവനസമ്പ്രദായം മലയാളകവിതക്കും മലയാളകവികൾക്കും വിപ്ലവാത്മകമായ ഒരു ദശാസന്ധിയെ വാദാനം ചെയ്യുന്നു. എല്ലാം പുല്ലാങ്കുഴൽ പോലെ യാലലോലം മുന്തിരിച്ചാറുപോലെ മധുരമധുരം എന്നും കോണമില്ലാത്ത വടിവൊത്തുരുണ്ടു തിളങ്ങുന്നവയും കവി പ്രതിഭയിൽ നിന്ന് അനായാസമായി നിർഗ്ഗളിച്ചവയെന്ന് തോന്നിക്കുന്നവയുമായ വി.കെ.ജി ശ്ലോകങ്ങൾ ഓരോന്നും ദീർഘവും നിശബ്ദവുമായ സാധനയുടെ പരിണതഫലങ്ങളാണെന്ന് എൻ.വി. കൃഷ്ണവാരിയർ വിലയിരുത്തുന്നു.

സ്വന്തം പരിമിതികളെന്തെല്ലാമെന്ന് കൃത്യമായി അറിയുന്ന കവിയാണ് വി.കെ.ഗോവിന്ദൻനായർ. ഇല്ലാത്ത മേനി നടിക്കാൻ അദ്ദേഹം ശ്രമിക്കാറില്ല. “ആധുനിക കവിതയുടെ ചുവടു പിടിച്ചെഴുതാൻ എനിക്ക് സാധിച്ചിട്ടില്ല” എന്നദ്ദേഹം ഉറന്ന സമ്മതിച്ചിട്ടുണ്ട്. സാഹിത്യം ഏതുകാലത്തേതായാലും അതിന്റെ കലാപരമായ രസികത്വങ്ങളും ജീവിതസംബന്ധികളായ മൂല്യങ്ങളും സംവേദനം ചെയ്യാനും അവയിൽ മുഴുകാനും കഴിയണം. അത്തരത്തിലുള്ള ഒരു കറ കളഞ്ഞ കാവ്യോപാസനയ്ക്ക് വി.കെ.ജി ക്ക് കഴിഞ്ഞിരിക്കുന്നു. വി.കെ.ജി കവിതകളെ പഴഞ്ചനെന്ന് വിളിച്ചാക്ഷേപിക്കുന്നവർ ഇളനീരോ മുന്തിരിച്ചാറോ നിറഞ്ഞുനിൽക്കുന്ന ആ ചെമ്പൊൽക്കുടത്തിന്റെ വിലയറിയാത്തവരാകാനേ ഇടയുള്ളൂ.

വിചാരത്തിൻറെ സങ്കീർണ്ണത അതിന്റെ പാരമ്യത്തിലും ആനന്ദത്തിലും പ്രകാശിപ്പിക്കാവുന്നത് സാഹിത്യത്തിലൂടെ മാത്രമാണ്. വികാരത്തിൽ കിളിർത്ത് അതിൽതന്നെ വളർന്ന് അതിനെത്തന്നെ വളർത്തുന്നതാണല്ലോ ശുദ്ധകല. വി.കെ.ജി.യുടെ കവിതകൾ ഈ പ്രസ്താവത്തെ സാധൂകരിക്കുന്നുണ്ട്. സ്വന്തം നാടിന്റെ തനിമ കവിതയിൽ പകർത്തിക്കൊണ്ടാണ് വി.കെ.ജി അദ്ദേഹത്തിനന്റെ വീണയുടെ

തന്ത്രികൾ മീട്ടിയത്. സാധാരണക്കാരുടെ ശ്രദ്ധയിൽപെടാത്ത കാര്യങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ച് ഒരെത്തുപിടിയും കിട്ടാത്ത ചില മോഹനതന്ത്രികളിലേക്ക് ഈ ഗന്ധർവ്വഗായകന്റെ ലോലായതങ്ങളായ വിരലുകൾ തെരുപിടിച്ച് ചെല്ലുന്നു. അങ്ങനെ നമ്മുടെ മലയാണ്മ മറന്നുകിടന്ന വിചിത്രങ്ങളും വിശ്വവശ്യങ്ങളുമായ അനേകമനേകം ഗാനങ്ങൾ ആ കവിയുടെ തൂലികയിൽ നിന്നും ഗാനപ്രിയരും കാവ്യപ്രേമികളുമായ മലയാളികളുടെ കർണ്ണങ്ങളിൽ അത് അമൃതായി ചൊരിയുന്നു. സ്വന്തം ഗ്രാമവും അനങ്ങൽ മലയും തെരുവും പട്ടണവുമെല്ലാം കാവ്യത്തിന് അദ്ദേഹം വിഷയമാക്കിയിട്ടുണ്ട്.

വി.കെ.ജി ജോലിയിരുന്ന കാലത്ത് എഴുതിയ കവിതകളാണ് പിന്നീട് 'അവിൽപൊതി' എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. സഹജമായ വിനയത്താലും പ്രസിദ്ധി വൈമുഖ്യത്താലും വി.കെ.ജിയെ അധികമാരും അറിഞ്ഞിരുന്നില്ല. ഗോവിന്ദൻ നായരുടെ കവിതകളെ "ചിറകുവെച്ച വാക്കുകൾ" എന്നാണ് എൻ.വി പറഞ്ഞിരിക്കുന്നത്. അക്ഷരശ്ലോകങ്ങളിൽ ചൊല്ലാനുതകിയ ശ്ലോകങ്ങൾ എഴുതിയതുകൊണ്ടാകാം അദ്ദേഹത്തെ ഒറ്റശ്ലോകങ്ങളുടെ കവി എന്ന് വിളിച്ചിവന്നത്. ഷഷ്ടിപൂർത്തിക്കുശേഷമാണ് എൻ.വി.യെപ്പോലുള്ള സുഹൃത്തുക്കളുടെ സമ്മർദ്ദത്തിന് വഴങ്ങി ഒരു കവിതാസമാഹാരം പുറത്തിറക്കുന്നത്.

അവികലമായ വാഗർത്ഥനൈപുണ്യം കൊണ്ടും കേവലമായ കല്പനാവൈഭവം കൊണ്ടും സുസൂക്ഷ്മമായ ജീവിനിരീക്ഷണം കൊണ്ടും വി.കെ.ജിയുടെ കവിതകൾ വിശിഷ്ടമുക്തകങ്ങളായി രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിൻറെ അനായാസമായ കാവ്യവ്യാപാരവും അതിശയിപ്പിക്കുന്ന വൈവിധ്യവും വൈപുല്യവും അവയിലെ ഗുണനിലവാരവും സഹൃദയരിൽ അത്ഭുതമുളവാക്കുന്നു.

അവിൽപ്പൊതിയെന്ന കവിതാസമാഹാരം കൊണ്ട് വിഖ്യാതനായി തീർന്ന വി.കെ.ജി പരമഭക്തനായ ഒരു കവികൂടിയാണ്. ഒ ഭക്തി പ്രപഞ്ചസൗന്ദര്യഭോക്താവായും ഈശ്വരപാദങ്ങളിൽ ലീനചിത്തനായും ഏകകാലത്ത് പ്രത്യക്ഷപ്പെടുന്നു. അവിൽപൊതികളുടേയും തത്തുല്യങ്ങളായ ഇതരകവിതകളുടേയും താത്ത്വികവും കലാപരവുമായ അന്തഃസത്ത പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതാണിത്.

ഗുരുവായൂർഭക്തന്റെ ആവലാതി എന്ന കവിതയിലെ ഈ ഭാഗം നോക്കുക.

"വാകചാർത്തിനു വല്ലവണ്ണവുമുണ-
ന്നെത്തുമ്പോഴേക്കമ്പലം
മാകന്ദാശുഗമനദണ്ഡമഹിളാ-
മാണിക്യമാലാഞ്ചിതം
വാകപ്പൂമ-ദ്ദുമെയ്യു മെയ്യിലുരസു-
മ്പോഴെന്റെ ഗോപീജന-
ശ്രീകുമ്രസ്തനകുങ്കുമാങ്കിത, മന-
സ്സോട്ടുന്നു വല്ലേടവും."

എത്ര സൂക്ഷ്മവും ആത്മാർത്ഥവുമായ പ്രതിപാദനം. ഭാവങ്ങളുടെ വൈവിധ്യവും നിർമ്മാണത്തിന്റെ വൈചിത്ര്യവും പദപമ്പര വാർന്നുവീഴുന്നതിന്റെ യത്നരാഹിത്യവും തെളിയിക്കാൻ ഉദാഹരണങ്ങൾ ഏറെ നൽകേണ്ടതില്ല.

ഇഷ്ടദേവതയുമായി കവി പുലർത്തുന്ന നിരവധി മാനുഷികബന്ധങ്ങളുടെ സമ്പ്രദായമാണ് അവിൽപൊതിയിലും മറ്റും കാണുന്ന സവിശേഷത. വി.കെ.ജിയുടെ മുകതസമാഹാരമായ മുത്തുകളിലാണ് ഇതേറ്റവും കൂടുതൽ തെളിയുന്നത്. ആ മാണിക്യചെപ്പുകളോരോന്നും രചനാസൗകമാര്യവും ശയ്യാസൗഭാഗ്യവും പ്രയോഗരസികത്വത്തിന്റെ അനന്യസാദൃശ്യവും കൊണ്ട് മനോരഞ്ജകമായി അനുഭവപ്പെടുന്നു. ഉദാഹരണസമൃദ്ധി ഉദ്ധരിക്കാനുള്ള കൗതുകത്തെ ദീർഘഭയം നിയന്ത്രിച്ചുകളയുകയാണിവിടെ. അദ്ദേഹത്തിന്റെ സംസ്കൃതവൃത്തത്തിലുള്ള ശ്ലോകങ്ങൾ ദ്രാവിഡവൃത്തങ്ങളിലെ കവിതകളേക്കാൾ മേന്മ അവകാശപ്പെടാവുന്നതത്രെ.

രതിയുടെ അനേകം അവസ്ഥാന്തരങ്ങൾ , പ്രകൃതിയുടെ വിവിധ ഭാവപകർച്ചകൾ, ജീവിതഗതിയെക്കുറിച്ച് കവി മനസ്സിൽ തോന്നുന്ന വിചാരതരംഗങ്ങൾ , രസികഹൃദയങ്ങളെ പിടിച്ചുലയ്ക്കുന്ന മനുഷ്യസ്വഭാവത്തിലെ വിരോധാഭാസങ്ങൾ എന്നിവയെല്ലാം "ഉല്ലാസയാത്രയ്ക്കിറങ്ങിയ ഒരു കൊതുമ്പുവള്ളം തുഴയുന്ന ലാഘവത്തോടെ കവിതയാക്കി മാറ്റുന്ന നൈസർഗ്ഗിക വൈഭവം " അഭിനന്ദനാർഹം തന്നെ. സ്മരണകൾ, അർച്ചനാഗീതങ്ങൾ, കഥാഖ്യാനങ്ങൾ, സമകാലിക സംഭവപരാമർശങ്ങൾ എന്നിങ്ങനെ വിവിധ വിഷയങ്ങൾ അദ്ദേഹത്തിന്റെ കവിതയിൽ ഉൾപ്പെടുത്താറുണ്ട്.

വിനയാന്വിതനാണ് വി.കെ.ജി എന്ന് സൂചിപ്പിച്ചുവല്ലോ. അവിൽപ്പൊതി എന്ന സമാഹാരത്തിന്റെ പ്രകാശനയോഗത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ തന്നെ നോക്കൂ. "മുറ്റത്തെ പെയ്ത്തുവെള്ളത്തിൽ താൻ വിട്ട കടലാസുതോണികൾ പെരുംകപ്പലാണെന്ന് പറഞ്ഞ് തന്നെ ഭ്രമിപ്പിച്ചിരിക്കുന്നു" എന്നാണദ്ദേഹത്തിന്റെ പരാതി. അവിൽപൊതിയുടെ രണ്ടാം പതിപ്പിറങ്ങുന്ന വേളയിലാകട്ടെ അദ്ദേഹം പറയുകയാണ് "പ്രസാദിപ്പിക്കാൻ പ്രയാസമുയള്ള ഒരദ്ധ്യാപകന്റെ പരിശോധനയ്ക്ക് ഒരു പ്രബന്ധം സമർപ്പിച്ച് അടുത്തുനിന്ന് കിടിലം കൊള്ളുന്ന ഒരു വിദ്യാർത്ഥിയായിട്ടാണ് അന്ന് ഞാനെന്നെ കണ്ടത് ". അദ്ദേഹത്തിന്റെ എളിമ പ്രകടിപ്പിക്കുന്നതിന് ഇതിൽക്കൂടുതൽ ഉദാഹരണങ്ങൾ ആവശ്യമില്ലെന്ന് കരുതുന്നു.

വി.കെ.ജിയുടെ കവിതയുടെ മൂർച്ചയേറിയ കുന്തമുന ഏറ്റാൽ പകച്ചുപോകാത്തവർ ഏറെ കാണാനിടയില്ല . അത്രയ്ക്ക് രൂക്ഷവും മൂർച്ചയേറിയതുമായ വാക്കുകൾ അദ്ദേഹം പ്രകടിപ്പിക്കാറുണ്ട്. നാട്ടിൻപുറത്ത് വളർന്ന പെൺകുട്ടി , ഡൽഹിയിൽ ജോലിയുള്ള ഭർത്താവാഗ്രഹിക്കുന്ന പോലെ സൊസൈറ്റി ലേഡി ആകുന്നില്ലെന്ന് ആക്ഷേപിച്ച് വീട്ടിൽകൊണ്ടുവന്ന് നിർത്തി തിരിച്ചുപോയി. ഇതിൽ രോക്ഷാകുലനായ വി.കെ.ജി മരുമകന് കവിതയിലയച്ച കത്ത് ഉദാഹരമായി ഉദ്ധരിക്കട്ടെ.

ചില്ലിക്കാശുമുടക്കിടേണ്ട മുതലായ് സമ്പാദ്യമുണ്ടാരേയും
ചൊല്ലിപ്പാടുപെടേണ്ടിവരില്ല മദനൻ തല്ലില്ല നാലഞ്ചുനാൾ
തള്ളാം പിന്നെ വധു ജനത്തിനഴകില്ലെന്നോർത്ത് നാടുവിടാം
കല്യാണകൃഷിയിങ്കൽ ഇത്ര വിളവുണ്ടെന്നാരറിഞ്ഞു പുരാ-
സർവ്വം നിന്നിൽ സമർപ്പിച്ചൊരു കുലവധുവിൻ ചുടുകണ്ണീരുവേണോ
ഭവ്യത്വം പൂണ്ടുനേടാൻ  കരുതിയസുഖസൗധത്തിൽ വാർണ്ണീഷടിക്കാൻ
നിർവ്യാജം നിന്നെ വേട്ടാത്തരുണിയെ വെടിയാൻ കാരണം
ചീർത്തുപൊങ്ങും ഗർവ്വോ ദ്രവ്യേഛയോ ചൊല്ലുക
പരവനിതാലംബടത്വപുളപ്പോ ?

കത്തുകിട്ടിയ ഉടനെ മരുമകൻ വീട്ടിലെത്തി ഭാര്യയെ വിളിച്ചുകൊണ്ടുപോവുകയും ചെയ്തു. ഫലിതരസം തുളുമ്പുന്ന സംഭാഷണശൈലികൊണ്ട് ഗോവിന്ദൻ നായരുടെ കവിതകളുടെ മറ്റൊരു വിശിഷ്ടത്വം നർമ്മം കലർത്തിയുള്ള  സംഭാഷണവും കവിതയിലെ ആകർഷണീയതയും അദ്ദേഹത്തിന് വലിയൊരു സുഹൃദ്സംഘത്തെ തന്നെ നേടികൊടുത്തു. സമകാലീനരായിരുന്ന കവികളും സാഹിത്യകാരന്മാരും വി.കെ.ജിയുമായി നല്ല അടുപ്പത്തിലായിരുന്നു. നർമ്മബോധം കലർത്തിയ അദ്ദേഹത്തിൻറെ കവിതകളിൽ നിന്ന് ചില വരികൾ പരിശോധിക്കാം.

ത്വക് രോഗവ്യഥയാൽ അവിശ്രമചലൻ
പ്രക്ഷീണമെൻ കൈത്തലം
വ്യഗ്രം ദുർഗ്രഹജീവിതാദ്ധ്യയന
കാഠിന്യപ്രഭാന്തം മനം
സ്വർഗ്ഗം തന്നെ തരാൻ ഭവൽകൃപ കനിഞ്ഞാലും
കരം നീട്ടുവാൻ ദുർഗ്ഗേ ദുഷ്കരം
ഉദ്ഗതിയ്ക്ക് ഹൃദയം നില്ക്കുന്നതില്ലൊന്നിലും

ചൊറി ബാധിച്ച് കഷ്ടപ്പെടുന്ന സമയത്തും.

നർമ്മബോധം കൈവിടാത്ത അദ്ദേഹത്തിന്റെ രചനാരീതി അനന്യസാധാരണം തന്നെ. ഭൗതികജീവിതത്തിന്റെ മാധുര്യം നുകർന്നതോടൊപ്പം ആദ്ധ്യാത്മികതയിലേക്ക് കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്ന തത്ത്വമാണദ്ദേഹം പ്രചരിപ്പിച്ചത്. എല്ലാം കൃഷ്ണമയമാക്കാനദ്ദേഹം ശ്രമം കണ്ടെത്തിയിരിക്കുന്നു. ഭാരതീയ സംസ്കാരത്തോട് അഗമ്യമായ അഭിനിവേശമാണ് വി.കെ.ജി.ക്കുണ്ടായിരുന്നത്.

പദങ്ങൾ തിരഞ്ഞെടുക്കുന്നതിലുള്ള ശുഷ്കാന്തിയും ഉചിതപദങ്ങൾ ചെത്തി മിനുക്കി കൂർപ്പിച്ച് ഭംഗി വരുത്തി വേണ്ടവിധം വിളക്കിച്ചേർക്കുന്ന രീതിയാണ് വി.കെ.ഗോവിന്ദൻനായർ സ്വീകരിച്ചത്. ഈ ശൈലി അദ്ദേഹത്തിന്റെ കൃതികളെ  സാഹിത്യ അക്കാദമി അവാർഡും ഓടക്കുഴൽ പുരസ്കാരവും നേടാൻ പ്രാപ്തനാക്കി. മലയാള കവിത കലാതത്ത്വത്തിന്റെ ഉള്ളറ തുറന്നുകണ്ടത് വി.കെ.ജി കവിയിലാണെന്ന് തോന്നുന്നു. കവിതയെ അതിന്റെ ശുദ്ധമായ കലാഭംഗിയിൽ എടുത്തുകാട്ടി സാമാന്യജനതയുടെ ഹൃദയത്തിലേക്ക് പകർന്നുകൊടുത്തതാണ്  അദ്ദേഹത്തിന്റെ വിജയരഹസ്യം.

ഭാഷാലാളിത്യവും പ്രത്യേകതയും രചനയിലുടനീളം പരിലസിക്കുന്നതാണ് വി.കെ.ജി കവിതകളുടെ അനുഭവം. സവിശേഷമായ ഒരു രചനാരീതിയിലൂടെ അത്യുസ്സുറ്റ കവിതകളായി വി.കെജിയുടെ കവിതകൾ ശ്ലാഘിക്കപ്പെടുന്നു. ഭാഷാപരമായ വിജ്ഞാനം അദ്ദേഹത്തിന്റെ കവിതകളിലെ വരികളിൽ പ്രകടമാണ്. ഉചിതപദങ്ങൾ ഉചിതസന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുന്നത് അദ്ദേഹത്തിന്റെ  ഭാഷാപാണ്ഡിത്യത്തിന്റെ തെളിവു കൂടിയാണ്.


വി.കെ.ജി തന്റെ കവിതകളിൽ പരാനുഭൂതികളെ സ്വാനുഭൂതികളാക്കി ആവിഷ്കരിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. കവിയുടെ പ്രതിഭയും ശക്തിയും വ്യുൽപത്തിയും അഭ്യാസവും നിപുണതയും ഇവിടെ നിയമങ്ങളായിത്തീരുന്നു. ശബ്ദാഡംബരത്തിലും അലങ്കാരകല്പനകളിലും ശബ്ദസംസ്കാരത്തിലും ഉപരിതലസ്പർശിയായ പ്രമേയസ്വീകരണത്തിലും അദ്ദേഹത്തിന്റെ ഭാഷാപാണ്ഡിത്യം  ഉപകാരപ്രദമായിട്ടുണ്ട്. ആഴമേറിയ ചിന്ത, സംസ്കാരസുരഭിലമായ ശക്തി, ഭാവരൂപശില്പങ്ങളിൽ  സമതുലിതമായ സംവിധാനം , പദങ്ങളെ ധ്യാനാത്മകമായി സന്നിവേശിപ്പിക്കുന്നതിനുള്ള അനന്യസുലഭമായ ശക്തി, ഉചിതസുന്ദരങ്ങളായ  അലങ്കാരങ്ങൾ ഇവയാൽ വി.കെ.ജി കവിതകൾ സമ്പന്നമാണ്.

അർത്ഥഗാംഭീര്യമുള്ള അമൃതനിഷ്യന്ദികളായ പദങ്ങൾ ശബ്ദാർത്ഥാലങ്കാരങ്ങളോട് ഇണങ്ങിയെങ്കിൽ മാത്രമെ കാവ്യസൗന്ദര്യമുണ്ടാകൂ എന്ന് വി.കെ.ജി.ക്കറിയാമായിരുന്നു. ഹൃദയത്തിൽ തുളുമ്പി നിൽക്കുന്ന വികാരവിചാരങ്ങളെ സൂക്ഷ്മതയോടെ കാവ്യത്തിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ അദ്ദേഹം പൂർണ്ണമായും വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഭക്തിയെന്ന വികാരം അനുവാചകരിലേക്ക് സംവേദനം ചെയ്യുകയെന്നത് അദ്ദേഹത്തിന്റെ കാവ്യാവ്യാപാരത്തിന്റെ ഉദ്ദേശ്യമായിരുന്നു.

**ഉപസംഹാരം**

വി.കെ.ജി സ്വന്തം കാവ്യാവ്യാപാരത്തെക്കുറിച്ച് പറയുന്ന ഈ വാക്കുകളോടെ ഈ പ്രഭാഷണം ഉപസംഹരിക്കാം. “കവിതാദേവതയുടെ പള്ളിത്തേരിന്റെ പിന്നാലെ കുറെദൂരം ഓടിനോക്കി. കിതച്ചുതളർന്ന് ഒരടിപോലും മുന്നോട്ടുപോകാൻ കഴിയാതെ, കടന്നുപോയ പാതയിലെ ഒരു മൈൽകുറ്റിയെ മാർക്കണ്ഡേയൻ ശിവലിംഗത്തെയെന്നപോലെ, കെട്ടിപിടിച്ചു നിൽക്കുകയാണ് ഞാൻ ചെയ്തത് “. ആത്മാർത്ഥതയുടേയും സത്യസന്ധതയുടേയും ആത്മാഭിമാനത്തിന്റെയും സ്വരമല്ലേ ഇവിടെ നിഴലിക്കുന്നത്. വി.കെ.ജി കവിതകളുടെ പ്രസക്തി ഇന്നും മടങ്ങിയിട്ടില്ല. ഗോവിന്ദൻനായരുടെ കവിതകളുടെ ഹൃദയത്തിൽ കൈവെച്ചുനോക്കിയാൽ ഈ ആത്മാർത്ഥതാപ്രകടനമിടിക്കുന്നത് ഏത് ഭാവുകനും അനുഭവപ്പെടും. കാവ്യദേവതയുടെ പൂർണ്ണാനുഗ്രഹം നേടിയ കവിശ്വരനാണ് വി.കെ.ജി.

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: ISSN Print
EDUSCHOOL ACADEMIC RESEARCH & PUBLISHERS



# വിദ്യാഭ്യാസത്തിലെ സംവരണവും സാമൂഹീക വ്യവസ്ഥിതിയും

Nisha Francis O, Assistant Professor, Department of Malayalam, Vimala College (Autonomous), Kerala, India.

**Article information**
Received: 15th January 2025
Received in revised form: 20th February 2025
Accepted: 25th March 2025
Available online: 28th April 2025

Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15332455

**Abstract**

Education is a key factor in laying the foundation for the renaissance of a society. In times when divisions based on caste, religion, and gender prevailed, education played a pivotal role in fostering equality and social justice. Social reforms such as women's empowerment, Dalit upliftment, and the eradication of servitude among marginalized groups were significant outcomes of educational advocacy.In modern times, however, reservation has evolved into a new domain of transformation. The need for reservation now focuses on addressing emerging socio-economic challenges and establishing cultural equilibrium. The shifts brought about by adopting Western educational models and discussions around preserving regional identity play a vital role in this context.This article reviews the contribution of education to social renaissance and examines the necessity and direction of new frameworks for reservation in education.

**സാരാംശം**

വിദ്യാഭ്യാസം ഒരു സമുദായത്തിന്റെ നവോഥാനത്തിന് അടിത്തറയിടുന്ന പ്രധാന ഘടകമാണ്. ജാതിയും മതവും ലിംഗവും അടിസ്ഥാനമാക്കി സാമ്പത്തിക, സാംസ്കാരിക വകഭേദങ്ങൾ നിലനിന്നിരുന്ന കാലങ്ങളിൽ, സമവായവും സാമൂഹിക നീതിയും കൊണ്ടുവരുന്നതിൽ വിദ്യാഭ്യാസം നിർണായക പങ്ക് വഹിച്ചു. സ്ത്രീശാക്തീകരണം, ദളിത് ഉന്നമനം, ഇടുങ്ങിയ വിഭാഗങ്ങളുടെ അടിമത്തം നീക്കുക തുടങ്ങിയ സാമൂഹിക നവോഥാന പ്രക്രിയകൾ വിദ്യാഭ്യാസത്തിന്റെ പ്രചാരണഫലമായിരുന്നു.എന്നാൽ, ആധുനികകാലത്ത് സംവരണം ഒരു പുതിയ പരിവർത്തനമേഖലയിൽ എത്തുകയാണ്. സംവരണത്തിന്റെ ആവശ്യം ഇപ്പോൾ പുതുതായി ഉയർന്നുവരുന്ന സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിലും സാംസ്കാരിക സമവാക്യങ്ങൾ സ്ഥാപിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പാശ്ചാത്യ വിദ്യാഭ്യാസ മാതൃകകൾക്ക് അനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവന്ന വ്യത്യാസങ്ങളും പ്രാദേശിക തന്മയത്വം സംരക്ഷിക്കാനുള്ള ചർച്ചകളും ഇതിൽ പ്രധാനമായ പ്രാധാന്യം വഹിക്കുന്നു.ഈ ലേഖനത്തിൽ, സാമൂഹിക നവോഥാനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് അവലോകനം ചെയ്യുകയും സംവരണത്തിന്റെ പുത്തൻ മാതൃകകളുടെ ആവശ്യകതയും ദിശയും പരിശോധിക്കുകയും ചെയ്യുന്നു.

**പ്രധാന വാക്കുകൾ** : വിദ്യാഭാസത്തിലെ സംവരണം, സാമൂഹിക നവോത്ഥാനം, സംവരണ വർഗീകരണം, സംവരണത്തിലെ സമവാക്യങ്ങൾ.

## ആമുഖം

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ സമ്മർദ്ദപൂർവ്വം തളച്ചിടപ്പെട്ട ഒരു ജനതയുടെ മുന്നോട്ടുള്ള യാത്രയിൽ അവർ നേടിയ വിദ്യാഭ്യാസം വഹിച്ച പങ്ക് വളരെ ശ്ലാഘനീയമാണ്. വിദ്യാഭ്യാസത്തിലൂടെ

വിപ്ലവം എന്ന ആപ്ത വാക്യം യഥാർത്ഥ്യത്തിൽ അന്വർത്തമാകുന്നത് ആ വിദ്യാഭ്യാസം കൊണ്ട് ശാസ്ത്രത്തിനുണ്ടായ വളർച്ചയോ ഉന്നതവിദ്യാഭ്യാസ മേഘലയിലുണ്ടായ മുന്നേറ്റങ്ങളേയോ അടിസ്ഥാന സൗകര്യങ്ങളിലുണ്ടായ ഉയർച്ചയേയോ സാംസ്കാരീകമായ അഭിവൃത്തിയേയോ അല്ല മറിച്ച് അധകൃതരെന്ന് വിശേഷിപ്പിക്കപ്പെട്ട ഒരു ജനതയുടെ സാമൂഹീകവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിനും ഒരു പ്രദേശത്തിന്റെ സാംസ്കാരീകമായ സന്തുലിതാവസ്ഥയിൽ വിദ്യാഭ്യാസം വഹിച്ച പങ്കിനെയും കുറിച്ച് ആകുമ്പോഴാണ് ആ വാക്യം യഥാർത്ഥ്യത്തിൽ അതിന്റെ അർത്ഥതലങ്ങളെ സ്പർശിക്കുന്നത്. വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേവലമായ പുസ്തകങ്ങളെ അടിസ്ഥമാക്കിയുള്ള പഠനമെന്നോ ഒരു തൊഴിലിനു വേണ്ടിയോ നിലനിൽപിനു വേണ്ടിയോ ഒരു വ്യക്തി നേടിയെടുക്കുന്ന കേവലമായ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിയുള്ള പഠനം എന്നതിലുപരി സാമൂഹീകവും സാംസ്കാരികവും സാമ്പത്തീകവുമായ ഒരു സന്തുലിതാവസ്ഥയ്ക്ക് വേണ്ടിയുള്ള പഠനവും ആ വിദ്യാഭ്യാസം കൊണ്ട് ആ ജനതയ്ക്ക് ഉണ്ടാകുന്ന പക്ഷഭേദങ്ങളോ വ്യത്യാസങ്ങളോ അനുഭവപ്പെടാത്ത സമതുലിതമായ പുരോഗതിയും ആയിരിക്കണം ലക്ഷ്യം. ജാതീയമായും വർഗീയമായും പുരാതന കാലം മുതൽ വേർതിരിക്കപ്പെട്ട മനുഷ്യ സമൂഹത്തിൽ ഒരു കാലഘട്ടം വരെ നിലനിന്നു പോന്ന വിവേചനങ്ങളെ നാം ജാതീയമായ സംവരണങ്ങളിലൂടെയും വർഗീയമായ സംവരണങ്ങളിലൂടെയും തന്നെ ഏറെ കുറെ ഏകീകരിച്ചു എന്നു പറയാം. നമ്മുടെ സമൂഹത്തിലൂടെ കടന്നുപോയ മഹാന്മാരായ പല സാമൂഹ്യ പരിഷ്കർത്താക്കളേയും ഇത്തരുണത്തിൽ നമുക്ക് സ്മരിക്കാതെ കടന്നുപോകുവാനാകില്ല.

ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യങ്കാളിയും പോലുള്ള മഹാരഥന്മാർ അതിനായി നടത്തിയ പ്രയത്നങ്ങളാണ് ഏറെ കുറെ സമതുലിതം എന്നു പറയാവുന്ന ഒരു സാമൂഹീക വ്യവസ്ഥതിയിലേക്ക് നമ്മെ കൊണ്ടുവന്നെത്തിച്ചത്. എന്നാൽ ഈ ആധുനീക കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയിൽ നാം നൽകി വരുന്ന സംവരണ വ്യവസ്ഥിതികൾ പൂർണ്ണമായും പ്രായോഗികമാണോ? അവ എത്രത്തോളം ലക്ഷ്യം കണ്ടുവെന്ന് നമുക്ക് ഉറപ്പിക്കാനാകും? മുന്നോട്ടുള്ള പ്രയാണത്തിൽ സാമൂഹീകമായ സന്തുലിതാവസ്ഥയെ ഇത് എത്രത്തോളം സാധുകരിക്കും? ഗുണങ്ങൾക്കപ്പുറം ദോഷപരമായ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഇത് സമൂഹത്തിൽ ഉണ്ടാക്കുന്നുണ്ടോ? പഠനങ്ങൾക്ക് വിധേയമാക്കാം.

## സാഹിത്യ അവലോകനം

വിദ്യാഭ്യാസത്തിലെ സംവരണത്തെ കുറിച്ചുള്ള നമ്മളുടെ പഠനങ്ങൾക്ക് ഏറ്റവും വലിയ ആധാരം നമ്മുടെ ഭരണഘടന തന്നെയാണെന്നു പറയാം. സംവരണങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ചും അതിന്റെ പ്രായോഗിക തലങ്ങളെ കുറിച്ചും ഭരണഘടനാ ശില്പിയായ ഡോ. അംബോദ്കർ തന്നെ സുവ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. രാഷ്ട്രപിതാവയാ മഹാത്മാഗാന്ധി ഹരിജനങ്ങൾക്ക് നൽകേണ്ട പരിഗണനകളെ കുറിച്ചും അവകാശങ്ങളെ കുറിച്ചും തന്റെ ലേഖനങ്ങളിലൂടെ 'യങ് ഇന്ത്യ' യിലും മറ്റും നിരന്തരമായി പ്രതിപാധിച്ചു പോന്നിട്ടുണ്ട്. സമതുലിതമായ വ്യവസ്ഥിതിയെ കുറിച്ചും സാമൂഹീക സമത്വത്തെ കുറിച്ചുമുള്ള മാർക്സിയൻ ചിന്താഗതികളും സംവരണത്തെ കുറിച്ചുള്ള പല പഠനങ്ങൾക്കും ലേഖനങ്ങൾക്കും പ്രചോദനമായിട്ടുണ്ട്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ മേഖലയിലെ സംവരണത്തെ കുറിച്ചുള്ള ഒട്ടനേകം പഠനങ്ങൾ നമുക്ക് ഇന്ന് ലഭ്യമാണ് അതിൽ ചിലത് നമുക്ക് പരിശോധിക്കാം.

നായർ,കെ.ആർ. (1994) എഴുതിയ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായവും സാമൂഹിക സമത്വവും എന്ന ഗ്രന്ഥം, കേരളത്തിലെ വിദ്യാഭ്യാസ സംവരണത്തിന്റെ ചരിത്രപരമായ വികാസത്തെ ആധാരമാക്കി എഴുതപ്പെട്ടതാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സംവരണം കൊണ്ടു വന്ന മാറ്റങ്ങളും, പ്രത്യേകിച്ച് സാമൂഹിക സമത്വത്തിനുള്ള സംഭാവനകളും ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നു. സംവരണ നയങ്ങൾ എങ്ങനെ വിവിധ പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിലൂടെ മുന്നേറ്റം സാധ്യമാക്കിയെന്ന് പുസ്തകം വിശദീകരിക്കുന്നു. സംവരണങ്ങൾ

എങ്ങനെ വിവിധ പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിലൂടെ മുന്നേറ്റം സാധ്യമാക്കിയെന്ന് പുസ്തകം വിശദീകരിക്കുന്നു. സംവരണം പൊതുവിദ്യാഭ്യാസത്തിനും സമൂഹത്തിലെ അവശ വിഭാഗങ്ങൾക്കുള്ള സൗകര്യങ്ങൾക്കും നിർണ്ണായകമായ മാറ്റങ്ങൾ വരുത്തിയതും ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

പണിക്കർ,കെ.എൻ (2007) എഴുതിയ മിഷൻ റഫോമും വിദ്യാഭ്യാസ സംവരണവും: കേരളത്തിന്റെ സാമൂഹിക പരിവർത്തനം എന്ന പുസ്തകം, കേരളത്തിലെ മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളും അവയുടെ സാമൂഹിക ഫലങ്ങളും വിശദീകരിക്കുന്നു. മിഷനറിമാർ കേരളത്തിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പിന്നാക്ക വിഭാഗങ്ങൾക്ക് ലഭിച്ച വിദ്യാഭ്യാസ അവകാശങ്ങൾ ഇത് വായനക്കാർക്ക് അനാവരണം ചെയ്യുന്നു. ഈ സ്ഥാപനങ്ങൾ സംവരണ നയങ്ങളിലൂടെ സമൂഹത്തിലെ ജനങ്ങൾക്കു വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവസരങ്ങൾ എങ്ങനെ വർധിപ്പിച്ചു എന്ന് ഈ പുസ്തകം വിലയിരുത്തുന്നു. ഇതിന്റെ ഫലമായി നടന്ന സാമൂഹിക പരിവർത്തനങ്ങളും വിദ്യാഭ്യാസ മേഖലയിലെ സമത്വപ്രക്രിയയും പുസ്തകം വിശദീകരിക്കുന്നു.

ചന്ദ്രൻ. വി.എം. (2011) എഴുതിയ സംവരണവും വിദ്യാഭ്യാസ പരിഷ്കാരങ്ങളും: കേരളത്തിൽ ക്ഷേമനയങ്ങളുടെ പ്രാധാന്യം എന്ന പുസ്തകം കേരളത്തിലെ ക്ഷേമനയങ്ങളുടെയും സംവരണത്തിന്റെ യും പ്രധാന്യത്തെ ആഴത്തിൽ പരിശോധിക്കുന്നു. ഈ ഗ്രന്ഥം, സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ലഭിച്ച വിദ്യാഭ്യാസ അവസരങ്ങളുടെ പുരോഗതിയെയും അതിന്റെ സാമൂഹിക ഫലങ്ങളെയും കുറിച്ച് പഠിക്കുന്നു. സംവരണനയങ്ങൾ എങ്ങനെ സാമൂഹ്യ നീതിയുടെ ലക്ഷ്യങ്ങൾ പ്രാപിക്കാൻ സഹായിച്ചുവെന്ന് വിശദമായി വിശകലനം ചെയ്യുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ക്ഷേമനയങ്ങൾ നൽകിയ സഹായവും പിന്തുണയും പ്രതിപാദിക്കുന്നതും, അവ എങ്ങനെ സമൂഹത്തിലെ തുല്യതയെ പ്രോത്സാഹിപ്പിക്കുന്നു എന്നതും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട ഈ പഠനം, കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്കുള്ള സംവരണത്തിന്റെ പ്രസക്തയും പ്രാധാന്യവും വ്യക്തമാക്കുന്നു.

കുറുപ്പ്, എം. (2013) എഴുതിയ കേരളത്തിൽ ദളിതർക്കും പിന്നാക്ക വിഭാഗങ്ങൾക്കും ലഭിച്ച വിദ്യാഭ്യാസ സംവരണം എന്ന ഗ്രന്ഥം കേരളത്തിലെ ദളിതരും പിന്നാക്ക വിഭാഗങ്ങളും അവർക്കുവേണ്ടി നടപ്പാക്കിയ വിദ്യാഭ്യാസ സംവരണത്തെ വിശദമായി പഠിക്കുന്നു. ഈ പുസ്തകം, സമുദായങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസ അവസരങ്ങളുടെ പ്രാധാന്യം, അവരുടെ സാമൂഹിക-ആത്മവിശ്വാസം ഉയർത്തുന്നിൽ എങ്ങനെ സഹായകമായിരുന്നു എന്നതിനെ പ്രത്യേകിച്ച് വ്യക്തമാക്കുന്നു. ദളിതർക്കും പിന്നാക്ക വിഭാഗങ്ങൾക്കുമുള്ള സംവരണ നിയമങ്ങൾ എങ്ങനെ നിലവിൽ വന്നു എന്ന് വിവരിക്കുന്നു. അത് ഈ സമൂഹങ്ങൾക്കു നൽകുന്ന വിദ്യാഭ്യാസ നേട്ടങ്ങളും അവർ അനുഭവിക്കുന്ന വെല്ലുവിളികളും ഉൾക്കൊള്ളുന്നു. സംവരണത്തിന്റെ ആനുകൂല്യങ്ങൾ, സാമൂഹിക-സാമ്പത്തിക പുരോഗതിയിലക്ക് സഹായം നൽകുന്നതിന് ശക്തമായ ഒരു പ്രാധാന്യവും നൽകുന്നു എന്നതും, ശാസ്ത്രീയമായ സമീപനം ഉപയോഗിച്ച് കേരളത്തിലെ ദളിതരും പിന്നാക്ക വിഭാഗങ്ങളും ലഭിച്ച വിദ്യാഭ്യാസ വികസന മാർഗ്ഗങ്ങളും ഗ്രന്ഥത്തിൽ വിശദമായി പരിശോധിക്കുന്നു.

രാജൻ, പി,കെ (2015) എഴുതിയ കേരളത്തിലെ വിദ്യാഭ്യാസ സംവരണം: ഒരു സാമൂഹിക പഠനം എന്ന ഗ്രന്ഥം വിദ്യാഭ്യാസ സംവരണത്തിന്റെ സാമൂഹിക പരിവർത്തനങ്ങൾ ഏറെ ആഴത്തിൽ ചർച്ച ചെയ്യുന്നു. ഈ പുസ്തകം, സംവരണങ്ങൾ എങ്ങനെ സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ വിദ്യാഭാസ അവകാശങ്ങൾ ഉറപ്പാക്കുന്നതിൽ സഹായിച്ചു വെന്ന് വിശദീകരിക്കുന്നു. സംവരണ നയങ്ങൾ പൊതുവിദ്യാഭ്യാസത്തിൽ ആനുകൂല്യങ്ങൾ നൽകുകയും, സാമൂഹിക നീതി പ്രാപിക്കാനുള്ള വഴികൾ തുറക്കുയും ചെയ്തതിനെ കുറിച്ചും ഗ്രന്ഥം വിശകലനം ചെയ്യുന്നു. ഫലപ്രാപ്തികൾ എന്ന ധാരണയിലേക്ക് കണക്കുകളും ഉദാഹരണങ്ങളും നൽകുന്ന ഈ പഠനം, സമത്വവും നീതിയും പ്രധാന്യത്തിലേക്കുള്ള മുന്നേറ്റങ്ങൾ എങ്ങനെ സാധ്യമാക്കുന്നു എന്ന് വ്യക്തമാക്കുന്നു. കേരളത്തിലെ സാമൂഹിക

വ്യവസ്ഥിതിയുടെ മാറ്റങ്ങളും, സമുദായങ്ങളുടെ അവസരങ്ങൾക്കായുള്ള സമരങ്ങളും ഗ്രന്ഥത്തിൽ വിശദമായി ഉൾക്കൊള്ളുന്നു.

ശശി, പി, (2018) എഴുതിയ പുസ്തകത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സംവരണത്തിന്റെ ചരിത്രവും അവയുടെ സാമൂഹിക-സാമ്പത്തിക നേട്ടങ്ങളും വെല്ലുവിളികളും വിശദമായി വിലയിരുത്തുന്നു. ഈ പുസ്തകം, സംവരണ നയങ്ങൾ എങ്ങനെ വികസനത്തിൽ സഹായകമായി, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങൾക്ക്, എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിദ്യാഭ്യാസത്തിന് സംവരണങ്ങൾ നൽകിയത് ആഗോളവും പ്രാദേശീകവുമായ സാഹചര്യങ്ങൾക്കനുസരിച്ച് എങ്ങനെ മാറ്റങ്ങൾ വരുത്തി എന്നതിനെ പ്രതിപാദിക്കുന്നു. വെല്ലുവിളികൾ എന്നതിൽ, സംവരണ നയങ്ങൾ നടപ്പാക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങളും അവയെ മറികടക്കുന്നതിനുള്ള വഴികളും ചർച്ച ചെയ്യുന്നു.

## ഗവേഷണരീതി

വിദ്യാഭ്യാസത്തിലെ സംവരണവും സാമൂഹിക വ്യവസ്ഥിതിയും സംബന്ധിച്ച പഠനം വിവരണാത്മക ഗവേഷണ രീതി സ്വീകരിച്ചിരിക്കുന്നു. ഈ രീതിയിൽ സംവരമത്തെ പൊതുവെ ഉള്ള സാമൂഹിക മാറ്റങ്ങൾ, വിദ്യാഭ്യാസത്തൽ ലഭിച്ച നേട്ടങ്ങൾ, വെല്ലുവിളികൾ എന്നിവയെ ആഴത്തിൽ വിശകലനം ചെയ്യുന്നു. ശാസ്ത്രീയമായ സമഗ്രമായ സമീപനം ഉൾപ്പെടെയുള്ള പ്രസ്തുത ഗവേഷണത്തിൽ പ്രാഥമികയും ദ്വിതീയവുമായ ഡാറ്റ ശേഖരിച്ചു. പ്രാഥമിക ഡാറ്റ സമാഹരിക്കാനായി, വെബ് സർവേകൾ, അഭിമുഖങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവ വഴി സമുദായത്തിന്റെ പ്രതികരണങ്ങൾ മനസ്സിലാക്കി. ദ്വിതീയ ഡാറ്റയിൽ, ഇന്ത്യയിലെ വിദ്യാഭ്യാസ സംവരണങ്ങളെ കുറിച്ചുള്ള ഗവേഷണ ലേഖനങ്ങൾ, സർക്കാർ റിപ്പോർട്ടുകൾ, അക്കാദമിക് ജേർണലുകൾ, സമാഹാരങ്ങൾ എന്നിവ ഉപയോഗിച്ചു.

## സാമൂഹീക നവോത്ഥാനം- വിദ്യാഭ്യാസത്തിന്റെ പങ്ക്

സവർണ്ണ വർഗ്ഗത്തിന്റെ മേൽകോയ്മകൾക്കു കീഴിൽ തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമായി മാറിയ ഒരു വലിയ സമൂഹം-കാലം അവരെ അധഃകൃതരെന്നു വിളിച്ചു. പഴയ കാലഘട്ടം തൊഴിലുകളെയും ജീവിത രീതിയേയും അടിസ്ഥാനമാക്കി വർണ്ണങ്ങളെ വിവക്ഷിച്ചപ്പോൾ ചാതുർവർണ്ണ്യത്തിന്റെ നാലു വർണ്ണങ്ങളിലും പെടാതെ പൂർണ്ണമായും തിരസ്കരിക്കപ്പെട്ടവരായിരുന്ന ഗാന്ധി ഹരിജനങ്ങൾ എന്നു വിശേഷിപ്പിച്ച അവർണ്ണ സമൂഹത്തിൽ ബഹു ഭൂരിഭാഗവും. വർണ്ണങ്ങൾ തൊഴിൽ മേഖലകളുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടുവെങ്കിലും പിൽക്കാലത്ത് അധികാരവും സമ്പത്തും കൊണ്ടു നടന്ന സവർണ്ണ സമൂഹം അതൊരു അവകാശമായി മാറ്റുകയും ജന്മിത്തത്തിൻറേയും ശക്തി സമവാക്യങ്ങളുടേയും അകമ്പടിയോടെ കൃഷി പണികളും കൂലിവേലകളും മാത്രം തൊഴിലാക്കിയ അവർണ്ണ സമൂഹത്തെ തങ്ങളുടെ അടിമകളാക്കി മാറ്റുകയും ചെയ്തു. അതിനായി അവർ ഉപയോഗിച്ച ഏറ്റവും വലിയ ആയുധമായിരുന്നു പരമ്പരാഗതമായി അവർക്ക് ലഭിച്ച വിദ്യാഭ്യാസം. സവർണ്ണർ വേദ പഠനം അവരുടെ അവകാശമാക്കി മാറ്റുകയും അവർണ്ണർക്ക് വിദ്യാഭ്യാസം നിഷിദ്ധമാക്കി നിലനിർത്തുകയും ചെയ്തു. അതിലൂടെ വിദ്യാസമ്പന്നരായ തങ്ങൾ ദൈവത്തിന്റെ യും അധികാരത്തിന്റെ യും പ്രതിരൂപങ്ങളാണ് എന്ന് സ്വയം വിളംബരം ചെയ്യുകയും അവർണ്ണർ അടിമകളാവാൻ വിധിക്കപ്പെട്ടവരാണെന്നുള്ള ബോധം അവർക്ക് ഉള്ളിൽ തന്നെ സൃഷ്ടിച്ചെടുക്കുകയും ചെയ്തു.

ആദ്യകാലങ്ങളിൽ അവർണ്ണരുടെ സാമൂഹീക ഉന്നമനത്തിനായുള്ള എല്ലാ പരിശ്രമങ്ങളിൽ നിന്നും അവർ സ്വയം പിൻതിരിഞ്ഞ് നിൽക്കുവാൻ ഈ അറിവില്ലായ്മയും തെറ്റിദ്ധാരണകളും കാരണമായി. സാമൂഹീക പരിഷ്കർത്താക്കളായിരുന്ന ശ്രീനാരായണഗുരു ദേവനും ചട്ടമ്പി സ്വാമികളുമെല്ലാം ഏറ്റവും അധികം നേരിട്ട വെല്ലുവിളിയും അധഃകൃത സമൂഹം നേരിട്ട അറിവില്ലായ്മ തന്നെയായിരുന്നു. ഈ പ്രശ്നത്തിനുള്ള പരിഹാരം എന്ന നിലയിൽ ഗുരുദേവനും സ്വാമികളുമെല്ലാം കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ നിർബന്ധിതരായി. ഇത്തരം വിദ്യാഭ്യാസ

സ്ഥാപനങ്ങളിലൂടെയാണ് ആദ്യകാലങ്ങളിൽ അധഃകൃത സമൂഹം അറിവിന്റെ വെള്ളിവെളിച്ചത്തിലേക്ക് നടന്നു കയറിയത്.

1947 ആഗസ്റ്റ് 14-ാം തിയ്യതി അർധ രാത്രിയിൽ രാജ്യം സ്വതന്ത്രമായ ഇരുട്ടിലും ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ടത് ഹരിജനങ്ങളെ മുൻനിരയിലേക്ക് എത്തിക്കുന്നതിനെ കുറിച്ചും അതിലൂടെ ഈ സമൂഹത്തിനു നൽകേണ്ട വലിയ വെളിച്ചത്തെ കുറിച്ചുമായിരുന്നു. സാമൂഹീകമായും സാമ്പത്തീകമായും പൂർണ്ണമായും തിരസ്കരിപ്പെട്ട ഒരു സമൂഹത്തെ സമ്പത്തച്ചിടത്തോളം വിദ്യാഭ്യാസത്തിനുള്ള ഒരു അനുമതി മാത്രം പ്രായോഗികമാകില്ലെന്നും പാരമ്പര്യമായും സാമ്പത്തീകമായും അഭിവൃദ്ധിയിൽ നിലനിന്നിരുന്ന സവർണ്ണ സമൂഹത്തോടൊപ്പം അവർക്ക് വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ ലഭ്യമായ അവസരങ്ങളുടെ ഒരു പങ്ക് അവർക്കായി വേർതിരിച്ച് നിർത്തേണ്ടത് അനിവാര്യമാണെന്നും നമ്മുടെ ഭരണഘടനാ ശിൽപികൾ കണ്ടെത്തി. അതിന്റെ ഫലമായി രൂപപ്പെട്ടതാണ് തൊഴിൽ വിദ്യാഭ്യാസ മേഖലകളിലെ സംവരണം.

## സംവരണത്തിന്റെ വർഗീകരണം

സംവരണത്തിന്റെ വർഗീകരണം ഭരണഘടന അനുസൃതമാണ്. അത് ജാതീയമായ പിന്നോക്ക അവസ്ഥകളെയും മതന്യൂനപക്ഷ വിഭാഗങ്ങളെയും അടിസ്ഥാനമാക്കിയാണ് പ്രധാനമായും വർഗീകരിച്ചിട്ടുള്ളത്. സ്വാത്ന്ത്ര്യം നേടിയ കാലഘട്ടത്തിലെ ജനസംഖ്യാനുപാതികമായ പിന്നോക്കാവസ്ഥയെ അടിസ്ഥാനമാക്കിയും ഇത് വിഭജിച്ചിരിക്കുന്നു. ഭരണഘടനയെ അടിസ്ഥാനമാക്കിയുള്ള സ്റ്റേറ്റ് അസംബ്ലികൾക്കും ഇതിൽ സ്വതന്ത്ര നിർണ്ണയാവകാശമുണ്ട്. കേരളത്തിൽ പ്രധാനമായും താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഇതിനെ വിഭജിച്ചിരിക്കുന്നു.

- പട്ടികജാതി വിഭാഗങ്ങൾക്കായി 15% സംവരണം നിലവിൽ ഉണ്ട്. ഇതിൽ സാമൂഹീകമായി പിന്നോക്കം നിൽക്കുന്ന ഹരിജൻ, പറയൻ, പുലയ തുടങ്ങിയ വിഭാഗങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു.
- പട്ടികവർഗ വിഭാഗങ്ങൾക്കായി 7.5% നിലവിൽ ഉണ്ട്. പ്രധാനമായും ആദിവാസി വിഭാഗങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു. കേരളത്തിൽ ഇന്ന് നിലവിലുള്ള ഒട്ടുമിക്ക ആദിവാസി വിഭാഗങ്ങളും ഇതിന്റെ പരിധിയിൽ വരുന്നവയാണ്.
- മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി 27% സംവരണം നിലവിൽ ഉണ്ട്. കേരളത്തിലെ പ്രബല വിഭാഗമായ ഈഴവർ, മുസ്ലീം, ക്രിസ്ത്യൻ മത ന്യൂനപക്ഷങ്ങൾ, വിശ്വകർമ്മ, ധീവര സമുദായങ്ങൾ മറ്റ് പിന്നോക്ക ഹിന്ദു സമുദായങ്ങൾ എന്നിവയെല്ലാം ഈ സംവരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- കേന്ദ്രസർക്കാരിന്റെ പുതിയ നയമനുസരിച്ച് 10% സംവരണം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്നവർക്കായി നിജപ്പെടുത്തിയിരിക്കുന്നു. സവർണ്ണർ എന്ന പേരിൽ വേർതിരിക്കപ്പെടുകയും എന്നാൽ വളരെ മോശമായ സാമ്പത്തീക സ്ഥിതിയിൽ ജീവിക്കേണ്ടി വരുകയും ചെയ്യുന്ന ഒരു വലിയ വിഭാഗത്തിനു വേണ്ടിയുള്ള സംവരണമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.
- മറ്റ് സംവരണ മേഖലകളിലായി 3% നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ സൈനീക ഉദ്യോഗസ്ഥരുടെ കുട്ടികൾ, സ്വാതന്ത്രസമര സേനാനികളുടെ കുട്ടികൾ, കായിക താരങ്ങൾക്കായുള്ള സംവരണം, ഭിന്നശേഷിയുള്ളവർക്കായുള്ള സംവരണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.
- മതപരമായ സംവരണം : മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ മതന്യൂനപക്ഷങ്ങൾക്കായി സംസ്ഥാനത്ത് പ്രത്യേകമായ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവരണം മതപരമായ ട്രസ്റ്റുകൾ

നിയന്ത്രിക്കുന്ന ബോർഡുകൾക്കു കീഴിലുള്ള സ്വയം നിർണ്ണയാവകാശത്തിന് ഏറെക്കുറെ വിധേയമാണ്.

## സംവരണം- ആധുനീക സമൂഹത്തിലെ സന്തുലിതാവസ്ഥയും അസന്തുലിതാവസ്ഥയും

സംവരണം അത് വിഭാവനം ചെയ്തത് വ്യക്തമായ ലക്ഷ്യങ്ങളോടെയാണ്. ഒരു കാലഘട്ടത്തിന്റെ ആനുപാതീകമായ വ്യവസ്ഥിതിയോട്, സാഹചര്യത്തോട് തുലനം ചെയ്ത് നിർമ്മിച്ചെടുത്ത സംവരണം ഇന്നത്തെ ആധുനീക സാമൂഹിക വ്യവസ്ഥിതിയിൽ എത്രത്തോളം പ്രസക്തമാണ് എന്നത് ഒരു വലിയ ചോദ്യം തന്നെയാണ്. അത് അതിന്റെ ലക്ഷ്യങ്ങളിലേക്ക് എത്തിയോ ലക്ഷ്യങ്ങൾ നിറവേറ്റിയോ തുടങ്ങിയ കാര്യങ്ങളിൽ ഒന്നും ഒരു സുവ്യക്തമായ വിശകലനത്തിനോ പര്യാപ്തമായ അഴിച്ചു പണികൾക്കോ അത് വിധേയമായിട്ടില്ല എന്നത് സംവരണത്തിന്റെ ഏറ്റവും വലിയ പാളിച്ചകളിൽ ഒന്നായി നിലനിൽക്കുന്നു. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കായി നൽകിയ സംവരണം ഏറ്റവും വലിയ അനിവാര്യത ആയിരുന്നു ഏങ്കിലും ഇന്നും അത് തുടരേണ്ടത് ആവശ്യമാണെങ്കിലും മറ്റ് വിഭാഗങ്ങൾക്ക് നൽകി വരുന്ന സംവരണങ്ങളിൽ പലതും അർഹമായ ദുരുപയോഗങ്ങൾക്ക് വിധേയമാകുന്നതും നമുക്ക് ഇന്നൊരു സ്ഥിരം കാഴ്ചയാണ്. 50 ശതമാനവും അതിൽ അധികവും അവസരങ്ങളെ വിഭജിച്ചെടുക്കുന്ന സംവരണം അനർഹമായ പല കൈകളിലും എത്തുമ്പോൾ അർഹതയും കഴിവുമുള്ള പലരും ഇതേ സംവരണത്തിന്റെ ഇരകളായി മാറ്റി നിർത്തപ്പെടുന്നു എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്.

മതസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന ട്രസ്റ്റുകളിൽ പലതും അവരുടെ സമുദായ അംഗങ്ങൾക്ക് മാത്രം സാമ്പത്തീക അവസ്ഥകൾ നോക്കാതെ പ്രാമുഖ്യം നൽകുമ്പോൾ സംവരണത്തിന്റെ യഥാർത്ഥ്യ മൂല്യങ്ങൾ ഇന്നത്തെ കാലഘട്ടത്തിൽ പ്രായോഗികമാണോ എന്നും ഇന്ന് സാമൂഹീകമായ സന്തുലിതാവസ്ഥയെയാണോ അതിലുപരി അസന്തുലിതാവസ്ഥയാണോ സംവരണം സൃഷ്ടിക്കുന്നതെന്ന് നോക്കി കാണേണ്ടതുണ്ട്.

## സംവരണം-പുതിയ സമവാക്യങ്ങൾ

സംവരണത്തിന്റെ ലക്ഷ്യം സാമൂഹീകമായ സമതുലിതാവസ്ഥ തന്നെയാണ് - തർക്കമില്ല. ജാതീയമായ പിന്നോക്കാവസ്ഥകൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ ഏർപ്പെടുത്തിയ സംവരണം എന്ന നിലയിൽ അത് ഏറെക്കുറെ ജാതീയവും പിന്നെ മതപരവുമായി തന്നെ വിഭജിക്കപ്പെട്ടു എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ സാമൂഹീകമായ സമതുലിതാവസ്ഥകളെ കാറ്റിൽ പറത്തുന്നതിൽ ആധുനീക സമൂഹം എന്ന നിലയിൽ ചിന്തിക്കുമ്പോൾ ഇതേ ജാതീയ സംവരണങ്ങൾ തന്നെ സമൂഹത്തെ വ്യത്യസ്തമായ ജാതികളായി വിഭജിക്കുന്നതായി നമുക്ക് കാണാം. സംവരണം നിലനിൽക്കുന്ന വിഭാഗങ്ങളിൽ തന്നെ അർഹരും അനർഹരും പലപ്പോഴും ഒരേ രീതിയിലാണ് സംവരണത്തിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത്. (സാമ്പത്തീകമായി മുന്നോക്കം നിൽക്കുന്നവരും പിന്നോക്കം നിൽക്കുന്നവരും) സംവരണ വിഭാഗങ്ങളിൽപ്പെടുന്നില്ല എന്ന കാരണം കൊണ്ടു മാത്രം മറ്റു വിഭാഗങ്ങളിൽ പെടുന്ന സാമ്പത്തീകമായി വളരെ പിന്നോക്കം നിൽക്കുന്ന പലരും അർഹരായിരുന്നിട്ടുപോലും അവസരങ്ങളിൽ നിന്നും പുറംതള്ളപ്പെട്ടുപോകുന്നു.

കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവന്നിട്ടുള്ള 10% സാമ്പത്തീക സംവരണം ഇക്കാലയളവിലെ മികച്ച ഒരു ആശയമാക്കി നമുക്ക് കരുതാം. ജാതീയമായ വേർതിരിവുകൾ ഏറെക്കുറെ അസ്തമിച്ചു കഴിഞ്ഞ ഇന്നത്തെ ആധുനീക സമൂഹത്തിൽ സാമ്പത്തീക സംവരണമാണ് അഭികാമ്യം എന്നു പറയാതെ വയ്യ. അതുകൊണ്ട് സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്നവർക്ക് മാത്രം ലഭ്യമാകുന്ന രീതിയിൽ ജാതിഭേദമന്യേ പിന്നോക്ക അവസ്ഥകളെ മറികടക്കാനുതകുന്ന സാമ്പത്തീക സംവരണമാണ് ഇന്നത്തെ കാലഘട്ടത്തിന് പൂർണ്ണമായും അഭികാമ്യം എന്ന് പറയാതെ വയ്യ.

### സംവരണത്തിന്റെ ലോക ജാലകം

ലോകം സംവരണം എന്ന ആശയത്തെ വിഭാവനം ചെയ്ത് സാമൂഹീകമായ സമതുലിതാവസ്ഥ നിൽനിർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. അതിനാൽ തന്നെ ലോകത്തെ മതസംവരണം നിലനിൽക്കുന്ന ചുരുക്കം ചില മത രാഷ്ട്രങ്ങളിലൊഴികെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിൽ നിന്നും സംവരണം എന്ന ആശയം എടുത്തുമാറ്റപ്പെട്ടു കഴിഞ്ഞു. അവസരങ്ങളിലെ സംവരണം എന്നതിലുപരി പൗരന്മാർക്ക് ലഭ്യമാകുന്ന തുല്യമായ അവസരങ്ങൾക്കും അതിലൂടെ വിഭാവനം ചെയ്യുന്ന തുല്യമായ പൗരബോധത്തിനും സാമൂഹ്യനീതിക്കുമാണ് ഒട്ടുമിക്ക ലോകരാജ്യങ്ങളും വികസിത സമൂഹങ്ങളുമെല്ലാം പ്രാമുഖ്യം നൽകുന്നത്. സംവരണം എന്നതിലുപരിയായി ആവശ്യ ഘട്ടങ്ങളിൽ വേണ്ട സാമ്പത്തീക ആനുകൂല്യങ്ങളും സാമ്പത്തീക സുരക്ഷിതത്വവുമാണ് ഒട്ടുമിക്ക രാജ്യങ്ങളിലും നടപ്പാക്കുന്നത്.

### ഉപസംഹാരം

സമത്വസുന്ദരമായ ഒരു ലോകം മനുഷ്യവർഗത്തിന്റെ മനോഹരമായ ഒരു കാഴ്ചപ്പാടാണ്. അതിലേക്കുള്ള പ്രയാണ വഴിയിലെ വലിയൊരു ചവിട്ടുപടിയായിരുന്നു സംവരണം. ഇച്ഛാശക്തിയില്ലാത്ത നേതൃത്വങ്ങളിലൂടെ വികസിച്ച രാഷ്ട്രീയ പ്രീണനങ്ങളിലൂടെ മാത്രം വളർന്ന ഒരു സമൂഹത്തിൽ അത് ലക്ഷ്യങ്ങൾ പൂർണ്ണമായും നേടിയില്ലാ എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. മാറ്റങ്ങൾക്കായുള്ള വൈമുഖ്യങ്ങളിലൂടെ കടന്നുപോകുന്ന ഒരു വ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം അതിന് ലക്ഷ്യങ്ങളിൽ എത്തുക എന്നത് ഏറെകുറെ അപ്രാപ്യം തന്നെയാണ്. അതുകൊണ്ടാണ് വിദ്യാസമ്പന്നർ എന്ന് സ്വയം വിശേഷിപ്പിക്കപ്പെട്ടുമ്പോഴും നമുക്കിടയിൽ സാമൂഹികമായ അന്തഃരിദ്രങ്ങൾ തുടർന്നുപോകുന്നതും നിലനിൽക്കുന്നതും. സാമൂഹീകമായ സമതുലിതാവസ്ഥയെ വിഭാവനം ചെയ്ത മഹാനായ തത്വചിന്തകനായിരുന്ന കാൾമാകസ്. നമുക്ക് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ കടമെടുക്കാം "എല്ലാം മാറ്റങ്ങൾക്ക് വിധേയമാണ്. മാറ്റമില്ലാത്തത് ഒന്ന് മാറ്റം മാത്രം"

സാഹചര്യങ്ങൾക്കും സമയത്തിനും അനുസൃതമായി മാറ്റം ചെയ്യപ്പെടാൻ കഴിയാത്ത നിയമസംഹിതകൾ ഏതൊരു സമൂഹത്തിനും ബാധ്യതയാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ അനിവാര്യവുമാണ്. അതിനെ സഹർഷം സ്വാഗതം ചെയ്യുന്ന ഒന്നാണ് ഒരു പരിഷ്കൃത സമൂഹം.

### റഫറൻസുകൾ


നായർ, കെ.ആർ. *"കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായവും സാമൂഹിക സമത്വം." കേരള വിജ്ഞാന കോശം*, 1994.

പണിക്കർ, കെ.എൻ. *"മിഷൻ റഫോമും വിദ്യാഭ്യാസ സംവരണവും: കേരളത്തിന്റെ സാമൂഹിക പരിവർത്തനം."* കോഴിക്കോഡ്: ഡിസ്കോവറി പബ്ലിക്കേഷൻസ്, 2007.


ചന്ദ്രൻ, വി. എം. *"സംവരണവും വിദ്യാഭ്യാസ പരിഷ്കാരങ്ങളും: കേരളത്തിൽ ക്ഷേമനയങ്ങളും പ്രാധാന്യം."* കോട്ടയം: മലബാർ പബ്ലിക്കേഷൻസ്, 2011.

കുറുപ്പ്, എം. *"കേരളത്തിൽ ദളിതർക്കും പിന്നാക്ക വിഭാഗങ്ങൾക്കും ലഭിച്ച വിദ്യാഭ്യാസ സംവരണം."* കോഴിക്കോഡ്: ഡി. സി. ബുക്സ്, 2013.

രാജൻ, പി. കെ. *"കേരളത്തിലെ വിദ്യാഭ്യാസ സംവരണം: ഒരു സാമൂഹിക പഠനം."* തിരുവനന്തപുര്: സർവസംഗ്രഹം പ്രസ്സ്, 2015.

ശശി, പി. *"കേരളത്തിൽ വിദ്യാഭ്യാസ സംവരണവും ക്ഷേമനീതികളും."* കോട്ടയം: പ്രസാദി പബ്ലിക്കേഷൻസ്, 2018.

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: ISSN Print



# കൃഷ്ണനാട്ടത്തിലെ ഭാഷാസവിശേഷത

Manoj Manoharan, Research Scholar, Department of Kerala Studies, University of Kerala
Kariavattom Campus, Thiruvananthapuram, Kerala, India.

**Article information**
Received: 8th January 2025
Received in revised form: 11th February 2025
Accepted: 12th March 2025
Available online: 28th April 2025

Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15332636

**Abstract**

Krishnanattam is one of Kerala's ancient art forms, offering new avenues for research into its linguistic elegance and cultural significance. This article explores the historical and contemporary contributions of Krishnanattam and evaluates its influence on the cultural stage.The linguistic style of Krishnanattam reflects the unique amalgamation of Manipravalam. Combining the gravity of Sanskrit with the simplicity of early Malayalam, Krishnanattam stands as a remarkable expression of the Manipravalam tradition. Its devotional and literary qualities are distinctly evident in its songs and dialogues.This article examines the literary attributes of Krishnanattam, the nuanced contributions of the Manipravalam style, and the cultural and linguistic grandeur of this art form.

**സാരാംശം**

കൃഷ്ണനാട്ടം കേരളത്തിലെ പ്രാചീന കലാരൂപങ്ങളിലൊന്നാണ്, അതിന്റെ ഭാഷാ സൗന്ദര്യവും സാംസ്കാരിക പ്രാധാന്യവും ഗവേഷണത്തിനുള്ള പുതിയ വഴികൾ തുറക്കുന്നു. ഈ ലേഖനത്തിൽ കൃഷ്ണനാട്ടത്തിന്റെ ചരിത്രപരവും കാലികവുമായ സംഭാവനകൾ വിശദീകരിക്കുകയും, അത് സാംസ്കാരികവേദിയിൽ നൽകിയ സ്വാധീനം വിലയിരുത്തുകയും ചെയ്യുന്നു.കൃഷ്ണനാട്ടത്തിന്റെ ഭാഷാശൈലി മണിപ്രവാളത്തിന്റെ അതുല്യ സംയോജനം പ്രതിഫലിപ്പിക്കുന്നു. സംസ്കൃതത്തിന്റെ ഗൗരവവും പ്രാചീന മലയാളത്തിന്റെ ലാളിത്യവും സമന്വയപ്പെടുത്തിയ മണിപ്രവാള പ്രസ്ഥാനത്തിന്റെ പ്രസാധനമായാണ് കൃഷ്ണനാട്ടം മാറുന്നത്. ഇതിന്റെ ഭക്തിയുടേയും സാഹിത്യശൈലിയുടേയും പ്രത്യേകത, പാട്ടുകളിലും സംഭാഷണങ്ങളിലും വ്യക്തമായി കാണപ്പെടുന്നു.ഈ ലേഖനത്തിൽ കൃഷ്ണനാട്ടത്തിലെ സാഹിത്യഗുണങ്ങളും, മണിപ്രവാളശൈലിയുടെ നർമവുമായ സംഭാവനകളും, ഈ കലാരൂപത്തിന്റെ സംസ്കാരപരവും ഭാഷാപരവുമായ മഹത്തരത്വവും പഠിക്കുന്നു.

**പ്രധാന വാക്കുകൾ : കൃഷ്ണനാട്ടം,** ചരിത്രം, മണിപ്രവാള പ്രാസ്ഥാനം, കൃഷ്ണനാട്ടത്തിലെ സാഹിത്യം, ഭാഷ.

## ആമുഖം

കേരളത്തിലെ എണ്ണമറ്റ കലാരൂപങ്ങളിൽ കലാമേന്മയിലും മനോഹാരിതയിലും മികച്ചുനിൽക്കുന്ന ഒരു കലയാണ് കൃഷ്ണനാട്ടം. ഇതിലെ കലാസൗന്ദര്യസങ്കല്പ വളരെ സമ്പന്നവും

വികസ്വരവും തനതുമായ നമ്മുടെ സൗന്ദര്യാസ്വാദനപാരമ്പര്യത്തേയും ശില്പകലാസ്വാദനത്തെയുമാണ് വിളിച്ചോതുന്നത്. ഭക്തിയുടെ പരിവേഷം ചാർത്തിക്കൊണ്ട് കല അവതരിപ്പിച്ച് ആസ്വാദകരെ ഈശ്വരത്വത്തിലേക്ക് ഉയർത്തുകയെന്നത് ഈ കലയുടെ മുഖ്യസവിശേഷതയാണ്.

കൃഷ്ണനാട്ടം എന്ന ഈ കല കൃഷ്ണാട്ടം, കൃഷ്ണനാടകം എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. കൃഷ്ണനെ സംബന്ധിക്കുന്ന എട്ടുകഥകൾ എന്ന അർത്ഥത്തിലാകാം ഈ പേരിൽ അറിയപ്പെടുന്നത്. കൃഷ്ണനെ സംബന്ധിക്കുന്ന കൃഷ്ണകഥയുടെ ആട്ടം എന്ന അർത്ഥത്തിൽ കൃഷ്ണനാട്ടം എന്നും വിളിക്കുന്നുണ്ട്. കൃഷ്ണാഷ്ടമാണ് യഥാർത്ഥ പേരെന്നും പിന്നീട് പദം ലോപിച്ച് കൃഷ്ണാട്ടം എന്നതായതാകാമെന്നും പി.വി കൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു. കൃഷ്ണനാട്ടത്തെക്കുറിച്ചറിയാൻ കഴിയുന്ന പ്രാചീന ഗ്രന്ഥങ്ങളിൽ മംഗളോദയം പ്രസിദ്ധീകരിച്ച പി.എസ്. അനന്തനാരായണ ശാസ്ത്രികളുടെ പുസ്തകത്തിലാണ് കൃഷ്ണനാടകം എന്ന പേരു പറയുന്നത്.

ക്ഷേത്രാരാധനയുടെ ഒരു ഘടകമായിട്ടാണ് ഭാരതത്തിലെ വിവിധ കലകൾ രൂപമെടുത്തിട്ടുള്ളത്. അവയുടെ ഇതിവൃത്തവും പ്രകടനരീതിയും ക്ഷേത്രങ്ങളുമായി ദേവീദേവന്മാരുടെ കഥകളുമായി അവിഭാജ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. സാഹിത്യത്തേക്കാളും തത്വങ്ങളെ മനസ്സിൽ ഉറപ്പിക്കാനുള്ള കഴിവ് ദൃശ്യകലകൾക്കും, നാട്യ- നാടക- കലാപ്രകടനങ്ങൾ വഴി കാര്യഗ്രഹണം വളരെ സുഗമമായിത്തീരുന്നു. മറ്റ് പ്രക്രിയകളെപ്പോലെ ഭാരതത്തിൽ കലകളും കേവലം വിനോദോപാധിയല്ലാതെ നർമ്മബോധമാർഗ്ഗങ്ങളായാണ് സമുദായത്തിൽ സ്വാധീനം ചെലുത്തിയത്. നാടകങ്ങളിലും നൃത്തങ്ങളിലുമെല്ലാം ഇതിവൃത്തം പുരാണ കഥകളായിരുന്നു. നാനാത്വത്തിൽ നിറഞ്ഞ് നിൽക്കുന്ന ഏകത്വത്തെ കണ്ടറിഞ്ഞ് ജീവിതാനുഭവമാക്കി നമ്മുടെ മനോവ്യാപാരം വഴി പ്രകടിപ്പിക്കാൻ കല, സാഹിത്യം, മതം എന്നിവ ഉപാധികളാണ്.

ഗുരുവായൂരപ്പന്റെ പരമഭക്തനായ മാനവേദരാജ നിർമ്മിച്ച അതിമനോഹരമായ ദൃശ്യഗീതികാവ്യമാണ് കൃഷ്ണനാട്ടം. അഥവാ കൃഷ്ണഗീതി. ശൈലിപരമായി ഈ കല ജയദേവന്റെ ഗീതാഗോവിന്ദത്തോട് സാമ്യം തോന്നിക്കുന്നുണ്ട്. ശ്രീമദ്ഭാഗവതാദികളിൽ വിശദമായി വർണ്ണിച്ചിട്ടുള്ള ശ്രീകൃഷ്ണന്റെ കഥ- അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ- നൃത്തഗീതവാദ്യങ്ങളോട് സമ്മേളിച്ചഭിനയത്തിന് പാകപ്പെടുത്തിയാണ് കൃഷ്ണനാട്ടത്തിൽ നിബന്ധിച്ചിരിക്കുന്നത്. ഉചിതമായ കാവ്യശൈലിയിലൂടെ ഇതിന് ഹൃദ്യതയും ആസ്വാദ്യതയും കൈവരിക്കുന്നതിന് കാവ്യരചയിതാവിന് കൃത്യമായി സാധിച്ചിട്ടുണ്ട്. മാനവേദൻ ഈ കാവ്യത്തിന് കൃഷ്ണഗീതിയെന്നാണ് നാമകരണം ചെയ്തിരിക്കുന്നതെങ്കിലും ദൃശ്യകലാരംഗത്ത് കൃഷ്ണനാട്ടമെന്ന പേരിലാണറിയപ്പെടുന്നത്.

## സാഹിത്യ അവലോകനം

കൃഷ്ണനാട്ടത്തെക്കുറിച്ചുള്ള പഠനത്തിന് ആദ്യം ശ്രദ്ധയിൽ വരുന്ന ഗ്രന്ഥമാണ് പി.സി വാസുദേവൻ ഇളയത് എഴുതി ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരിച്ച കൃഷ്ണഗീതി (കൃഷ്ണനാട്ടം) എന്ന പുസ്തകം കൃഷ്ണനാട്ടതതിന്റെ സാഹിത്യത്തെക്കുറിച്ച് വ്യാഖ്യാനസഹിതം തയ്യാറാക്കിയ സമഗ്രപഠനഗ്രന്ഥമാണ്. ഗുരുവായൂർ ദേവസ്വമാണ് കൃഷ്ണനാട്ടത്തിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. ഭക്തർ വഴിപാടായിട്ടാണ് കൃഷ്ണനാട്ടം ഗുരുവായൂരിൽ നടത്തുന്നത്. ഭക്തജനങ്ങൾ ഭയഭക്തി ബഹുമാനത്തോടുകൂടിയാണ് ഈ കലയെ നിരീക്ഷിക്കുന്നത്.

കൃഷ്ണഗീതിയുടെ രചയിതാവ് മാനവേദൻരാജാവ്, ഭാഗവതം, നാരായണീയം, ഗീതാഗോവിന്ദം എന്നീ കൃതികളെ ആസ്പദമാക്കിയാണ് ഇതിന്റെ രചന നടത്തിയിട്ടുള്ളതെന്നാണ് വിശ്വാസം. ഭാഗവതത്തിലെ ദശമം ഏകാദശം എന്ന സ്കന്ധങ്ങളിൽ പ്രദിപാദിച്ചിട്ടുള്ള ശ്രീകൃഷ്ണ ചരിത്രം കഥയാണ് കൃഷ്ണഗീതിയുടെ ഇതിവൃത്തം.

ഭക്തജനങ്ങളുടെയിടയിൽ വളരെ പ്രസിദ്ധമായിരുന്ന കലയാണ് കൃഷ്ണനാട്ടം. 'എന്റെ മകൻ കൃഷ്ണനുണ്ണി കൃഷ്ണനാട്ടത്തിനു പോകേണം കൃഷ്ണനാട്ടത്തിന് പോയാൽ പോര കൃഷ്ണനായിത്തീരണം' എന്ന സിനിമാഗാനം ഇതിനുദാഹരണമാണ് .

കുഞ്ചൻ നമ്പ്യാരുടെ കൃതികളിലും കൃഷ്ണനാട്ടത്തിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. 'ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമനാട്ടം തുടങ്ങിയാൽ കോട്ടംവരും ദൃഢം' എന്ന തുള്ളൽ ശ്ലോകം ഉദാഹരണമാണ്. എൻ.എസ് രാജഗോപാൽ രചിച്ച കൃഷ്ണനാട്ടത്തിലെ പാട്ട് കൃഷ്ണനാട്ടത്തെക്കുറിച്ച് പഠിക്കുന്നതിന് സഹായകമായ ഒരു പുസ്തകമാണ്.

## ഗവേഷണരീതി

കൃഷ്ണനാട്ടത്തെക്കുറിച്ച് പഠിക്കാൻ ഉപയോഗിച്ചിട്ടുള്ളത് മുഖ്യമായും അഭിമുഖരീതിയാണ്. ഒരു ദൃശ്യകല എന്ന സ്ഥിതിക്ക് മണ്ഡനരീതിയും ഇതിന്റെ പഠനത്തിനായി സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം കൃഷ്ണനാട്ടം കല അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവിടെ വച്ച് ഈ കല നിരവധി തവണ കണ്ടിട്ടുള്ളതാണ്. കലാകാരന്മാരുമായുള്ള സംഭാഷണത്തിൽ നിന്നും ദൃശ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൃഷ്ണനാട്ടം കല അവതരിപ്പിക്കുന്നതിന് അനുവർത്തിച്ചുപോരുന്ന അനുഷ്ഠാനവും ചടങ്ങുകളും കൂടുതൽ വ്യക്തമാക്കുന്നതിനായി കലാകാരന്മാരുമായി നിരവധി തവണ സംഭാഷണം നടത്തിയിട്ടുണ്ട്. കൃഷ്ണനാട്ടം കലയെക്കുറിച്ച് പരിചയസമ്പന്നരായ ആശാന്മാർ വ്യക്തമാക്കിതന്ന ആശയങ്ങളാണ് ഇതിന്റെ മുതൽക്കൂട്ട്. തികച്ചും ഭക്തിപ്രധാനമാണ് ഇതിലെ അവതരണം. കൃഷ്ണനാട്ടം കല കാണുന്ന ഭക്തന്മാരുടെ വിശ്വാസവും ഭക്തിയും എത്രമാത്രമാണെന്നും നിരവധി തവണ അനുഭവവേദ്യമായിട്ടുണ്ട്.

## കൃഷ്ണനാട്ടത്തിന്റെ ചരിത്രവും ഐതിഹ്യവും

കൃഷ്ണനാട്ടത്തിന്റെ ഉല്പത്തിയെക്കുറിച്ച് പല ഐതിഹ്യങ്ങളും പറഞ്ഞു പ്രചരിച്ചിട്ടുണ്ട്. ഗുരുവായൂരിൽ വില്വമംഗലം സ്വാമിയാരും മാനവേദൻ രാജാവും കൂടി താമസിക്കുന്ന കാലം. ഒരു ദിവസം ആ സിദ്ധനോട് രാജാവ് തനിക്കു ശ്രീകൃഷ്ണനെ പ്രത്യക്ഷനാക്കിത്തരണമെന്നപേക്ഷിച്ചുവത്രെ. അപ്പോൾ സ്വാമിയാർ ഭഗവാനോട് ചോദിച്ചിട്ട് മറുപടി പറയാമെന്ന് അരുളിചെയ്തു. അതനുസരിച്ച് പിറ്റേദിവസം തന്നെ സ്വാമിയാർ രാജാവിനോട് മറുപടി പറഞ്ഞു. ഭഗവാൻ അങ്ങേയ്ക്ക് സാക്ഷാത്ക്കാരം നൽകാൻ അനുവദിച്ചിരിക്കുന്നു. ഇലഞ്ഞിത്തറയിൽ കളിച്ചുകൊണ്ടിരിക്കുന്ന ഉണ്ണികണ്ണനെ അങ്ങേയ്ക്കു കാണാം. അതുപ്രകാരം രാജാവിന് ഭഗവത് സാക്ഷാത്കാരം ഉണ്ടായി. ആ കോമളരൂപത്തിന്റെ ദർശനം കൊണ്ടുണ്ടായ ആനന്ദാനുഭൂതിയിൽ രാജാവ് ഉണ്ണിക്കണ്ണനെ ആലിംഗനം ചെയ്യാൻ ഭാവിച്ചപ്പോൾ അത് വില്വമംഗലം പറഞ്ഞിട്ടില്ല എന്നരുളിചെയ്ത് ഭഗവാൻ തിരോധാനം ചെയ്യുകയാണുണ്ടായത്. ആ സമയത്ത് തിരുമുടിയിൽനിന്ന് ഊർന്നുവീണ ഒരു മയിൽപീലി രാജാവിന് ലഭിച്ചു.

രാജാവ് ആ പീലി വെച്ച് ഒരു കിരീടം ഉണ്ടാക്കുകയും അതുപയോഗിച്ച് അഭിനയക്കത്തക്കവിധം കൃഷ്ണഗീതി രചിക്കുകയും ചെയ്തുവെന്നാണ് കഥ. ഭഗവാന്റെ തിരുമുടിയിൽ നിന്ന് താഴെ വീണ ആ മയിൽപീലി ഒരു മനോഹരമായ കലാരൂപത്തിന്റെ ആവിർഭാവത്തിനുള്ള ആഹ്വാനമായിരുന്നു. കൃഷ്ണനാട്ടത്തിൽ പ്രദർശിപ്പിക്കുന്ന ഭക്തിരസത്തിന് ഈ ഐതിഹ്യം വേണ്ടത്ര പിൻബലം നൽകുന്നതാണ്.

ക്രിസ്തുവർഷം 12-ാം ശതകത്തിൽ വംഗദേശക്കാരായ ജയദേവന്റെ ഗീതാഗോവിന്ദം നിർമ്മിച്ചുവെന്ന് കരുതപ്പെടുന്നു. അക്കാലത്ത് ദാരികവധം പോലുള്ള പല പ്രാചീന ദൃശ്യകലകളും കേരളത്തിൽ പ്രചാരം സിദ്ധിച്ചുവന്നിരുന്നു. ഇക്കാലത്തുതന്നെയാണ് ഗീതാഗോവിന്ദം എന്ന മധുരമായ ഗാനകാവ്യം കടന്നുവരാനിടയായതും ആ കാവ്യത്തിന്റെ സംഗീതമാധുര്യം കൊണ്ടാകാം പിൻകാലത്ത് അഷ്ടപദിയെന്നുകൂടി വിളിക്കുന്ന ഗീതാഗോവിന്ദം ഇടയ്ക്ക ചേർത്ത് പാടി കേരളീയ ക്ഷേത്രങ്ങളിൽ ഈശ്വരാരാധനയ്ക്കുക് ഉപയോഗിക്കുന്ന രീതി ആരംഭിച്ചതും.

ഇക്കാലത്ത് തന്നെ ഇന്ത്യയിൽ സാർവ്വത്രികമായിരുന്ന കൂടിയാട്ട സമ്പ്രദായത്തിലുള്ള ദശ്യകലാരൂപം ക്രമേണ വടക്കനിന്ന് ക്ഷയോന്മുഖമായിത്തീരാനും പുതിയ ദൃശ്യകലാരൂപങ്ങൾക്കു വഴിമാറിക്കൊടുക്കാനും, ആരംഭിച്ചുകഴിഞ്ഞിരുന്നു. ജയദേവന്റെ കാലത്തിനും ശേഷം മുസ്ലീം ആക്രമണമണം മുതലായ പല രാഷ്ട്രീയ പരിവർത്തനങ്ങളുടേയും പ്രവാഹത്തിൽപ്പെട്ട് അഷ്ടപദിയാട്ടം ലുപ്തപ്രചാരമയിത്തീർന്നിരുന്നു. പിന്നീട് ക്രി.പി.15 ഉം, 16ഉം നൂറ്റാണ്ടിൽ സ്വാമി ചൈതന്യദേവന്റെ കാലത്തോടുകൂടി വൈഷ്ണവമതത്തിന് നവോത്ഥാനമുണ്ടാകുകയും അതിന്റെ ഫലമായി അഷ്ടപദിയും പോലുള്ള കലകൾ പുൻർസൃഷ്ടിക്കപ്പെടുകയും ഉണ്ടായി.

അഷ്ടപദിയാട്ടത്തിന്റെ മനോഹാരിതയിൽ ആകൃഷ്ടനായ മാനവേദ സാമൂതിരി അഷ്ടപദിയെ അനുകരിച്ച് പദപദ്യസമ്മിളിതമായ കൃഷ്ണഗീതി നിർമ്മിക്കുകയും അതിനെ അഷ്ടപദിയാട്ടത്തിനുപയോഗിച്ചിരുന്ന സങ്കേതങ്ങളുപയോഗിച്ച് കൃഷ്ണനാട്ടമെന്ന ദൃശ്യകലാരൂപത്തിൽ സംവിധാനം ചെയ്യുകയും ചെയ്തിരിക്കാവുന്നതുമാണ്. 1653- ഓടെയാണ് കൃഷ്ണഗീതിയുടെ രചനാകാലമെന്ന് കരുതുന്നു. (പി.സി. വാസുദേവൻ ഇളയത്, കൃഷ്ണഗീതി (കൃഷ്ണനാട്ടം പ്രവേശകം, ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം)) അങ്ങിനെനോക്കുമ്പോൾ അഖിലഭാരതവ്യാപകമായ ഒരു സാംസ്കാരിക നവോത്ഥാനത്തിന്റെ ശക്തിയേറിയ അന്തഃപ്രവാഹത്തിൽ നിന്ന് കലാരംഗത്തിലുണ്ടായ പലതരം നിർമ്മാണപ്രക്രികളിൽ ഒന്നാണ് കൃഷ്ണനാട്ടം എന്ന് കാണുന്നു.

കലാപോഷണത്തിന് കഠിനാദ്ധ്വാനം ചെയ്തിരുന്ന പലരാജാക്കന്മാർ ക്രി.പി. ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലോ ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ തന്നെ കൂടിയാട്ടത്തോട് സാമ്യമുള്ള ഒരു സംസ്കൃതനാടകാഭിനയ രീതി ഉത്തരേന്ത്യയിലുണ്ടായിരുന്നുവെന്നും പിന്നീടത് കേരളീയക്ഷേത്രങ്ങളിലേക്ക് വ്യാപാച്ചിരിക്കാമെന്നും തികച്ചും കേരളീയമായ ആ സംസ്കൃത നാടാകാഭിനയസമ്പ്രദായത്തിന്റെ രൂപം ഉടലെടുത്ത്.ഏകദേശം ഒമ്പതാം നൂറ്റാണ്ടിൽ കുലശേഖരവർമ്മന്റെ കാലത്തായിരിക്കാനും ക്രി.പി.ഒമ്പതു മുതൽ പന്ത്രണ്ടുകൂടിയുള്ള നാലു നൂറ്റാണ്ടുകളിലാണ് ഭാരതത്തിലാകെ പ്രചാരത്തിലായതെന്നും ശ്രീ. എൻ.വി കൃഷ്ണവാരിയർ പ്രസ്താവിക്കുന്നു.

ഈ നാട്യകലയിൽ നിന്ന് ഭാരതത്തിലെ വിവിധഭാഗങ്ങളിലായി പലതരം പുതിയ നാട്യകലാരൂപങ്ങൾ ആവിർഭവിക്കുകയുണ്ടായി. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഉത്തരേന്ത്യയിൽ അഷ്ടപദിയാട്ടം ആവിർഭവിച്ച കാലത്തുതന്നെ കേരളത്തിൽ വികാസം പ്രാപിച്ചുവന്ന കലാരൂപങ്ങളാണ് കൂത്ത് കൂടിയാട്ടം മുതലായവ. ഇവയാകട്ടെ തികച്ചും ഭാരതീയ നാട്യശാസ്ത്രവിധിപ്രകാരം വളർന്നുവന്ന ദൃശ്യരൂപങ്ങളാണ്.

അഷ്ടപദിയാട്ടം കേരളത്തിൽ നടപ്പിലാക്കിയത് സാമൂതിരിയാണെന്ന് 'കൃഷ്ണഗീതി' എന്ന കൃതിയുടെ അവതാരികയിൽ പി.സി മാനവേദൻ രാജ സൂചിപ്പിക്കുന്നുണ്ട്. അഷ്ടപദിയുടെ പ്രചരണത്തിനായി അതിന്റെ ഉപജ്ഞാതാവായ ജയദേവൻ ഭാരതത്തിലുടനീളം സഞ്ചിരുന്നുവെന്ന് കരുതപ്പെടുന്നു.

## മണിപ്രവാളപ്രസ്ഥാനം- ഒരവലോകനം

പ്രാചീന കേരളത്തിലെ ഒരു സാഹിത്യപ്രസ്ഥാനമാണ് മണിപ്രവാളം. മണിയും പ്രവാളവും (മുത്തു പവിഴവും) ചേർന്നത് മണിപ്രവാളം. മണിപ്രവാളത്തിന്റെ ലക്ഷണലീലാതികലക്കാരൻ വിശദീകരിക്കുന്നുണ്ട്. മണിപ്രവാളവും അതിൽ സംഭവിക്കുന്ന അവ്യാപ്തി, അതിവ്യാപ്തി എന്നിവയിലും വളരെയേറെ നിഷ്കർഷയോടെ ഉദാഹരമസഹിതമാണ് ഗ്രന്ഥകാരൻ ഇവിടെ വിവരിച്ചിരിക്കുന്നത്.

ലീലാതിലകത്തിൽ ഒന്നാം സൂത്രത്തിലാണ് മണിപ്രവാളത്തിന്റെ ലക്ഷണം കൊടുത്തിട്ടുള്ളത്. 'ഭാഷാ സംസ്കൃത യോഗോമണിപ്രവാളം' എന്നത്രെ മണിപ്രവാളസൂത്രം. ഭാഷയുടെയും

സംസ്കൃതത്തിൻറേയും യോഗമാണ് മണിപ്രവാളമെന്നാണ് ഇതിനർത്ഥം. ഭാഷ കേരളഭാഷയും സംസ്കൃതം വിഭക്ത്യന്ത സംസ്കൃതവുമാകുന്നു. മണിഭാഷയേയും പ്രവാളം സംസ്കൃതത്തേയും കുറിയ്ക്കുന്നു.

ജനങ്ങളുടെ സാധാരണ സംഭാഷണങ്ങൾ മണിപ്രവാളമാകുന്നില്ല. 'ഭാഷയും' 'സംസ്കൃതവും' ഉണ്ടെങ്കിലും അവിടെ 'യോഗ'മില്ല എന്നതാണതിന് കാരണം. മണി എന്നാൽ രത്നം എന്ന് സംസ്കൃതത്തിൽ അർത്ഥമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പറയുമ്പോൾ വെളുത്തമുത്തും ചുവന്ന പവിഴവും കൂടിച്ചേരുമ്പോൾ വർണ്ണശബളിമകൊണ്ട് ഉണ്ടാകുന്ന ആകർഷകത്വമാണ് ഭാഷ സംസ്കൃതയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നത്. തമിഴിൽ മണിക്ക് പത്മരാഗം എന്നർത്ഥകല്പനയുദ്ദേശിക്കുന്നതിനാൽ പത്മരാഗവും പവിഴവും ഇടകലർത്തി നൂലിൽ കോർത്താൽ ഉണ്ടാകുന്ന വർണ്ണ ഐക്യമാണ് ആകർഷകത്വമാണെന്ന് ഗ്രന്ഥകാരൻ പറയുന്നു.

മണിപ്രവാളത്തിൽ ഭാഷപോലെ അതിപ്രസിദ്ധവും സുകുമാരക്ഷരവുമായ സംസ്കൃതപദങ്ങൾ മാത്രമെ ഉപയോഗിക്കാവൂ. ഭാഷക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളമാണ് ഉത്തമമായിട്ടുള്ളത്. സംസ്കൃതപദങ്ങൾ കുറഞ്ഞുപോയാൽ ഭാഷയ്ക്ക് പ്രാധാന്യം ലഭിക്കും. വാച്യാർത്ഥത്തെ അപേക്ഷിച്ച് രസത്തിനായിരിക്കും പ്രാധാന്യം. ഗുണങ്ങൾ ഉള്ളതും ദോഷരഹിതവും അലങ്കാരത്തോടുകൂടിയതും ആയിരിയ്ക്കണം എന്നത് എല്ലാ തരം മണിപ്രവാളത്തിനും ഒരുപോലെ ബാധകമാണ്.

കൃഷ്ണഗീതിയുടെ സാഹിത്യഭംഗം സംസ്കൃതത്തിലാണുള്ളത്. എങ്കിലും ദൃശ്യഭാഗത്തിൽ മണിപ്രവാളശൈലിയാണ് അനുവർത്തിച്ചുകാണുന്നത്. സംസ്കൃതനാടകാദികളിൽ നിന്നും കൂടിയാട്ടം പോലുള്ള ശാസ്ത്രീയ അഭിനയരീതിയോടൊപ്പം തനിക്കേരളീയവും ഭാഷാപരമായി പ്രാധാന്യമുള്ള ജനകീയ കലകളായ നാടൻകലകളിൽ നിന്നും ചില അംശങ്ങൾ കൃഷ്ണനാട്ടകർത്താവ് സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടാണ് മാനവേദൻ നടനകലയിൽ പുതിയ ഒരു മണിപ്രവാളശൈലിക്ക് രൂപം നൽകിയതെന്ന് പ്രസ്താവിക്കുന്നത്.

## കൃഷ്ണനാട്ട സാഹിത്യവും മണിപ്രവാളശൈലിയും

ശ്രീമദ്ഭാഗവതം, നാരായണീയം, ഗീതഗോവിന്ദം, എന്നീ ഗ്രന്ഥങ്ങളെ അവലംബിച്ചുകൊണ്ട് കൃഷ്ണനാട്ടം സാഹിത്യം നിർമ്മിച്ചിരിക്കുന്നത്. നാരായണീയ സ്തോത്രത്തിലൂടെയല്ലാതെ നേരിട്ട് ഭാഗവതത്തെ അനുസരിക്കുന്ന പല ഭാഗങ്ങളും കൃഷ്ണനാട്ടത്തിലുണ്ട്. രാസക്രീഡയിലെ ഗോപിക, ഗീതം, സ്വയംവരത്തിൽ ഗോപസ്ത്രീകൾ ഉദ്ധവരോടു ശ്രീകൃഷ്ണനെസംബന്ധിച്ച് ആവലാതി പറയുന്ന ഭാഗം, സ്വർഗ്ഗാരോഹണത്തിലെ ഉദ്ധവോപദേശം എന്നിവയെല്ലാം ഉദാഹരണമാണ്.

ആദ്ധ്യാത്മികതയും ഭക്തിയുമാണ് കൃഷ്ണനാട്ടത്തിന്റെ സന്ദേശം, ഭഗവത് സംബോധന ചെയ്ത് കഥപറയുക എന്ന ശൈലി കൃഷ്ണനാട്ടത്തിലുള്ളതു നാരായണീയത്തിന്റെ അനുകരണമാണെന്ന് സ്പഷ്ടമാകുന്നു. കൃഷ്ണനാട്ടത്തിൽ വിഷ്ണുപരമോ കൃഷ്ണപരമോ ആയ സംബോധനയാണ് പതിവ്. കഥാഗതിയിൽ അഭിനയയോഗ്യങ്ങളെ ഭാഗങ്ങളെ വിസ്തരിക്കുകയും അല്ലാത്തവയെ സംക്ഷേപിക്കുകയും ചെയ്യുന്നതാണ്. കൃഷ്ണനാട്ടത്തിലെ ദൃശ്യകാവ്യോചിതമായ വൈധർമ്മ്യം.

കൃഷ്ണഗീതികാവ്യം തികച്ചും സംസ്കൃത ഭാഷയിലാണ് വിരചിതമായിരിക്കുന്നത്. അത്യന്തം ഭാവനാവിലസിതവും, അർത്ഥഗർഭവും ഭക്തിയുടെ മഹത്വം വിളിച്ചോതുന്നതുമാണിതിലെ ശ്ലോകങ്ങൾ. ഉദാഹര ണമായി അവതാരം കഥയിലെ ഒരു ശ്ലോകം കുറിയ്ക്കുട്ടെ.

വ്യസമനോപമ മുദിതമന്ദനം
മറ്റുമനോഗതമധുനാനുനം
പരമമുതോ നതജഗദവനതേ
പ്രഭുരിഹ തു ഭവാൻ നനുഭുവനപതേ നാഥ
(കൃഷ്ണഗീതി (കൃഷ്ണനാട്ടം) അവതാരം പേജ് 10.)

ഇനിയും ഉദാഹരണശ്ലോകങ്ങൾ പറയാനാകും. ദീർഘഭയംകൊണ്ട് അത്തരമൊരു സാഹസത്തിനു മുതിരുന്നില്ല. 'ലക്ഷ്മിനാഥപുരാസുരാസുരമനേ...' എന്ന കൃഷ്ണനാട്ടത്തിലെ കഥാരംഭപദ്യത്തിനും 'സാന്ദ്രാനന്ദതനോ ഹരേ ധനപുരാ...' എന്ന നാരായണീയത്തിലെ ദശമകഥാരംഭപദ്യത്തിനും തമ്മിൽ ആശയം, ശൈലി, പദഘടന എന്നിവയിലെല്ലാം സാമ്യമുണ്ട്. ഇത് നാരായണീയകാരനുമായി കൃഷ്ണഗീതി കാവ്യത്തിനുള്ള സാമ്യം ഊന്നിപ്പറയുന്നതാണ്.

അസാധാരണമായ അനുപ്രാസപക്ഷപാതം, പ്രബന്ധൗചിത്യം, ശബ്ദസൗന്ദര്യം, ഉചിതപ്രാസ നിബന്ധനം, താളലയമാധുര്യം, എന്നിവ കൃഷ്ണഗീതി കാവ്യത്തിൽ പ്രകടമായി കാണുന്ന കാവ്യവിശേഷങ്ങളാണ്. വൃത്തരചനയിൽ മാനവേദൻ നാരായണീയത്തെ മാതൃകയാക്കിയിട്ടുണ്ട്. അതുപോലെ നാരായണീയത്തിലേയും, കൃഷ്ണനാട്ടത്തിലേയും രാസക്രീഡാവർണ്ണന സാധർമ്മ്യവും വൈധർമ്മ്യവും നിറഞ്ഞതാണ്. നൃത്തഭാഗങ്ങളിലെ ശ്ലോകങ്ങൾക്കും ഉചിതമായ പദഘടനയാണ് കൃഷ്ണനാട്ടത്തിലുള്ളത്. വൃത്തരചനയിൽ ഭാവാംശത്തിന് വൈചിത്ര്യം വരുത്തിയിട്ടുണ്ടെന്നുള്ളത് സഹൃദയാഹ്ലാദത്തിന് കാരണമാകുന്നു.

സാഹിത്യത്തിന്റെ മനോഹാരിതയോടൊപ്പം ഭക്തിഭാവത്തിലും മാനവേദൻ അതീവ ശ്രദ്ധ പ്രദർശിപ്പിച്ചിട്ടുണ്ട്. ദൃശ്യൗചിത്യത്തിനും കൃഷ്ണഗീതിയിൽ നിരവധി ഉദാഹരണങ്ങളെടുത്തു കാണിക്കാനാകും. രചനാ സൗഷ്ഠവത്തിന്റെ കാര്യത്തിലും ഗീതാഗോവിന്ദം മുൻപന്തിയിലാണ്. നാരായണീയത്തിനു പുറമെ ശങ്കരകവികളുടെ കൃഷ്ണവിജയം. സുകുമാരകവിയുടെ കൃഷ്ണവിലാസം എന്നീ കാവ്യങ്ങളിൽനിന്നും പദ്യങ്ങളുടെ ആശയങ്ങളും മറ്റു കൃഷ്ണനാട്ടത്തിൽ സ്വീകരിച്ചിരുന്നതായി പി.സി. വാസുദേവൻ ഇളയത് പറയുന്നു. കൃഷ്ണഗീതി നിർമ്മാണം മുതൽ അതിന്റെ ദൃശ്യാവിഷ്കരണം വരെ ഇതര കാവ്യങ്ങളുമായുള്ള കൊടുക്കൽ വാങ്ങൽ നടന്നിട്ടുണ്ടെന്ന് സ്പഷ്ടമാകയാൽ മണിപ്രവാളശൈലിയുടെ സ്വാധീനം നടന്നിട്ടുണ്ടെന്ന് തെളിയുന്നു.

## കൃഷ്ണനാട്ടത്തിലെ ഭാഷ

മാനദേവന്റെ ഭാവനാചാതുരി പ്രകടമാക്കുന്ന നിരവധി സന്ദർഭങ്ങൾ കൃഷ്ണഗീതിയിലുണ്ട്. ആ ഭാവനാവിലാസങ്ങളേറെയും കൃഷ്ണനാട്ടത്തിന്റെ കഥയുടെ ആദ്ധ്യാത്മികവും ഭക്തിസംവർദ്ധകവുമായ സന്ദേശം വ്യാപിപ്പിക്കുന്നതിന് പര്യാപ്തവുമാണ്. ഉദാത്തവും മാധുര്യവും ഒത്തിണങ്ങിയ കാവ്യശൈലി തികഞ്ഞ വ്യക്തിത്വബോധമുള്ള ഒരു പുതിയ രചനാരീതി മാനവേദകവിക്ക് സ്വായത്തമായിരുന്നുവെന്ന് കാണിക്കുന്നവയാണ്.

പ്രാസപ്രയോഗത്തിലും മാനവേദകവി ഒട്ടും പിന്നിലല്ല. രചനയുടെ ഔചിത്യം വിളിച്ചോതുന്ന പ്രാസപ്രയോഗങ്ങൾ കൃഷ്ണഗീതി കാവ്യത്തിൽ ഉടനീളം കാണാം. ഇവയാകട്ടെ ഗീതങ്ങൾക്ക് ഒരു താളലയമാധുര്യം നൽകുമെന്നതിന് തർക്കത്തിനിടയില്ല. ഉദാ:-

'അഹിസാരകസാരമസാരമതിം
തരസാസരസാദപസാരയിതും
ഉരുസാരരസാദഥസാനുചരം
മനസാ വ്യവസായ രസാവകൃഥാട'

(കൃഷ്ണഗീതി (കൃഷ്ണനാട്ടം) പി.സി വാസുദേവൻ ഇളയത്, കൃഷ്ണനാട്ടപ്രവേശകം പേജ് 39, ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം)

എന്ന വരികൾ കൃഷ്ണഗീതികാരന്റെ അനുപ്രാസകുബേരത്വത്തിന് ഉത്തമോദാഹരണമാണ്. നാരായണീയത്തിലെ ഉചിതമെന്നുതോന്നുന്ന വൃത്തങ്ങൾ മാനവേദൻ കൃഷ്ണ ഗീതിയിൽ അതേപടി എടുത്തുചേർത്തിട്ടുണ്ട്. അതുപോലെ നർത്തനപ്രതീതിയുളവാക്കാൻ ഉചിതമെന്നും മനസ്സിലാക്കിയ മാനവേദൻ കാളിയമർദ്ദനനൃത്തവർണ്ണനയിൽ 'ഭോഗനാമ്നി' എന്ന ഗാനവൃത്തം സ്വീകരിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ സംവിധാനപാടവമാണ് തെളിയിക്കുന്നത്.

അനുപ്രാസഭംഗി, ഉചിതമായ വൃത്തങ്ങളുടെ സ്വീകരണം, ഭവനാവിലാസം എന്നിവകൊണ്ട് കൃഷ്ണനാട്ടത്തിലെ രംഗങ്ങൾ അതിശയകരമായ കലാഭംഗി പ്രകടിപ്പിക്കുന്നവയാണ്. 'രാസക്രീഡ' യിൽ വേണുഗാനം കേട്ട് ഗോപികമാർ ശ്രീകൃഷ്ണന്റെ അടുത്തേക്ക് ഓടിയെത്തുന്ന ഭാഗത്ത് സ്വീകരിച്ചിട്ടുള്ള 'കുസുമമഞ്ജരി' വൃത്തത്തിന്റെ പ്രയോഗം പ്രശംസനീയംതന്നെ. കൃഷ്ണഗീതിയിൽ വൃത്തങ്ങളുടെ പ്രയോഗത്തിൽ വളരെ ഔചിത്യഭിക്ഷയുള്ളതായി അനുഭവപ്പെടുന്നുണ്ട്.

കഥയുടെ ഒഴുക്കാണ് ഈ ശ്ലോകങ്ങളിലെ ഭാഷ കൂടുതലായും പ്രകടിപ്പിക്കുന്നത്. കവിയുടെ പ്രതിഭയും ശക്തിയും വ്യുല്പത്തിയും അഭ്യാസവും നിപുണതയും ഇവിടെ നിയമങ്ങളായിതീരുന്നു. ആഴമേറിയ ചിന്ത, സംസ്കാരസുരഭിലമായ പ്രതിപാദനം, ഭാവരൂപ ശില്പങ്ങളിൽ സമതുലിതമായ സംവിധാനം, പദങ്ങളെ ധ്വന്യാത്മകമായി കൂട്ടിച്ചേർക്കുന്നതിനുള്ള അനന്യസാധാരണമായ ശക്തി, ഉചിത സുന്ദരങ്ങളായ അലങ്കാരങ്ങൾ ഇവകൊണ്ട് കൃഷ്ണഗീതികാവ്യം സമ്പന്നമാണ്. അർത്ഥഗാംഭീര്യമുള്ള അമൃതനിഷ്യന്ദികളായ പദങ്ങൾ ശബ്ദാർത്ഥാലങ്കാരങ്ങളോട് ഇണങ്ങിയെങ്കിൽ മാത്രമെ കാവ്യത്തിന് സൗന്ദര്യമുണ്ടാകൂ എന്ന് മാനവേദക്കവിയ്ക്കറിയാമായിരുന്നു. ഹൃദയത്തിൽ തുളുമ്പി നിൽക്കുന്ന വികാരവിചാരങ്ങളെ സൂക്ഷ്മതയോടെ കാവ്യത്തിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ അദ്ദേഹം പൂർണ്ണമായും വിജയിക്കുകയും ചെയ്തു. ഓരോ പദവും ആവിഷ്ക്കരിക്കുന്നത് ഉദ്ദേശിക്കുന്ന ഭാവത്തിനും, കഥാപാത്രങ്ങളുടെ മനോനിലയ്ക്കും, സംസ്കാരത്തിനും യോജിക്കുന്ന തരത്തിലാണ്. കഥയുടേയും കഥാപാത്രങ്ങളുടേയും ആന്തരിക ചൈതന്യത്തെ പ്രകാശിപ്പിക്കാത്ത ഒരു പദവും ഇവിടെ സ്വീകരിക്കുന്നില്ല. മാനവേദൻ, കാവ്യാത്മകവും ദാർശനികവുമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്ന കവിയാണ്. ഒരു സ്വതന്ത്രമായ കാവ്യശില്പമെന്ന തരത്തിൽ കൃഷ്ണഗീതിയുടെ രൂപശില്പം, ഭാഷാപ്രയോഗത്തിലെ പിരിമുറുക്കം, അലങ്കാര കല്പനകളുടെ ഔചിത്യം, വർണ്ണനകളുടെ സജീവത്വം, പദങ്ങളുടെ സംഗീതാത്മകത എന്നിവ കാവ്യാത്മാവിന് ഓജസ്സ് പകരുകയാണ് ചെയ്യുന്നത്.

## ഉപസംഹാരം

മനോഹരമായ ഒരു ദൃശ്യകലയാണ് കൃഷ്ണനാട്ടം. മഴവില്ലിൽ സപ്തവർണ്ണങ്ങളെന്നപോലെ കൃഷ്ണനാട്ടത്തിൽ സംഗീത സാഹിത്യാദികളോടൊപ്പം അഭിനയം, ചിത്രകല, ശില്പകല മുതലായ ലളിതകലകളും സമജ്ഞമായി സമന്വയിച്ചിരിക്കുന്നു. ഉയർന്ന ഭാവനയും തികഞ്ഞ കലാബോധവും ഇതരകലകളിൽ നിന്നുള്ള കടമെടുപ്പിൽ സഹായകമായിരിക്കുന്നു. ക്ലാസ്സിക് പാരമ്പര്യത്തിന്റെയും നാടൻ കലകളുടേയും ഊടും ഭംഗിയും നമുക്കിവിടെ ദർശിക്കാം. പ്രത്യേകമായ രംഗസംവിധാനമൊന്നുമില്ലാതെ അഭിനയത്തിലൂടെ രംഗസൃഷ്ടി ചെയ്യുകയാണ് കൃഷ്ണനാട്ടത്തിൽ ചെയ്യുന്നത്. ഒരു നിലവിളക്കിന്റെ മുന്നിൽ നിമിഷങ്ങൾക്കകം ഭൂസ്വർഗ്ഗപാതാളങ്ങൾ സൃഷ്ടിക്കുന്ന നടനെ കൃഷ്ണനാട്ടത്തിൽ കാണാനാകുന്നു.

പൂർണ്ണമായി ഭാവസ്ഫുരണം സാധിക്കത്തക്കവിധത്തിൽ അംഗവിക്ഷേപങ്ങളും ഹസ്തമുദ്രകളും കൃഷ്ണനാട്ട ത്തിലെ നടൻ പ്രകടിപ്പിക്കുന്നു. 'താളലയാശ്രയ'മായ നൃത്തകലയ്ക്കു കൃഷ്ണനാട്ടത്തിൽ മുഖ്യമായ സ്ഥാനം തന്നെ നൽകിയിട്ടുണ്ട്. ലാസ്യതാണ്ഡവങ്ങൾ ഹൃദ്യമായി അളവിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. കേരളത്തിലെ പല നാടോടി നൃത്തങ്ങളുടേയും അംശങ്ങളും നാട്യശാസ്ത്രാനുസാരിയായ നൃത്തശൈലിയും കൃഷ്ണനാട്ടത്തിന്റെ വ്യക്തിത്വത്തിനു വർണ്ണപ്പൊലിമ നൽകുന്നു. പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങൾക്ക് തന്മയീഭാവം നേടാനും സ്ഥായിയും സഞ്ചാരിയുമായ ഭാവങ്ങളെ സമതുലിതാവസ്ഥയിൽ പ്രകാശിപ്പിക്കാനും കൃഷ്ണനാട്ടത്തിന് സാധിക്കുന്നു.

അമാനുഷകഥാപാത്രങ്ങളെ അവർക്കിണങ്ങുന്ന ചമയങ്ങളിൽതന്നെ കൃഷ്ണനാട്ടത്തിൽ കാണാനാകുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾക്ക് പ്രാമുഖ്യം കല്പിക്കുന്ന കലകൂടിയാണ് കൃഷ്ണനാട്ടം. ദേവതാപ്രീണനം, ഉദ്ദിഷ്ടകാര്യസിദ്ധി, ബോധോച്ചാടനം എന്നിവയ്ക്ക് കൂടി ഇത് ഉപയുക്തമാകാറുണ്ട്. വിനോദമെന്നതിലുപരി ഭക്തിപ്രധാനമാണ് കൃഷ്ണനാട്ടം. ആത്മീയതയും ആനന്ദവും ഒരേ സമയം

നൽകാൻ ഇതിന് ശേഷിയുണ്ട്. മോക്ഷമാർഗ്ഗത്തിലേക്കു നയിക്കുന്ന ഒരുതരം അനുഭൂതി ഇതിൽ നിന്ന് ലഭിക്കുന്നു.

## റഫറൻസുകൾ


വാസുദേവൻ, പി. *സി. കൃഷ്ണനാട്ടം (കൃഷ്ണഗീതി).* ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം.

നായർ, ആർ. *കൃഷ്ണനാട്ടം, കളിവിളക്ക്.* മാതൃഭൂമി പ്രസിദ്ധീകരണം, ഗുരുവായൂർ.

രാജഗോപാലൻ, എൽ. എസ്. *ഈണവും താളവും.* കേരള കലാമണ്ഡലം കല്പിത സർവകലാശാല പ്രസിദ്ധീകരണം.


പിള്ള, കൃഷ്ണ. *കൈരളിയുടെ കഥ.* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

വിദ്യാസാഗർ, കെ. *അനുഷ്ഠാനം പുരോവൃത്തം, പൊരുള്.* ഡോ. കെ. വിദ്യാസാഗർ.


## ആവേദകന്മാർ

*ഗുരുവായൂർ കൃഷ്ണനാട്ടം കളരിയിലെ ആശാന്മാർ.*

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: ISSN Print



# വിദ്യാഭ്യാസ കച്ചവടം- കാലഘട്ടങ്ങൾ, സമീപനങ്ങൾ

Akhila Raj. K, Assistant Professor, Department of Malayalam, Annai Fathima College, Madurai, Tamil Nadu, India.

**Article information**
Received: 15th January 2025
Received in revised form: 18th February 2025
Accepted: 15th March 2025
Available online: 28th April 2025
Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15341177

**Abstract**

Modern education, which once served as the foundation for reforms, has transformed into a commercialized system, deviating from the earlier models of value-based learning. The key factors driving the commercialization of education include population growth, modernization, and the shift of education into a profit-oriented enterprise. The rise of private educational institutions and the expansion of profit-driven sectors related to education have significantly contributed to this trend. A study of India's educational history reveals that while early approaches to education emphasized balance and transformative learning, much of this essence has been lost in modern times. This article analyzes the challenges in modern education, the causes of educational commercialization, and the transitions within India’s educational history. It also discusses the need for new approaches to establish a conscious and equitable educational system.

**സാരാംശം**

ആധുനിക വിദ്യാഭ്യാസം പരിഷ്കാരങ്ങളുടെ അടിത്തറയായിരുന്ന മുൻകാലത്തെ വിദ്യാഭ്യാസ ശൈലിയിൽ നിന്ന് വ്യത്യസ്തമായി, ഇന്ന് കച്ചവടം രൂപത്തിൽ മാറിയിരിക്കുകയാണ്. ജനസംഖ്യയുടെ വർദ്ധനവും ആധുനികവത്കരണവും വിദ്യാഭ്യാസത്തെ ഒരു ലാഭമൂല്യ സമ്പ്രദായമായി മാറ്റിയതിന്റെ പ്രധാന കാരണങ്ങളാണ്. വിദ്യാഭ്യാസ കച്ചവടത്തിന്റെ വളർച്ചയ്ക്ക് കൂട്ടുനിൽക്കുന്നത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചയും പഠനവുമായി ബന്ധപ്പെട്ട ലാഭമേഖലകളുടെ വ്യാപ്തിയും ആണ്. ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ, പഠനത്തിനു സമതുലിതവും പരിവർത്തനാത്മകവുമായ സമീപനങ്ങൾ തുടക്കത്തിൽ ഉണ്ടായിരുന്നുവെങ്കിലും, ആധുനിക കാലത്ത് വലിയ സാമാന്യതകൾ നഷ്ടപ്പെട്ടു. ഈ ലേഖനത്തിൽ ആധുനിക വിദ്യാഭ്യാസത്തിലെ പ്രയാസങ്ങളും, വിദ്യാഭ്യാസ കച്ചവടത്തിന്റെ കാരണംശ്രേണികളും, ഭാരതത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലെ മാറ്റങ്ങൾ വിശകലനം ചെയ്യപ്പെടുന്നു. ഒരു ബോധമുള്ള വിദ്യാഭ്യാസരംഗത്തിനായി പുതിയ സമീപനങ്ങൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നു.

**പ്രധാന വാക്കുകൾ :** വിദ്യാഭ്യാസ കച്ചവടം, നളന്ദ, വിദ്യാഭ്യാസകച്ചവടത്തിന്റെ കാരണങ്ങൾ, സാങ്കേതിക വിദ്യാഭ്യാസം, വിദേശ പഠനം.

## ആമുഖം

ക്രിസ്തുവർഷം 629 ചൈനയുടെ പടിഞ്ഞാറെ അതിർത്തി പ്രദേശമായ ചാങ്ആനിൽ നിന്നും ഒരു 26 കാരൻ തുഫാൻ മരുഭൂമിയിലെ മരുപച്ചകൾ താണ്ടി ഉത്തര അഫ്ഗാനിസ്ഥാനിലൂടെ കരമാർഗം

ഭാരതത്തിലേക്ക് യാത്ര തിരിച്ചു. ചൈനീസ് ബുദ്ധ സന്യാസിമാർക്കും പണ്ഡിതർക്കും ഇടയിൽ നിലനിന്നിരുന്ന ബുദ്ധമത സംബന്ധമായ തർക്കങ്ങൾക്കും മറ്റ് വിജ്ഞാന ശാഖകളിലുണ്ടായിരുന്ന അറിവിന്റെ വൈവിധ്യങ്ങൾക്കും ഉത്തരം കണ്ടെത്തുവാനായി അറിവിന്റെ അക്ഷയ ഖനിയായ ഭാരതദേശം സന്ദർശിക്കുക എന്നതായിരുന്നു ആ യുവാവിന്റെ ലക്ഷ്യം.

നഗരഹാരം, പുരുഷപുരം (പെഷവാർ), ഗാന്ധാരം, തക്ഷശില, സിംഹപുരം, തുടങ്ങിയ അക്കാലഘട്ടത്തിന്റെ പ്രസിദ്ധമായ ബുദ്ധവിഹാരങ്ങൾ സന്ദർശിച്ച് അദ്ദേഹം കാശ്മീരിൽ എത്തിച്ചേർന്നു. 2വർഷം കാശ്മീരിൽ ചിലവിട്ട അദ്ദേഹം പ്രധാന ഗ്രന്ഥങ്ങളെല്ലാം ഹൃദ്യസ്ഥമാക്കുകയും അവിടെ നിന്നും ദക്ഷിണ ദേശത്തേക്ക് ജലന്ദരം (ജലന്ദർ) വഴി യാത്ര തുടങ്ങുകയും മധുര, ബ്രഹ്മപുരം, അഹി ക്ഷേത്രം തുടങ്ങിയ പ്രധാന ബുദ്ധ വിഹാരങ്ങളിൽ താമസിച്ചു പഠിക്കുകയും അതിനുശേഷം ഹർഷവർദ്ധൻ ഭരിച്ചിരുന്ന കനൗജിൽ എത്തുകയും ചെയ്തു. തുടർന്ന് ചക്രവർത്തിയുടെ സഹായത്തോടെ അയോധ്യ, മഗധ, കപിലവസ്തു, കാശി തുടങ്ങിയ പുണ്യസ്ഥലങ്ങളിലൂടെ സന്ദർശിച്ച് വിദ്യാപീഠങ്ങളിൽ നിന്നും ലഭ്യമായ അറിവുകളെല്ലാം ഹൃദ്യസ്ഥമാക്കി അവസാനം നളന്ദയിൽ എത്തിച്ചേർന്നു.

പ്രാചീന ലോകത്ത് നിലനിന്നിരുന്ന ഏറ്റവും വലിയ സർവ്വകലാശാലയായിരുന്നു നളന്ദ. പരിനായിരത്തിൽപരം വിദ്യാർത്ഥികൾ അവിടെ താമസിച്ച് പഠനം നടത്തിയിരുന്നു. ശിലാദിത്യൻ ആയിരുന്നു ആചാര്യ മുഖ്യൻ (സർവ്വകലാശാലയുടെ തലവൻ) ബുദ്ധമതത്തിന്റെ 18 ശാഖകളെ കുറിച്ചും വേർതിരിച്ചുള്ള പഠനം നിലനിന്നിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള അധ്യാപകർ അവിടെ ക്ലാസ്സുകൾ എടുത്തിരുന്നു. വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ, യോഗസൂത്രം, ന്യായാനുസാര ശാസ്ത്രം, തർക്കശാസ്ത്രം, ഭാഷാശാസ്ത്രം, പ്രാണ്യാമൂല്യ ശാസ്ത്രം, ഷഡ്പദാഭികോശം, വ്യാകരണം എന്നീ മേഖലകളിൽ അദ്ദേഹം നളന്ദയിൽ നിന്നും പ്രാവീണ്യം നേടി.

മടക്കയാത്രയിൽ 20ലധികം കുതിരകളുടെ പുറത്തായി 600ൽ അധികം മഹാഗ്രന്ഥങ്ങളുടെ പകർപ്പുകളുമായാണ് അദ്ദേഹം തിരികെ പോയത്. ഭാരതത്തിലേക്ക് തിരിക്കുമ്പോൾ അറിവ് നേടാമെന്ന അഭിവാഞ്ഛ മാത്രമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. ഭാരതത്തിൽ അദ്ദേഹം സന്ദർശിച്ച വിജ്ഞാനകേന്ദ്രങ്ങളിൽ നിന്നെല്ലാം ഹൃദ്യമായ സ്വീകരണവും സൗജന്യമായ വിദ്യാഭ്യാസവും അദ്ദേഹത്തിനു ലഭിച്ചു. 10000ൽ പരം വിദ്യാർത്ഥികൾക്ക് താമസിക്കുവാനുള്ള സൗകര്യവും ഭക്ഷണവും മറ്റു അടിസ്ഥാന സൗകര്യങ്ങളുമെല്ലാം പൂർണ്ണമായും ഒരുക്കികൊടുക്കുവാൻ അന്നത്തെ കാലഘട്ടത്തിൽ പോലും ഭാരതത്തിലെ രാജാക്കന്മാർക്ക് കഴിഞ്ഞിരുന്നുവെന്നും അറിവിനോടുള്ള ഒരു മഹത്തായ ജനതയുടെ സംസ്കാരത്തിന്റെ മഹത്തായ സമീപനത്തിന്റെ ഏറ്റവും മഹത്തായ ഉദാഹരണമായിരുന്നു പ്രാചീന ഭാരതമെന്നും ചൈനീസ് സഞ്ചാരിയും പണ്ഡിതനുമായിരുന്ന ഹ്യയാങ് സാങ് രേഖപ്പെടുത്തിയിരിക്കുന്നു.

വിദ്യാഭ്യാസകച്ചവടം കാലഘട്ടങ്ങൾ സമീപനങ്ങൾ എന്ന സമകാലീക പ്രശസ്തമായ ഒരു വിഷയത്തെ സമീപിക്കുമ്പോൾ എന്തിനാണ് ഇത്രയും സുദീർഘമായ ഒരു ചരിത്രത്തെ കുറിച്ചുള്ള വിശദീകരണം എന്ന് നമുക്ക് തോന്നാം ഇന്ന് ക്രിസ്തുവർഷം 2024 ൽ നിൽക്കുമ്പോൾ ഒരു വൈദ്യശാസ്ത്രവിദ്യാർത്ഥിക്ക് സീറ്റ് ലഭിക്കുവാൻ നമുക്ക് നൽകേണ്ടി വരുന്നത് കുറഞ്ഞത് 1 കോടി രൂപയോളം ആണ്. അദ്ധ്യാപന വൃത്തിക്കായി ഒരാൾക്ക് നൽകേണ്ടി വരുന്നതും 40 ലക്ഷത്തിനും 1.5 കോടി രൂപയ്ക്കും ഇടയിലുള്ള സംഖ്യയാണ് എന്ന് വരുമ്പോഴാണ് വിദ്യാഭ്യാസത്തിന്റെ കരിച്ചന്ത കച്ചവടത്തിലേക്ക് എത്തി നോക്കുന്നതിനു മുൻപ് ചരിത്രത്തിന്റെ രേഖപ്പെടുത്തപ്പെട്ട ചെറിയൊരംശത്തിലേക്ക് ഒരു തീർത്ഥയാത്ര നടത്തേണ്ടി വരുന്നത് എന്നു മാത്രം പറയട്ടെ.

## സാഹിത്യ അവലോകനം

വ്യവസായ വത്കരണത്തിലും തൊഴിൽ മേഖലയിലും നമ്മുടെ നാട് വല്ലാതെ പിന്നോട്ട് പോകുന്നുവെങ്കിലും വിദ്യാഭ്യാസമേഖലയുടെ വ്യവസായവത്കരണം ധ്രുതഗതിയിൽ മുന്നോട്ടു പോകുന്നു വെന്നത് ഒരു വലിയ വിരോധാഭാസമായി തോന്നാം. തികച്ചും അശാസ്ത്രീയമായ പ്രവണതകൾ വച്ചു

പുലർത്തുന്ന ഒരു സംവിധാനത്തിലൂടെ കടന്നുപോകുന്ന വെന്നത് ഈ ആധുനീക കാലത്ത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. വിദ്യാഭ്യാസ മേഖലയിലെ കച്ചവടത്തെ കുറിച്ചുള്ള അനേകം പഠനങ്ങൾ ലഭ്യമാണ്. നമുക്ക് അതിലൂടെ ഒന്ന് കണ്ണോടിക്കാം.

രാജൻ, ആർ. (2011) എഴുതിയ കേരളത്തിലെ വിദ്യാഭ്യാസ കച്ചവടം : ചരിത്രവും സാമൂഹിക ദർശനങ്ങളും എന്ന ഗ്രന്ഥം, കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുള്ള കച്ചവടത്തിന്റെ ചരിത്രം ആഴത്തിൽ പരിശോധിക്കുന്നു. ഈ ഗ്രന്ഥത്തിൽ, കാലക്രമേണ ഈ മേഖലയിലെ വ്യാപ്തി എങ്ങനെ രൂപപ്പെട്ടുവെന്ന് വ്യക്തമാക്കുന്നു. കച്ചവടത്തിന്റെ സാമൂഹിക പാരമ്പര്യവും വിദ്യാഭ്യാസ മേഖലയോടുള്ള ആധുനികമായ സമീപനങ്ങളും ഈ പഠനത്തിന്റെ പ്രധാന വിഷയം ആണ്. അതേ സമയം, ഈ കച്ചവടം എങ്ങനെ സാമൂഹിക അസമത്വത്തിനു ഇടയാക്കുന്നുവെന്ന് തുറന്നടിക്കുന്നു. ഇന്ത്യയുടെ വിദ്യാഭ്യാസ വ്യവസ്ഥയുടെ മാറ്റങ്ങൾക്ക് ഈ കച്ചവടത്തിന്റെ സ്വാധീനവും അതിന്റെ ദോഷങ്ങളും വിശകലനം ചെയ്യുന്നു.

മുരളീധരൻ, എസ്. (2014) എഴുതിയ വിദ്യാഭ്യാസവ്യവസായം: കേരളത്തിലെ വെല്ലുവിളികളും അവസരങ്ങളും എന്ന ഗ്രന്ഥം, കേരളത്തിലെ വിദ്യാഭ്യാസ കച്ചവടത്തിന്റെ വ്യവസായഭാവത്തെ ആഴത്തിൽ വിശദീകരിക്കുന്നു. ഈ ഗ്രന്ഥം, കച്ചവടത്തിന്റെ നിലവിലെ പ്രവർത്തന രീതികൾ, മാർക്കറ്റിംഗ് തന്ത്രങ്ങൾ, കുറച്ചുകാലത്തിനുള്ളിൽ ഉണ്ടായ മാറ്റം എന്നിവയെ വിശകലനം ചെയ്യുന്നു. കേരളത്തിൽ വിദ്യാഭ്യാസ വ്യവസായം മുന്നോട്ട് വയ്ക്കുന്ന വെല്ലുവിളികളും, അതിന് നേരിടേണ്ടി വരുന്ന സാഹചര്യങ്ങളും ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളുന്നു. ഈ പഠനം, വിദ്യാഭ്യാസ വ്യവസായത്തിന്റെ ഭാവി അടച്ചുപൂട്ടുന്നതിനെ കുറിച്ചും സാഹചര്യങ്ങൾക്കനുസൃതമായി മാറ്റങ്ങൾ വരുത്താനുള്ള സാധ്യതകളെപ്പറ്റിയും ശ്രദ്ധ നൽകുന്നു.

ശ്രുവൺ, കെ. (2017) എഴുതിയ വിദ്യാഭ്യാസ കച്ചവടത്തിന്റെയും സാമ്പത്തിക ആഘാതങ്ങൾ എന്ന ഗ്രന്ഥം, വിദ്യാഭ്യാസ മേഖലയിലെ കച്ചവടത്തിന്റെ സാമ്പത്തിക ഫലങ്ങൾ വിശദമായി വിലയിരുത്തുന്നു. ഈ ഗ്രന്ഥം, കച്ചവടം എങ്ങന വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് കാരണമാകുന്ന എന്നതിലും, കച്ചവടത്തിന്റെ വ്യാപനത്താൽ ലഭിക്കുന്ന ചട്ടക്കൂടുകളും എങ്ങനെ സമൂഹത്തെ ബാധിക്കുന്ന എന്നതിലും ശ്രദ്ധ ചെലുത്തുന്നു. പൊതു വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യവും ബുദ്ധിമുട്ടുകളും ഈ പഠനത്തിൽ ഉൾക്കൊള്ളുന്നു. പ്രാഥമിക, ദ്വിതീയ തലങ്ങളിലെ സാമ്പത്തിക തിരിച്ചടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലനിൽപ്പും അതിന്റെ പ്രവർത്തനസാമർത്ഥ്യവും എങ്ങനെ ബാധിക്കുന്ന എന്നതും ഈ ഗ്രന്ഥത്തിൽ പ്രധാന്യം ലഭിക്കുന്നു. ഈ പഠനം, സാമ്പത്തിക സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ തിരിച്ചറിയുവാൻ സഹായിക്കുന്നു. അവയുമായി ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് തുറന്നുപറയുന്നു.

തമ്പാൻ, എം. (2018) എഴുതിയ വിദ്യാഭ്യാസത്തിൽ സ്വകാര്യവൽക്കരണം: കേരളത്തിലെ പ്രതിസന്ധികൾ എന്ന ഗ്രന്ഥം, വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവൽക്കരണത്തിന്റെ ഫലങ്ങൾ ആഴത്തിൽ വിശകലനം ചെയ്യുന്നു. ഈ ഗ്രന്ഥത്തിൽ, സ്വകാര്യവൽക്കരണം എങ്ങനെ സാമൂഹിക നീതിയെയും സമത്വത്തെയും ബാധിക്കുന്ന എന്നതിനെക്കുറിച്ചും, ഇതു മൂലമുണ്ടാകുന്ന മാറ്റങ്ങളെയും വെല്ലുവിളികളെയും ചർച്ച ചെയ്യുന്നു. വിദ്യാഭ്യസ സ്ഥാപനങ്ങൾ കച്ചവടവൽക്കരിക്കപ്പെടുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക സാമൂഹിക പ്രശ്നങ്ങളിൽ ശ്രദ്ധചെലുത്തുന്നു. പൊതുവിദ്യാഭ്യാസത്തിലുള്ള ലാഭം-നഷ്ടങ്ങൾ, തദ്ദേശിയ, ദേശീയ തലങ്ങളിലെ സാമൂഹിക പ്രതികരണങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി പരിശോധിക്കുന്നു. ഈ പഠനം, കേരളത്തിലെ വിദ്യാഭ്യാസം ആധുനികവൽക്കരണത്തിനായി സ്വകാര്യമേഖലയെ എത്രത്തോളം ആശ്രയിക്കേണ്ടി വരുന്ന എന്നതിലേക്ക് വിരൽ ചൂണ്ടുന്നു.

രാമചന്ദ്രൻ, എസ് (2020) എഴുതിയ കേരളത്തിലെ വിദ്യാഭ്യാസ കച്ചവടത്തിന്റെ സാമൂഹിക ദോഷങ്ങൾ എന്ന ഗ്രന്ഥം, കേരളത്തിലെ വിദ്യാഭ്യാസ കച്ചവടത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ

ആഴത്തിൽ പരിശോധിക്കുന്നു. ഈ ഗ്രന്ഥത്തിൽ, കച്ചവടത്തിന്റെ വളർച്ച എങ്ങനെ സാമൂഹിക തിന്മകൾ ഉണ്ടാക്കുന്നു എന്നതിനെക്കുറിച്ച് വിശദമായി തിന്മകൾ ഉണ്ടാക്കുന്നു വിവരങ്ങൾ നൽകുന്നു. ദളിതർ പിന്നാക്ക വർഗ്ഗങ്ങൾ, യുവാക്കൾ എന്നിവരുടെ വിദ്യാഭ്യാസ അവകാശങ്ങളെ എങ്ങനെ ബാധിക്കുന്നെ എന്നത് ഈ പഠനത്തിന്റെ ഒരു പ്രധാന ഘടകമാണ്. സമീപകാല സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ ദോഷങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

## ഗവേഷണരീതി

വിദ്യാഭ്യാസ കച്ചവടം- കാലഘട്ടങ്ങൾ, സമീപനങ്ങൾ എന്ന ഗവേഷണ ലേഖനത്തിനു ശാസ്ത്രീയമായ ഗവേഷണരീതി സ്വീകരിച്ചിരിക്കുന്നു, കൂടാതെ പ്രാഥമികവും ദ്വിതീയവുമായ വിവര ശേഖരണം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രാഥമിക ഡാറ്റ ശേഖരണത്തിനായി സമാനമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ, അദ്ധ്യാപകരുടെയും, രക്ഷിതാക്കളുടെയും അനുഭവങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ദ്വിതീയ ഡാറ്റ ശേഖരണത്തിന്, ഗവേഷണ ലേഖനങ്ങൾ, സർക്കാർ, റിപ്പോർട്ടുകൾ, സാമൂഹിക പഠനങ്ങൾ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ സമാഹരിച്ചു. ഈ സാംസ്കാരിക പ്രത്യാഘാതങ്ങളെ വിശദമായി വിലയിരുത്തുന്നതിനും കാലഘട്ടങ്ങളിലെ മാറ്റങ്ങൾ തിരിച്ചറിയുന്നതിനും സഹായകരമായ മാർഗ്ഗങ്ങൾ നൽകുന്നു.

## ആധുനീക വിദ്യാഭ്യാസം-വിവിധ മേഖലകൾ

ഒരു 100 വർഷം മുൻപുവരെയുള്ള അറിവിന്റെ തലം പരിശോധിച്ചാൽ പൊതുവായി വിദ്യാഭ്യാസ മേഖലകൾ കൈകാര്യം ചെയ്യുന്ന മൊത്തം അറിവുകളെ പരിഗണിക്കുമ്പോൾ അത് ഒരു വ്യക്തിക്ക് ഏതാനും വർഷങ്ങളിലെ വിദ്യാഭ്യാസം കൊണ്ട് കരസ്ഥമാക്കാവുന്നതിൽ ഉപരി ഒരു പ്രാധാന്യമോ ബാഹുല്യമോ അതിനുണ്ടായിരുന്നില്ല എന്നു പറയാം. എന്നാൽ അതിനുശേഷമുള്ള വിജ്ഞാനശാഖയുടെ വളർച്ച, ശാസ്ത്രസാങ്കേതീക വിദ്യകളുടെ വളർച്ച, സാംസ്കാരീക വൈവിധ്യങ്ങളിലുണ്ടായ വളർച്ച സമ്പൂർണ്ണമായി മനുഷ്യസമൂഹങ്ങൾ കൈവരിച്ച ഔന്നത്യങ്ങൾ പുരോഗതി ഇവയെല്ലാം ചിന്തിക്കാവുന്നതിലും വളരെയേറെ അപ്പുറമാണ്. കഴിഞ്ഞ 100 വർഷത്തെ കണക്കെടുത്താൽ കഴിഞ്ഞ നൂറ്റാണ്ടിനു മുൻപുവരെ മനുഷ്യവർഗം പൂർണ്ണമായും നേടിയ അറിവുകളുടെ അത്രയും തന്നെ പിന്നീടുള്ള ഒരു അൻപത് വർഷം കൊണ്ട് മനുഷ്യൻ നേടിയെടുത്തിട്ടുണ്ട്. പിന്നീടുള്ള 20ഓ, 15ഓ 10ഓ വർഷകാലയളവുകളിൽ അത് ഇരട്ടിയാക്കപ്പെട്ടു കൊണ്ടേയിരുന്നു. ഇന്ന് ഈ ആധുനീക കാലത്ത് ശാസ്ത്രസാങ്കേതിക വിദ്യയിലുണ്ടായ മുന്നേറ്റം ഓരോ നിമിഷങ്ങളിലും അനന്തമായ വിദ്യാഭ്യാസത്തിന്റെ അനർഘമായ സാധ്യതകളെ നമുക്ക് മുൻപിൽ തുറന്നിട്ടുകൊണ്ടേയിരിക്കുന്നു.

ശാസ്ത്രത്തോടൊപ്പം അത്യതികമായ വേഗതയിൽ വിവര സാങ്കേതീക വിദ്യയുടെ സഹയാത്തോടെ ഓടിയെത്താൻ പാടുപെടുന്ന ആധുനീക വിദ്യാഭ്യാസം പൊതുവായ വിജ്ഞാനശാഖകൾ എന്നതിലുപരി പ്രത്യേകമായി തരംതിരിക്കപ്പെട്ട അനേകായിരം ശാഖകളിലേക്ക് വിദ്യാഭ്യാസ മേഖലയെ എത്തിച്ചുവെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ഒരു വ്യക്തിയുടെ തലച്ചോറിന് എത്തിപ്പിടിക്കാവുന്നതിലും ഉയർന്ന മേഖലകളിലേക്ക് വിഷയങ്ങൾ ഉയർന്ന് പോയതും അവയുടെ ബാഹുല്യവും (എണ്ണത്തിലും വലുപ്പത്തിലും) എല്ലാം ചേർന്ന് വിജ്ഞാനങ്ങളെ ഹൃദ്യസ്ഥാമാക്കുക എന്നതിനപ്പുറം അവയെ ആധുനീക കംപ്യൂട്ടർ സംവിധാനങ്ങളിലും മറ്റു സൂക്ഷിച്ചു വയ്ക്കുകയും ആവശ്യാനുസരണം തിരഞ്ഞടുക്കുകയും ചെയ്യുന്ന തിരഞ്ഞെടുപ്പ് പ്രക്രയകളെ മാത്രം പഠിക്കുന്ന വിശകലനങ്ങൾക്കായി മാത്രം പരിശീലനം നേടുന്ന ആധുനീക രീതിയിലേക്ക് വിദ്യാഭ്യാസമേഖലയെ കൊണ്ടു ചെന്നെത്തിച്ചു. അറിവിന്റെ ലോകം അത്യന്തം ബൃഹത്താണ് ലോകത്ത് ലഭ്യമായ വിവരങ്ങളെല്ലാം ഒരാൾ പഠിച്ചെടുക്കുക എന്ന രീതിയിൽ നിന്നും ആയിരമായിരം ശാഖകളുള്ള ആധുനീക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഒരു ശാഖയിൽ പോലും ഉള്ള അറിവുകളെ ഒരു വ്യക്തിക്ക് ഒരു ജന്മം കൊണ്ട് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയില്ല എന്ന രീതിയിലുള്ള അതി വിശാലമായ അർത്ഥ തലങ്ങളിലേക്കും അളവുകളിലേക്കും വജ്ഞാനശേഖരങ്ങളിലേക്കും ആധുനീക ലോകം നിരന്തരം

പ്രയാണം ചെയ്യുന്ന എന്ന യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ടാണ് നാം ഈ വിഷയത്തെ കണേണ്ടത്. അറിവിന്റെ ബാഹുല്യവും ഉപയോഗ ക്രമത്തിലുണ്ടായ വൈവിധ്യവും ആവശ്യകതകളും ചേർന്നാണ് ആധുനീക വിദ്യാഭാസത്തിൽ വിവിധ മേഖലകളെ സൃഷ്ടിച്ചെടുത്തത് എന്ന് പറയാം.

## വിദ്യാഭ്യാസ-കച്ചവടം കാരണങ്ങൾ

അറിവിനെ നമിച്ചുകൊണ്ട് ജീവിതം തുടങ്ങിയ ഒരു ജനത അറിവാണ് ദൈവമെന്ന് അവർ എല്ലാ കാലത്തും ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. അറിവിന്റെ മഹത്വങ്ങൾ എന്നെന്നും വാഴ്ത്തി പാടിയ അത്തരം ഒരു ജനപദത്തിൽ ആ അറിവ് കച്ചവട വത്കരിക്കപ്പെട്ടത് എപ്പോഴാണ്? (എങ്ങിനെയാണ്?) ആധുനീക വത്കരിക്കപ്പെട്ട വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി വിഭജിക്കപ്പെട്ട പരസ്പരം ബന്ധമുള്ളതും ഇല്ലാത്തുമായ അനേകം ശാഖകൾക്കിടയിലെ വിടവികളിലൂടെയാണ് വിദ്യാഭ്യാസ കച്ചവടക്കാർ അതിനുള്ളിൽ സ്ഥാനമുറപ്പിച്ചത് എന്ന് പറയാം.

അറിവനെ മാനദണ്ഡമാക്കിയ സമർപ്പണം എന്ന രീതിയിൽ നിന്നും ജീവിതോപാദിയായ ജോലി എന്ന രീതിയിലേക്ക് അധ്യാപനം വഴി മാറിയ ആധുനീക വിദ്യാഭ്യാസത്തിന്റെ കാലഘട്ടത്തിൽ തന്നെ വിദ്യാഭ്യാസ കച്ചവടത്തിന്റെ വിത്തുകൾ നമ്മൾ പാകിമുളപ്പിക്കാൻ തുടങ്ങിയിരുന്നു എന്നതാണ് യാഥാർത്ഥ്യം. ജീവിതത്തിന്റെ ആഡംബരങ്ങളെ നിശ്ചയിക്കുന്നതിൽ, സമൂഹത്തിലെ സ്ഥാനമാനങ്ങളെ നിലനിർത്തുന്നതിൽ, മാന്യതയുടെ ചിഹ്നങ്ങളെ സൃഷ്ടിക്കുന്നതിൽ മികച്ച ഒരു ജോലിക്കുള്ള പ്രാധാന്യം, വിദ്യാഭ്യാസ യോഗ്യത വലിയൊരു ബഹുമതിയായി കാണുക എന്ന പ്രവണത എന്നിവ ഏറി വന്നപ്പോൾ വിദ്യാഭ്യാസത്തിന്റെ ഔന്നത്യത്തിന് അനുസൃതമായി അത് വാണിജ്യ വത്കരിക്കപ്പെടുവാൻ തുടങ്ങി എന്നതാണ് യാഥാർത്ഥ്യം. ഉയർന്ന പണം നൽകി പഠിക്കുക എന്നത് സമ്പന്നർക്കിടയിലും വിവാഹ കമ്പോളത്തിലും അഭിമാന ചിഹ്നങ്ങളായി മാറിയപ്പോൾ അത് വാണിജ്യവത്കരണത്തിന് ആക്കം കൂട്ടി. കഴിവുള്ളവർ പഠിക്കുക എന്നതിൽ നിന്നും പണമുള്ളവർ പഠിക്കുക എന്ന പുതിയ രീതിയിലേക്കും അല്ലെങ്കിൽ പണം ഉണ്ടാക്കിയോ കടം വാങ്ങിയോ പഠിക്കുക എന്ന വൈകൃതം നിറഞ്ഞ ഒരു പ്രവണതയിലേക്കും അത് സമൂഹത്തെ കൊണ്ടു ചെന്നത്തിച്ചു.

സാങ്കേതീക വിദ്യാഭ്യാസ മേഖലയുടെ വളർച്ച, വൈദ്യ ശാസ്ത്ര പഠനമേഖലയുടെ വളർച്ച, വിവര സാങ്കേതീക വിദ്യാമേഖലയുടെ വളർച്ച എന്നിവയും ഈ മേഖലകളിലുണ്ടായ വിദ്യാർത്ഥികളുടെ ആധിക്യവും ഇത്തരം തൊഴിൽ മേഖലകളിലുണ്ടായ അവസരങ്ങളും മികച്ച പ്രതിഫലങ്ങളും എല്ലാം ഒരു പരിധിവരെ വലിയ കാരണമായി. എന്നാൽ പൊതു മേഖല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള കുറവ്, മികച്ച സാങ്കേതിക വിദ്യകളുടേയും പഠനോപാധികളുടേയും അഭാവവും സംവിധാനങ്ങളുടെ പിൻതിരിപ്പൻ നയങ്ങളും എല്ലാം ചേർന്ന് അവസരങ്ങളെ പൂർണ്ണമായി സ്വകാര്യ മേഖലയിലേക്ക് കേന്ദ്രീകരിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. സ്വകാര്യ മേഖലയിൽ തുറന്ന അനേകമനേകം എൻജിനീയറിംഗ് മെഡിക്കൽ കോളേജുകളും മറ്റ് സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളും അവ നൽകി വരുന്ന പുതിയ പാഠ്യപദ്ധതികളും എല്ലാം ചേർന്ന് ഇതിനെ പൂർണ്ണമായും കച്ചവടവത്കരിക്കപ്പെട്ട ഒരു പാഠ്യവ്യവസ്ഥതിയിലേക്ക് കൊണ്ടു ചെന്നെത്തിച്ചു എന്നും തന്നെ പറയാം.

കഴിവുകളെ മാറ്റുരച്ച് അവസരങ്ങൾക്കായി കാത്തു നിന്നിരുന്ന ഒരു തലമുറയിൽ നിന്നും കൂടുതൽ പണമടച്ച് പെട്ടെന്ന് കയറിപ്പറ്റുന്ന കഴിവുകൾ തീരെ മാദണ്ഡമാക്കാത്ത ഒരു പുതിയ തലമുറയിലേക്കുള്ള അനാരോഗ്യകരമായ മാറ്റത്തെ അതിലുപരി പണമുള്ളവർക്കുമാത്രം പഠുക്കുവാൻ കഴിയുന്ന പണമില്ലാത്തവന്റെ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന പുതിയൊരു പാർശ്വവത്കരണത്തിന്റെ വ്യവസ്ഥിതിയിലേക്ക് എത്തിച്ചേർന്നു എന്നതാണ് വിദ്യാഭ്യാസ കച്ചവടം നൽകുന്ന ഏറ്റവും വലിയ പാഠം. നമ്മുടെ ചുറ്റുപാടുകളിൽ കൂണുകൾ പോലെ മുള്ളച്ചുപൊന്തിയ പുത്തൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാമ്പത്തീകമായ മറ്റൊരു അധഃസ്ഥിത വർഗത്തെ നമുക്ക് മുൻപിൽ സൃഷ്ടിച്ചെടുക്കുന്നുവെന്ന് പറയാം.

## ഭാരതം വിദ്യാഭ്യാസത്തിന്റെ ചരിത്രം

തമസ്സോമ ജ്യോതിർഗമയ എന്ന ആപ്തവാക്യത്തിൽ നിന്നായിരുന്നു ആ മഹത്തായ സംസ്കാരം ശബ്ദാവലികൾക്ക് നിർവചനങ്ങൾ ചമച്ചത്. ഇരുട്ടിൽ തെളിഞ്ഞ യഥാർത്ഥ്യ ജ്യോതിസ്സ് (വെളിച്ചം) എന്തായിരുന്നുവെന്നും അവർ തന്നെ വിശദീകരിക്കുന്നു. അതെ അറിവാകുന്ന വെളിച്ചം കൊണ്ട് അജ്ഞാനമാകുന്ന അന്ധകാരത്തെ മാറ്റുക എന്ന് ഋഷിമാർ പ്രാചീന ഭാരതത്തിന്റെ നെറുകയിൽ നിന്ന് ലോകത്തോട് വിളിച്ചോതി. ഈ മഹാജന സമൂഹം ആയിരമായിരം വർഷങ്ങളോളം അതേറ്റുപാടി. അവർ അനേകായിരം വിളക്കുകൾ തെളിയിച്ചു. ആ വെളിച്ചത്തിൽ നളന്ദയും തക്ഷശിലയും പോലുള്ള വലിയ സർവ്വകലാശാലകൾ പടുത്തുയർത്തി. അറിവിനെ സർവ്വസ്വം എന്നവർ വിളിച്ചു. അറിവുള്ളവൻ ദൈവതുല്യനായി വാഴ്ത്തപ്പെട്ടു. ആ അറിവിന്റെ സൗരഭ്യം കാറ്റിലലിഞ്ഞ് ചേർന്ന് ഈ വിശ്വത്തിന്റെ നാനാഭാഗങ്ങളിലേക്കും ഒഴകിയെത്തി. ആ സുഗന്ധം തേടിയായിരുന്നു ഹുയാങ് സാങിനെയും മെഗസ്തനീസിനെയും ഫാഹ്സിയാനെയും അൽ-മസൂദിയെയും പോലുള്ള മഹാന്മാരായ സഞ്ചാരികളെല്ലാം ഈ പുണ്യഭൂമിയിലേക്ക് എത്തിച്ചേർന്നത്. പ്രാചീന ലോകത്തിന് വായിച്ചെടുക്കുവാൻ ഒരല്പം വെളിച്ചമുണ്ടായിരുന്നുവെങ്കിൽ ആ വെളിച്ചം വിതറിയ പ്രകാശഗോപുരമായിരുന്നു പ്രാചീന ഭാരതം.

പ്രാചീന കാലഘട്ടങ്ങളിൽ വർണ്ണങ്ങളെ വിഭജിച്ചതുപോലും അറിവിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു. വേദം എന്ന വാക്കിന്റെ അർത്ഥം അറിവ് എന്നാണ് വേദം പഠിച്ചവൻ എന്നാൽ അറിവ് നേടിയവൻ എന്നും ലോകത്തെ കുറിച്ച് അറിയുന്നവൻ എന്നുമാണ്, ലോകത്തെ ബ്രഹ്മം എന്നു വിളിച്ചു. ബ്രഹ്മത്തെ അറിയുന്നവനെ ബ്രഹ്മത്തെ ആചരിക്കുന്നവൻ എന്നർത്ഥത്തിൽ ബ്രാഹ്മണൻ എന്ന വിളിപ്പേര് ഉണ്ടായി. ബ്രാഹ്മണന് ഔന്നത്യം കൽപ്പിക്കപ്പെട്ടതും അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. പ്രാചീന ഭാരതത്തിൽ നിരന്തരമുള്ള തർക്കങ്ങളും സംവാദങ്ങളും ചർച്ചകളും നിലനിന്നിരുന്നു. ഇത്തരം പ്രക്രിയകളിലൂടെയാണ് അറിവുകളെ സ്ഥിതീകരിക്കപ്പെട്ടു പോന്നിരുന്നത്. ആയുർവേദം പോലുള്ള മികച്ച ചികിത്സ രീതികളും അതിന്റെ പഠന സംവിധാനങ്ങളും പുരാതന കാലം മുതൽക്കെ നിലനിന്നിരുന്നു. ജ്യോതിശാസ്ത്രത്തിൽ ഗണിതശാസ്ത്രത്തിൽ തത്വശാസ്ത്രത്തിൽ തുടങ്ങി പുരാണങ്ങളും ഉപനിഷത്തുകളും വരെ നീണ്ടുകിടക്കുന്ന ആയിരമായിരം ഗ്രന്ഥങ്ങളടങ്ങിയ അറിവിന്റെ അക്ഷയഖനിയായിരുന്നു പ്രാചീനഭാരതം.

## സംഘടനകളും കച്ചവടക്കാരും സംവിധാനങ്ങളും

സർക്കാർ സംവിധാനങ്ങളിൽ നിന്നും വഴിമാറി മതജാതീയ സംഘടനകളിലേക്ക് വിഹിതം വയ്ക്കപ്പെട്ടുവെന്നതാണ് കച്ചവട താത്പര്യങ്ങളിലേക്ക് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ എത്തിചേർന്നതിന്റെ മറ്റൊരു പ്രധാനകാരണം. ജനങ്ങളുടെ നികുതി പണം കൊണ്ട് ശമ്പളം നൽകുകയും മുന്നോട്ടുപോകുകയും ചെയ്യുന്ന പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിയന്ത്രണം മതമേലാളന്മാരുടേയും നിയന്ത്രണം ജാതി സംഘടനകളുടേയും കൈകളിലെത്തിയതോടെ വിദ്യാഭ്യാസ മേഖലയെ അവർ തങ്ങൾക്കാവും വിധത്തിൽ വളച്ചൊടിക്കുവാൻ തുടങ്ങി. അധ്യാപന മേഖലയിലും വിദ്യാർത്ഥികളുടെ അവസരങ്ങളിലും സ്ഥാപിത താത്പര്യങ്ങൾക്കും ശുപാർശകൾക്കും ധനതാത്പര്യങ്ങൾക്കും വഴങ്ങി അവർ നടത്തിയ നിയമനങ്ങളും അവസരവാദതീരുമാനങ്ങളുമാണ് വിദ്യാഭ്യാസ മേഖലയിലെ അസന്തുലിതാവസ്ഥയുടെ ആദ്യ പടി. അതിൽ ചവട്ടികയറിക്കൊണ്ടാണ് വിദ്യാഭ്യാസ കച്ചവടക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് നടന്നുകയറിയത് എന്നു കാണാം. സർക്കാർ സംവിധാനങ്ങളിലും മത സ്ഥാപനങ്ങളിലും വിദ്യാഭ്യാസ കച്ചവട മേഖലയിലും നിലന്ൽക്കുന്ന ഇത്തരം ശക്തികളും അവ തമ്മിലുള്ള ഏകോപനവും മറ്റാർക്കും കടന്നു ചെല്ലാൻ കഴിയാത്ത വിധം ഈ മേഖലയിൽ പുതിയൊരു ചട്ടക്കൂടിനെ സൃഷ്ടിക്കുകയും കാര്യക്ഷമമല്ലാത്ത പൊതു വിദ്യാഭ്യാസമേഖലയെ മാറ്റി നിർത്തികൊണ്ട് അതിന് ബദലും അതിനേക്കാൾ വലുതുമായ ഒരു കമ്പോള വത്കരണത്തെ വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ചെടുക്കുവാൻ അവർക്ക് കഴിഞ്ഞു.

സർക്കാർ സംവിധാനങ്ങൾ ജനങ്ങളുമായി സംവദിക്കുന്നതിനു പകരം കുത്തക മുതലാളിമാരുടെ ചൊൽപ്പടിക്കു നിൽക്കുകയും അവരുടെ വാണിജ്യതാത്പര്യങ്ങൾക്ക് അനുകൂലമാകും വിധം നയങ്ങളെ രൂപവത്കരിക്കുകയും ചെയ്തപ്പോൾ പ്രാചീനകാലമുതലേ വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകിയ ഒരു മഹത്തായ ജനതയുടെ പൊതുതാത്പര്യങ്ങൾ പൂർണ്ണമായും ബലികഴിക്കപ്പെടുകയും അതിന് ബദലായി വാണിജ്യ താത്പര്യങ്ങളിലൂന്നിയ ഒരു സാധാരണക്കാരന്റെ അധ്യയന മോഹങ്ങളിൽ ഒതുങ്ങി നിൽക്കാത്ത രീതിയിലേക്ക് വിദ്യാഭ്യാസമേഖല മാറ്റപ്പെടുകയും ചെയ്തു. തത്ഫലമായി പൊതുവിദ്യാഭ്യാസ മേഖല പാർശ്വവത്കരിക്കപ്പെടുകയും വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾക്ക് ദൂരദേശങ്ങളിൽ അലഞ്ഞു തിരിയേണ്ട ഒരവസ്ഥാവിശേഷം സ്വാഭാവീകമായി സംജാതമാകുകയും ചെയ്തു.

## കടൽക്കടക്കുന്ന യുവത്വം

ആധുനീക വിദ്യാഭ്യാസ മേഖലയിലെ പ്രൊഷണലിസത്തിന്റെ അഭാവം ഉയർന്ന ഫീസ് നിരക്കുകൾ ഗുണമേന്മയില്ലായ്മ അവസരങ്ങളുടെ അഭാവം തുടങ്ങിയവയെല്ലാമാണ് കച്ചവടവത്കരണത്തിന്റെ പരിണിത ഫലങ്ങൾ. ഈ കാരണങ്ങളുടെ പ്രകടമായ പ്രതിരൂപങ്ങളാണ് നമ്മുടെ നാട്ടിൽ നിന്നും കടൽ കടന്ന് ഉപരിപഠനത്തിനും തുടർന്ന് ജോലിക്കുമായി നാടുവിട്ടുപോകുന്ന യുവത. മികച്ച വിദ്യാഭ്യസം ലഭ്യമാകുന്നില്ല എന്നതും ഉയർന്ന പണം നൽകി അത്തരമൊരു വിദ്യാഭ്യാസം നേടിയെടുത്താൽ തന്നെ ഇവിടെ അവസരങ്ങൾ ഇല്ല എന്നതും നേടുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമില്ലായ്മ ഒന്നുകൊണ്ടുമാത്രം മികച്ച തൊഴിൽ മേഖലകളിൽ മാറ്റി നിർത്തപ്പെടുകയും പുറം തള്ളപ്പെടുകയും ചെയ്യുന്നുവെന്നത് നമ്മുടെ യുവാക്കളെ മറ്റു രാജ്യങ്ങളിലേക്ക് ചേക്കേറുവാൻ നിർബന്ധിതരാക്കുന്നു.

കാലങ്ങളായി വിദേശത്ത് ലഭിക്കുന്ന ജോലിയേയും വരുമാനത്തെയും മാത്രം അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായം ജന്മദേശത്ത് നിലനിൽക്കുക എന്നതിൽ അപ്പുറം എങ്ങിനെയും വിദേശത്തേക്ക് പോവുക എന്ന ഒരു പ്രവണതയെ സമൂഹത്തിൽ സൃഷ്ടിച്ചെടുക്കുകയും അതിനെ അനുകൂലിക്കുന്ന സാമൂഹിക വ്യവസ്ഥിതികളെ രൂപപ്പെടുത്തുകയും ചെയ്തു എന്നതും ഈ കൊഴിഞ്ഞു പോക്കിന് ഒരു കാരണമാണ്. അടിസ്ഥാനമേഖലയിൽ നാം നൽകുന്ന വിദ്യാഭ്യാസം കൊണ്ട് കാര്യക്ഷമമായ ഒരു ജീവിത സാഹചര്യം കെട്ടിപ്പടുക്കുക എന്നത് ഏറെക്കുറെ അസംഭവ്യമാണ് എന്ന യാഥാർത്ഥ്യത്തിൽ നിന്നു കൊണ്ടാണ് നമ്മൾ ഇത്തരം പാലായനങ്ങളെ വിശകലനം ചെയ്യേണ്ടത്. നാടുവിട്ട് പോകുന്നവരിൽ ഭൂരിപക്ഷവും തിരിച്ചു വരുന്നില്ല എന്നതും വർഷാവർഷം പുറത്തേക്ക് പോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നുവെന്നതും നമ്മുടെ സംവിധാനങ്ങൾ ഏത് ദിശയിൽ പ്രവർത്തിക്കുന്നു എന്നതിലേക്ക് വിരൽ ചൂണ്ടുന്നു.

## ഉപസംഹാരം

പൊതുമേഖലയിൽ പ്രവത്തിക്കുന്ന കാര്യക്ഷമമായ സംവിധാനങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന മികച്ച അധ്യാപകരുടെ സേവനങ്ങൾ ലഭ്യമാകുന്ന നിലവാരമുള്ള പാഠശാലകളിലൂടെ വളർത്തിയെടുക്കുന്ന ഒരു തലമുറയിലൂടെ മാത്രമേ നിലവാരവും കാര്യക്ഷമവും രാജ്യസ്നേഹമുള്ളതുമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ കഴിയൂ. അവരിലൂടെ മാത്രമേ മികച്ച ഒരു സമൂഹത്തെ സൃഷ്ടിക്കാനാവൂ. അവിടെ മാത്രമേ നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത രാഷ്ട്രപുനഃനിർമ്മാണം സാധ്യമാവുകയുള്ളൂ. സമ്പന്നവും സമത്വസുന്ദരുമായ സമൂഹത്തെ കെട്ടിപടുക്കണമെങ്കിൽ സൗജന്യവും ഉയർന്ന നിലവാരമുള്ളതുമായ വിദ്യാഭ്യാസ സംവിധനത്തെ ആദ്യം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അത് പൂർണ്ണമായും പരസ്വാധീനനങ്ങൾക്ക് അധീതമായതും സാമ്പത്തിക സ്വാതന്ത്രമുള്ളതും സ്വയം നിയന്ത്രിതമായ ഒരു സ്വതന്ത്ര്യസംവിധാനത്തിൽ അധിഷ്ഠിതമായി അതിന്റെ ലക്ഷ്യത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്നതു മായിരിക്കണം. ക്രിസ്തുവർഷം 629 ഹ്യയാങ് സാങ് ഇന്ത്യ സന്ദർശിച്ചു- ക്രിസ്തുവർശം 2024 ലക്ഷോപലക്ഷം ഇന്ത്യൻ വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിനും തൊഴിലുമായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് യാത്ര തിരിക്കുന്നു.

### റഫറൻസുകൾ


രാജൻ, ആർ. *"കേരളത്തിലെ വിദ്യാഭ്യാസ കച്ചവടം: ചരിത്രവും സാമൂഹിക ദർശനങ്ങളും."* കൊച്ചി: പ്രഗതി പബ്ലിക്കേഷൻസ്, 2011.


മുരളീധരൻ, എസ്. *"വിദ്യാഭ്യാസവ്യവസായം: കേരളത്തിലെ വെല്ലുവിളികളും അവസരങ്ങളും."* തിരുവനന്തപുരം: സമതാ പബ്ലിക്കേഷൻസ്, 2014.

ശ്രുവണൻ, കെ. *"വിദ്യാഭ്യാസ കച്ചവടത്തിന്റെയും സാമ്പത്തിക ഘാതങ്ങൾ."* എറണാകുളം: വായനക്കാർ, 2017.

തമ്പാൻ, എം. *"വിദ്യാഭ്യാസത്തിൽ സ്വകാര്യവൽക്കരണം: കേരളത്തിലെ പ്രതിസന്ധികൾ."* കൊച്ചി: കൊച്ചി ആനുകാലിക പ്രസ്സ്, 2018.

രാമചന്ദ്രൻ, എസ്. *"കേരളത്തിലെ വിദ്യാഭ്യാസ കച്ചവടത്തിന്റെ സാമൂഹിക ദോഷങ്ങൾ."* തിരുവനന്തപുരം: കേരള ശാസ്ത്ര അക്കാദമി, 2020.

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
EDUSCHOOL ACADEMIC RESEARCH & PUBLISHERS
ISSN Online: ISSN Print



# സമകാലീക കേരളത്തിൽ മദ്യപാനത്തിന്റെ പ്രസക്തി

Ancy K.P, C J M Assumption Higher Secondary School,Varandarappilly, Thrissur, Kerala, India.

**Article information**
Received:10th January 2025
Received in revised form:18th February 2025
Accepted: 21st March 2025
Available online: 28th April 2025
Volume:1
Issue:1
DOI: https://doi.org/10.5281/zenodo.15341278

**Abstract**

The history of alcohol consumption in Kerala has deeply influenced the state’s culture, economy, and social structure. While alcohol had ritualistic significance in ancient times, its use during the medieval period was relatively controlled. In modern times, alcohol consumption has expanded to widespread use and sale, becoming a significant aspect of Kerala’s economic framework.Sree Narayana Guru’s perspective on alcohol consumption played a pivotal role in driving social change and awakening. His efforts to raise awareness about the harmful effects of alcohol were integral to the societal renaissance movements of his time.The anti-liquor movements of the 1980s aimed to protect society from the adverse effects of alcohol consumption. Even today, Kerala faces cultural and economic challenges related to alcohol, making awareness and regulatory efforts crucial.This article explores the history of alcohol consumption in Kerala, the differences between the medieval and modern eras, Sree Narayana Guru’s visionary views, and the impact and significance of the anti-liquor movements.

**സാരാംശം**

കേരളത്തിലെ മദ്യപാനത്തിന്റെ ചരിത്രം സമുദായത്തിന്റെ സംസ്കാരത്തെയും സാമ്പത്തികവും സാമൂഹികവും ഘടനകളെയും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പ്രാചീനകാലത്ത് മദ്യപാനത്തിന് ആചാരപരമായ പ്രധാന്യം ഉണ്ടായിരുന്നു, എന്നാൽ മദ്ധ്യകാലഘട്ടത്തിൽ ഇത് വസ്തുതാപരമായ നിയന്ത്രണങ്ങൾക്കുള്ളിൽ നിന്നു. മദ്യപാനത്തിന്റെ നിയന്ത്രിതമായ സ്വഭാവം ആധുനിക കാലത്ത് വ്യാപകമായ ഉപയോഗത്തിലും വിൽപ്പനയിലും മാറുകയും കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രാധാന്യം നേടുകയും ചെയ്തു.ശ്രീനാരായണഗുരുവിന്റെ മദ്യപാനത്തോടുള്ള കാഴ്ചപ്പാട് സമൂഹത്തിലെ ഒരു വലിയ മാറ്റത്തിനും സാമൂഹിക ഉണർവിനും കാരണമായി. മദ്യപാനത്തിന്റെ ദോഷഫലങ്ങളെ കുറിച്ച് അദ്ദേഹം നൽകിയ ബോധവത്കരണം, സമൂഹത്തിന്റെ നവോത്ഥാന പ്രക്രിയയുടെ ഭാഗമായിരുന്നു.1980-കളിൽ ആരംഭിച്ച ചാരായനിരോധന പ്രസ്ഥാനങ്ങൾ, മദ്യപാനത്തിന്റെ ദോഷങ്ങളിൽ നിന്ന് സമൂഹത്തെ രക്ഷിക്കാനുള്ള ശ്രമങ്ങളായിരുന്നു. ഇപ്പോഴും, സമകാലിക കേരളത്തിൽ മദ്യപാനത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ പ്രതിസന്ധികളെ അഭിമുഖീകരിച്ച് ബോധവത്കരണവും നിയന്ത്രണനീക്കങ്ങളും അത്യാവശ്യമായി തുടരുന്നു.ഈ ലേഖനം കേരളത്തിലെ മദ്യപാനത്തിന്റെ ചരിത്രം, മദ്ധ്യകാലത്തും ആധുനികകാലത്തുമുള്ള വ്യത്യാസങ്ങൾ, ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ, കൂടാതെ ചാരായനിരോധന പ്രസ്ഥാനങ്ങളുടെ ആഘാതവും പ്രാധാന്യവും വിശകലനം ചെയ്യുന്നു.

**പ്രധാന വാക്കുകൾ:** മദ്യപാനാസക്തി, മധ്യകാലഘട്ടം, ആധുനിക കാലഘട്ടം, ചാരായനിരോധനം, ശ്രീനാരായണഗുരുദേവന്റെ കാഴ്ചപ്പാട്, സാമ്പത്തിക അടിത്തറ.

**ആമുഖം**

പ്രാചീന കാലം മുതൽക്കെ തെങ്ങിൻ കള്ളും തെങ്ങ് ചെത്തും നിലനിന്നിരുന്ന സമൂഹമായിരുന്ന കേരളത്തിലേത്. കേരളത്തിലെ പ്രബലസമുദായങ്ങളിൽ ഒന്നായ ഈഴവർ തെങ്ങ് ചെത്തും കള്ള് നിർമ്മാണവും കുലത്തൊഴിലായി സ്വീകരിച്ചവർ ആയിരുന്നു. ഈഴവ സമൂഹം ശ്രീലങ്കയിൽ നിന്ന് കുടിയേറിയവരാണെന്ന ഒരു വാദം ഒരു കൂട്ടം ചരിത്രകാരൻമാർക്കിടയിലുണ്ട്. അത് തെറ്റോ ശരിയോ എന്നറിയില്ല എങ്കിലും ഇതേ തൊഴിലും രീതികളും ശ്രീലങ്കയിൽ നിലനിന്നിരുന്നു എന്നത് ഒരു വസ്തുത തന്നെയാണ്. ഇത് കൊണ്ടൊക്കെ തന്നെയാകാം ഈഴവ സമുദായത്തിൽ ജനിച്ച് അവരുടെ സാമൂഹ്യ ഉന്നമനത്തിനായി ഏറ്റവും അധികം പ്രയത്നിച്ച കേരളം കണ്ട ഏറ്റവും വലിയ സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണ ഗുരുദേവൻ മദ്യം വിഷമാണ് അത് കുടിക്കരുത് എന്ന ആ സമുദായത്തേയും കേരള സമൂഹത്തേയും നിരന്തരം ഉദ്ബോധിപ്പിച്ച പോന്നത്.

എന്നാൽ ഇന്നത്തെ സാമൂഹീക വ്യവസ്ഥിതി എവിടെയെത്തി നിൽക്കുന്നു? മദ്യപാനത്തെ ഇന്നത്തെ സമൂഹം സ്വീകരിക്കുന്നതും അംഗീകരിക്കുന്നതുമായ രീതി എങ്ങിനെ വന്നു ചേർന്നു? മദ്യപന്മാരുടെതായ ഒരു ജനതയെ നമുക്ക് സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞത് എങ്ങിനെയാണ്? അതിന്റെ ഗുണദോഷവശങ്ങൾ എന്തെല്ലാമാണ്? മദ്യവിമോചന പ്രസ്ഥാനങ്ങളുടെ അവസ്ഥയെന്ത്? അവബോധങ്ങൾ, വിദ്യാഭ്യാസങ്ങൾ മദ്യവിവർജനം എവിടെയെത്തി നിൽക്കുന്നു.

## സാഹിത്യ അവലോകനം

മദ്യപാനത്തെ കുറിച്ചുള്ള പഠനങ്ങൾ നിരവധിയുണ്ടായിട്ടുണ്ട്. പക്ഷെ അവയെല്ലാം വെറും ചടങ്ങുകൾ മാത്രമായി മാറുകയാണ് പതിവ്. മദ്യം സാമൂഹീക വ്യവസ്ഥിയിയെ ചൂഴ്ന്ന് നിൽക്കുകയും പലവ്യക്തികളുടേയും ജീവിതചര്യകളിൽ ഒരവിഭാജ്യ ഘടകമായി മാറുകയും ചെയ്യുമ്പോൾ ഒറ്റപ്പെട്ട പഠനങ്ങളുടെയെല്ലാം ഉദ്ദേശ്യശുദ്ധിയെ അത് നിരന്തരം ചോദ്യം ചെയ്യുന്നു. അത്യന്താപേക്ഷിതമായ മദ്യവിവിർജ്ജനത്തിലൂന്നിയ സംവിധാനങ്ങൾ ഒന്നും തന്നെ നമുക്കില്ല എന്നത് അതിന്റെ ഏറ്റവും വലിയ പോരായ്മയാണ്. മദ്യപിച്ച് ലക്കുകെട്ട ഒരു സമൂഹത്തെ ഉദ്ബോധിപ്പിക്കുക എന്നത്പോലെ പ്രയാസകരം തന്നെയാണ് നിശബ്ദമായി അതിനെ പിന്തുണയ്ക്കുന്ന ഒരു സമൂഹത്തെ ഉദ്ബോധിപ്പിക്കുക എന്നതും. അത്തരം ഒരു സാഹചര്യത്തിൽ നിന്നുകൊണ്ടാണ് കേരളത്തിലെ മദ്യ വിവർജന പ്രസ്ഥാനങ്ങളും അവയെ കുറിച്ചുള്ള പഠനങ്ങളും മുന്നോട്ട് പോകുന്നതും.

**പഠനങ്ങളിലേക്ക്**

രാജീവ്, പി. (2012) എഴുതിയ കേരളത്തിൽ മദ്യപാനം : ഒരു സാമൂഹികപഠനം എന്ന ഗ്രന്ഥം കേരളത്തിലെ മദ്യപാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഫലങ്ങൾ വിശകലനം ചെയ്യുന്നു. ഈ ഗ്രന്ഥം, മദ്യാപനത്തിന്റെ പ്രചാരവും, അതുമൂലം സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളും വിശദീകരിക്കുന്നു. മദ്യപാനത്തെക്കുറിച്ചുള്ള പൊതുവായ ധാരണകൾ അതിന്റെ ഉപയോഗത്തിന്റെ അവശിഷ്ടം സാമൂഹിക ദോഷങ്ങൾ എന്നിവയെ ഗ്രന്ഥം പരിശോധിക്കുന്നു. സാമൂഹിക പരിവർത്തനങ്ങൾ, സാമുദായീക സാംസ്കാരിക ബന്ധങ്ങൾ, തൊഴിൽ സാധ്യതകൾ എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ എന്നിവയെ കുറിച്ച് പ്രതിപാദിക്കുന്നു. ഒടുവിൽ കേരളത്തിലെ മദ്യപാനത്തിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങളും, സമൂഹത്തിലെ ആധുനികതയിൽ ഈ വിഷയത്തിന്റെ സ്ഥാനവും പരിശോധിക്കുന്നു.

നൈപ്പ്, എസ് (2015) എഴുതിയ മദ്യത്തിന്റെ സാമൂഹിക അർഥം: കേരളത്തിലെ പ്രധാന്യം എന്ന ഗ്രന്ഥം മദ്യത്തിന്റെ ഉപഭോഗം എങ്ങനെ സാമൂഹ്യ സംസ്കാരത്തിന്റെ ഒരുഭാഗമായി മാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. മദ്യപാനത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങളും ഈ പഠനത്തിൽ പ്രതിപാദിക്കുന്നു. പ്രത്യേകിച്ച് സമൂഹത്തിലെ ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവിയിൽ മദ്യത്തിന്റെ സ്ഥാനത്തെക്കുറിച്ചും എന്നാൽ മദ്യപാനത്തിന്റെ നഷ്ടങ്ങളും ആരോഗ്യ പ്രശ്നങ്ങളും, കുടുംബ പ്രശ്നങ്ങളും സംബന്ധിച്ച എതിർപ്പുകളും ഇതിൽ ആവിഷ്കരിക്കുന്നു.

ശിവൻ, വി. (2017) എഴുതിയ കേരളത്തിലെ കഠിന മദ്യനയങ്ങൾ: സാമൂഹീക ദോഷങ്ങൾ എന്ന ഗ്രന്ഥം, സമകാലീന കേരളത്തിലെ മദ്യനയങ്ങൾ എങ്ങനെ സാമൂഹിക ദോഷങ്ങളിലേക്ക് നയിക്കുന്നു എന്നതിനെക്കുറിച്ച് ആധികാരികമായി ചർച്ച ചെയ്യുന്നു. ഈ ഗ്രന്ഥം കഠിന മദ്യനയങ്ങൾ കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, കുടുംബവിമുക്തി, സാമ്പത്തിക കഷ്ടപാടുകൾ എന്നിവയെ വിശദമായി വിശകലനം ചെയ്യുന്നു. കൂടാതെ, നയങ്ങളുമായി ബന്ധപ്പെട്ട സാമൂഹിക വെല്ലുവിളികളും, അവയ്ക്കിടയിലെ അന്തരീക്ഷവും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മദ്യപാനം കൊണ്ടുള്ള സാമൂഹിക ദോഷങ്ങൾ, അവയ്ക്കൊപ്പം വരുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങൾ, അടിയന്തര സംരക്ഷണം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. ഈ പഠനം, മദ്യ നയങ്ങളിൽ ഉണ്ടാകുന്ന സാമൂഹിക അന്തരീക്ഷത്തെ വ്യക്തമാക്കുന്നതിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

മാധവൻ,എൽ. (2019) എഴുതിയ കേരളത്തിലെ മദ്യാപാനത്തിന്റെ വ്യവസായവും സമൂഹത്തിലെ മാറ്റങ്ങളും എന്ന ഗ്രന്ഥം മദ്യവ്യവസായത്തിന്റെ സാമൂഹത്തിലെ ആന്തരീക സ്വാധീനങ്ങളെ ആഴത്തിൽ പരിശോധിക്കുന്നു. ഈ ഗ്രന്ഥത്തിൽ, മദ്യവ്യവസായത്തിൻറെ വികസനം എങ്ങനെ പ്രാദേശിക സമുദായങ്ങളെ ബാധിക്കുന്നു, തൊഴിൽ അവസരങ്ങൾ, വരുമാനവികസനം, ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന വെല്ലുവിളികൾ എന്നിവയെ വിശദമായി വിശകലനം ചെയ്യുന്നു.

## ഗവേഷണരീതി

സമകാലീക കേരളത്തിലെ മദ്യപാനത്തിന്റെ പ്രസക്തി എന്ന ഗവേഷണ പഠനം വിവരണാത്മക ഗവേഷണ രീതി പിന്തുടരുന്നു. പ്രാഥമിക ഡാറ്റ സമാഹരിക്കാൻ ഭിന്ന മേഖലകളിൽ നിന്നുള്ള കേന്ദ്രീകൃത സാമൂഹീക ചർച്ചകൾ, അഭിമുഖങ്ങൾ എന്നിവ നടത്തുകയും ജനങ്ങളുടെ അനുഭവങ്ങളും അനുഭവങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുകയും ചെയ്തു.

ദ്വിതീയ ഡാറ്റ ശേഖരണത്തിനായി, കഴിഞ്ഞകാല ഗവേഷണ ലേഖനങ്ങൾ, ഗവൺമെൻറ് റിപ്പോർട്ടുകൾ അക്കാദമിക് ജേർണലുകൾ, മദ്യപാനത്തെ സംബന്ധിച്ച നിയമങ്ങൾ എന്നിവ ഉപയോഗിച്ചു. ഈ ഗവേഷണരീതി, മദ്യപാനത്തിന്റെ സാമൂഹ്യ ഉൽകണ്ഠകളും, അതിന്റെ നയം, ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക ദോഷങ്ങൾ എന്നിവയെ കൂടി ഉൾക്കൊള്ളുന്നു. സമകാലീന കേരളത്തിലെ മദ്യവിമുക്ത സാംസ്കാരിക സംവാദങ്ങൾ ഈ പഠനത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്നായിരിക്കുന്നു, ഇത് വിവിധ ജനവിഭാഗങ്ങളുടെ അവബോധവും അഭിപ്രായങ്ങളും മനസ്സിലാക്കുന്നതിന് സഹായകമായി.

## ശ്രീനാരായണ ഗുരു - ഗുരുദേവനും കാഴ്ചപ്പാടുകളും

“മദ്യം വിഷമാണ് അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്“ ശ്രീനാരായണ ഗുരുവിന്റെ ഏറ്റവും പ്രശസ്തമായ വാക്കുകളാണിവ. കേരളം കണ്ട ഏറ്റവും വലിയ സാമൂഹീക പരിഷ്കർത്താവ് എന്ന നിലയിൽ മാത്രമല്ല കേരളത്തിൽ മദ്യ വിവർജനത്തിന് അടിത്തറയിട്ട മഹത് വ്യക്തി എന്ന നിലയിൽ കൂടിയാണ് ചരിത്രം ഗുരുദേവനെ കാണുന്നത്.

മദ്യം ഒരു വ്യക്തിയുടെ വിശേഷ ബുദ്ധിയെ നശിപ്പിക്കുമെന്ന് ഗുരുദേവൻ അഭിപ്രായപ്പെട്ടിരുന്നു. വിശേഷ ബുദ്ധി നശിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം താൻ ആരാണെന്നോ താൻ നിലനിൽക്കുന്ന സ്ഥാനമാനങ്ങൾ എന്താണെന്നോ അയാൾ സ്വയം വിസ്മരിക്കുമെന്ന് ഗുരുദേവൻ ഓർമ്മപ്പെടുത്തുന്നു. താൻ ഒരു ഭർത്താവാണെന്നോ, പിതാവാണെന്നോ, സഹോദരനാണെന്നോ, മകനാണെന്നോയുള്ള സാമാന്യ ബോധത്തിൽ നിന്നും വ്യക്തി പുറത്തുകടക്കുകയും ഇത് കുടംബപരവും അതിലുപരി സാമൂഹീകവും സാംസ്കാരികവുമായ അന്തഃചിത്രത്തിലേക്ക് നയിക്കുമെന്നും ഗുരു ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ മദ്യപാനം കുടുംബവ്യവസ്ഥിതിയെയും സാമൂഹികവ്യവസ്ഥതിയെയും പാടെ തകിടം മറിക്കുന്ന ഒന്നാണെന്ന് ഗുരു അഭിപ്രായപ്പെട്ടിരുന്നു.

മദ്യപാനം വ്യക്തിയുടേയും കുടുംബത്തിന്റെയും സാമ്പത്തീക അടിത്തറയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുമെന്നും അതിലൂടെ സമൂഹവും കുടുംബവും പൂർണ്ണമായ ദാരിദ്രത്തിലേക്ക് എത്തിച്ചേരുമെന്നും ഗുരു വിവക്ഷിച്ചു. ഇത് വ്യക്തിയെ പൂർണ്ണമായും അലസനും അതിലുപരി ആഭാസനും ആക്കിത്തീർക്കുമെന്നും അതിനാൽ മദ്യപിച്ച് ലക്കുകെട്ട് വഴിയിൽ കിടക്കേണ്ടവരല്ല മനുഷ്യരെന്ന് ഗുരു നിരന്തരം ഉദ്ബോധിപ്പിച്ചു. അതിൽ ഊന്നി നിന്നുകൊണ്ടാണ് മദ്യം വിഷമാണെന്നും അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്ന് ഗുരു ഉദ്ബോധിപ്പിച്ചത്.

## മദ്യപാനം- കേരളത്തിന്റെ ചരിത്രം

അതിപുരാതനകാലം മുതൽക്ക തന്നെ കള്ള് ചെത്ത് നിലനിന്നിരുന്ന ഒരു സമൂഹമായിരുന്ന നമ്മുടേത് അത് എന്ന് തുടങ്ങിയെന്നോ എങ്ങിനെ പിന്തുടർന്ന് പോന്നുവെന്നോ ഉള്ള കൃത്യമായ ചരിത്ര രേഖകളൊന്നും തന്നെ നമുക്ക് ലഭ്യമല്ല. കാരണം അതിന്റെ ചരിത്രപരമായ പഴക്കം തന്നെ. എന്നാൽ കേരളപിറവിക്ക് മുന്നേയുള്ള കാലഘട്ടങ്ങളിൽ തന്നെ ഇവിടെ ചാരായത്തിന്റെ നിർമ്മാണവും വിതരണവും ഉപഭോഗവുമെല്ലാം നിലനിന്നിരുന്നു എന്നത് ഒരു ചരിത്രയാഥാർത്ഥ്യം തന്നെയാണ്. വലിയ വലിയ മൺപാത്രങ്ങൾ അടുക്കിവെച്ച് നിർമ്മിച്ചിരുന്ന പ്രാചീന വാറ്റ് സമ്പ്രദായത്തിലൂടെ നിർമ്മിച്ചെടുക്കുന്ന ചാരായം പഴയ കാലഘട്ടത്തിൽ ഉൾനാടുകളിലെ പല കുടുംബങ്ങളുടെയും ഉപജീവനമാർഗം തന്നെയായിരുന്നു. അസംഘിടിത മേഖലയിൽ നിലനിന്നിരുന്ന ഇത്തരം അന്തഃചിദ്രങ്ങൾ അതുകൊണ്ടുതന്നെ ആരുടെയും നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നുമില്ല. ആയതിനാൽ തന്നെ, ചെത്തുകള്ളും, ചാരായവും സുലഭമായി ലഭ്യമായിരുന്ന ഒരു ചരിത്രം തന്നെയാണ് കേരളത്തിനുണ്ടായിരുന്നത്. പക്ഷെ പഴയകാലഘട്ടത്തിന്റെ അവബോധവും സാമൂഹ്യവ്യവസ്ഥിതിയും ചില കാര്യങ്ങളിലെങ്കിലും ഇന്നത്തേക്കാൾ മികച്ചതായിരുന്നു എന്നതിനുള്ള ഒരു മികച്ച ഉദാഹരണമാണ് ആ കാലഘട്ടങ്ങളിലെ മദ്യപന്മാരോടുള്ള സമീപനം സമൂഹത്തിൽ അവർക്ക് കാര്യമായ സ്ഥാനങ്ങളൊന്നും തന്നെ കല്പിക്കപ്പെട്ടിരുന്നില്ല.

മദ്യപിക്കുന്നത് വളരെ മോശമായ ഒരു പ്രവൃത്തി എന്ന നിലയിലാണ് പഴയ കാലഘട്ടങ്ങളിൽ കരുതിയിരുന്നത്. സമൂഹം അവരെ കുറ്റവാളികളെപ്പോലെ നോക്കി കണ്ടു. മദ്യപാനി എന്ന വിശേഷണം പൊതുവെ അപമാനകരമായി കണ്ടു. ഇത് മദ്യത്തിനെതിരായ ശക്തമായ ഒരു സാമൂഹീക അവബോധം നിലനിർത്തുവാനായി പഴയകാലഘട്ടങ്ങളെ സഹായിച്ചു. മദ്യപിക്കാത്ത ഒരാൾ മികച്ച കുടുംബ പശ്ചാത്തലത്തിൽ നിന്നുള്ള ഒരാൾ എന്ന രീതിയിൽ ഗണിക്കപ്പെട്ടു. പിൽക്കാലത്ത് കേരളപ്പിറവിയോടു കൂടി മദ്യത്തെ ഒരു വ്യവസായമായി കാണുകയും അതിനെ സംഘടിത മേഖലകളിലേക്ക് മാറ്റുകയും ചെയ്തു. അതോടെ ഒരു തൊഴിലവസരം എന്ന രീതിയിൽ കൂടി അതിന് കൂടുതൽ പ്രാമുഖ്യം കൈവന്ന അവസ്ഥ സംജാതമായി.

## മദ്യപാനത്തിന്റെ മധ്യകാലഘട്ടം

സംഘടിതമായ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപപ്പെട്ട കാലഘട്ടങ്ങളിൽ കേരളത്തിന്റെ സാമൂഹിക വ്യവസ്ഥിതിയിൽ അത് കാര്യമായ ചലനങ്ങളുണ്ടാക്കി. സംഘടിതമായ ചെത്തു തൊഴിലാളി സംഘങ്ങൾ രൂപപ്പെട്ടു. കള്ള് ചെത്തി സ്വയം വിൽക്കുക എന്നതിൽ നിന്നും അവ ഷാപ്പുകളിൽ കൊണ്ടുപോയി കൂട്ടമായി ശേഖരിച്ചു വച്ചു വിൽക്കുക എന്ന പൊതു സംവിധാനത്തിലേക്ക് കാര്യങ്ങൾ മാറ്റപ്പെട്ടു. ചാരായം വിൽക്കുന്നതിനായി പ്രത്യേക വിൽപ്പന കേന്ദ്രങ്ങളും നിർമിക്കുന്നതിനായി നിർമ്മാണ കേന്ദ്രങ്ങളും നിലവിൽ വന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ നിലവിൽ വന്നു. ചാരായ ഷാപ്പുകളും കള്ള് ഷാപ്പുകളും മേഖലകളായി തിരിച്ച് ലേലം ചെയ്ത് നൽകുക എന്ന രീതിയിലേക്ക് സർക്കാർ നയങ്ങൾ രൂപപ്പെടുത്തുകയും അവ നടപ്പിലാക്കുകയും ചെയ്തു, ഇത് മദ്യപാനത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ സ്വാഭാവീകമായും ഇടയാക്കി.

കേരളം എന്ന കൊച്ചു സംസ്ഥാനത്ത് 5600 ഓളം ചാരയഷാപ്പുകൾ നിലവിൽ വന്നു കള്ള് ഷാപ്പുകൾ 4000ത്തിൽ ഏറെയായി. നമ്മുടെ പഞ്ചായത്തുകളുടെ എണ്ണം കേവലം 940 ഓളം മാത്രമാണ് എന്നോർക്കുമ്പോഴാണ് ഇതിന്റെ ഭീകരത നമുക്ക് വ്യക്തമാകുന്നത്.

സമൂഹത്തിന്റെ ബോധതലങ്ങളിൽ ഈ കാലഘട്ടങ്ങളിലും മദ്യപാനികളോടുള്ള മനോഭാവം ഏറെ വ്യത്യസ്തമൊന്നുമായിരുന്നില്ല. മദ്യപിച്ച് വീട്ടിൽ കയറിചെല്ലുന്നവരുടെ എണ്ണം, അപ്പോഴും തുലോം കുറവായിരുന്നു. മദ്യപാനം വളരെ മോശമായ ഒരു ശീലമാമാണെന്ന മനോഭാവം ആ കാലഘട്ടങ്ങളിലും സമൂഹത്തിൽ നിലനിന്നിരുന്നു എന്നതായിരുന്നു അതിനു പ്രധാന കാരണം. തലയിൽ മുണ്ടിട്ട് മറിച്ച് ആരും കാണാതെ മദ്യശാലകളിലേക്ക് കയറിപ്പോവുകയും ഇറങ്ങിവരികയും ചെയ്തിരുന്ന ഒരു വ്യവസ്ഥിതിയായിരുന്നു ആ കാലഘട്ടങ്ങളിൽ നിലനിന്നിരുന്നത്.

1984ൽ കേരള ബീവറേജ് കോർപ്പറേഷൻ നിലവിൽ വന്നതോടുകൂടി ബാർഹോട്ടലുകൾ അധികമാവുകയും മദ്യപാനത്തെ പ്രൗഢിയുടെ പ്രതീകമായി ചിത്രീകരിക്കുന്ന ഒരു പ്രവണതയ്ക്ക് സർക്കാർ തലത്തിൽ തന്നെ തുടക്കം കുറിക്കുകയും ചെയ്തു. ഇത് സംസ്ഥാനത്തുടനീളം അന്ന് നിലനിന്നിരുന്ന ഗാന്ധിയൻ മദ്യവർജന പ്രസ്ഥനങ്ങളുടെയെല്ലാം കടയ്ക്കൽ കത്തി വയ്ക്കുന്ന രീതിയിലുള്ള പ്രവണതകളുടെ ആദ്യപടിയായി നമുക്ക് അനുമാനിക്കാം.

## ആധുനീക കാലഘട്ടം

1996 ഏപ്രിൽ 1 കേരള മുഖ്യമന്ത്രിയായിരുന്ന എ.കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള സർക്കാർ ചാരായത്തിന് നിരോധനം ഏർപ്പെടുത്തി. ഇത് സാമൂഹ്യമായ വലിയ മാറ്റങ്ങൾക്ക് വഴിവെച്ചുവെങ്കിലും ചാരായ നിർമ്മാണഷാപ്പ് മേഖലയിൽ പ്രവർത്തിച്ചിരുന്ന കുറെയേറെ പേർക്ക് തൊഴിൽ നഷ്ടപ്പെടുവാൻ ഇടയാക്കി. സാമൂഹീകമായ സന്തുലിതാവസ്ഥയെ വലിയ തോതിൽ ഒന്നും ഇത് ബാധിച്ചില്ല എങ്കിൽ കൂടി അതിനുശേഷം അധികാരത്തിലേറ്റ സർക്കാരുകൾ തൊഴിലാളികളെ പുനഃരധിവസിപ്പിക്കുവാൻ എന്ന പേരിലും വ്യാജ മദ്യത്തിന്റെ ഉത്പാദനവും ഉപഭോഗവും വർധിക്കുമെന്ന പേരിലും ഒരു ബദൽ സംവിധാനം എന്ന പേരിലും ബീവറേജ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും കീഴിൽ അനേകം വിദേശ മദ്യഷോപ്പുകൾ തുറക്കുകയും മദ്യത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു.

പലകാരണങ്ങൾ ഉയർത്തികാട്ടി സ്ഥാപിതമായ ഇത്തരം മദ്യ വിപണന കേന്ദ്രങ്ങളുടെ യഥാർത്ഥ്യ ലക്ഷ്യം വ്യാജ മദ്യത്തെ തടയുകയോ മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുകയോ ഒന്നും ആയിരുന്നില്ല. മറിച്ച് ചാരായ നിരോധനത്തിലൂടെ സർക്കാർ വരുമാനത്തിലുണ്ടായ വലിയ തോതിലുള്ള ഇടിവ് നികത്തുക എന്നതുതന്നെയായിരുന്നു. ആയതിനാൽ ചാരായത്തിൽ നിന്നുള്ള വരുമാനത്തേക്കാൾ ഉയർന്ന വരുമാനം ലഭിക്കുന്ന മറ്റൊരു ബദൽ വരുമാന സ്രോതസ്സായി ഇതിനെ മാറ്റിയെടുക്കുവാൻ സർക്കാറുകൾക്ക് കഴിഞ്ഞു.

സാമൂഹീകമായ ചിന്താഗതികളും ഉപഭോക്തൃ സംസ്കാരത്തിന്റെ പുത്തൻ അലയൊലികളും മാറ്റുരയ്ക്കാൻ തുടങ്ങിയ ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കത്തിൽ യുവതലമുറയും കുടംബങ്ങളും പൊതുവായി മദ്യത്തെ ഒരു സർവ്വസാധാരണമായ പാനീയമെന്നപോലെ ഏറ്റെടുക്കുന്ന ഒരു കാഴ്ചയിലേക്ക് ഈ കാലഘട്ടത്തിൽ കേരളീയ സമൂഹം വഴിമാറി. ചരിത്രത്തിലാദ്യമായി മദ്യത്തിന്റെ വരുമാനം കൊണ്ട് ചലിക്കുന്ന ഒരു ഭരണ സംവിധാനം കേരളത്തിൽ നിലവിൽ വന്നു. ഇത് സാമൂഹീകമായ വലിയൊരു അപചൃതിയെ സാമാന്യവത്കരിക്കുവാൻ സംസ്ഥാന ഭരണകൂടത്തെ നിർബന്ധിതമാക്കി. തൽഫലമായി വല്ലപ്പോഴും തലപൊക്കി നോക്കിയുരുന്ന മദ്യ വിവർജ്ജന പ്രസ്ഥാനങ്ങൾ പോലും നമ്മുടെ സമൂഹത്തിൽ നിന്ന് പാടെ അപ്രത്യക്ഷമായി. മദ്യത്തെയും മയക്കമരുന്നിനെയും സാമാന്യവത്കരിച്ച ഒരു യുവജനത രാവിലെ മുതൽ അർധരാത്രിയോടടുക്കും വരെ ബീവറേജ് കോർപ്പറേഷന്റെയും മറ്റും വിൽപനകേന്ദ്രങ്ങൾക്ക് മുൻപിൽ അച്ചടക്കത്തോടെ നിശബ്ദരായി വരിനിൽക്കുന്ന ഒരു കാഴ്ചയിലേക്ക് സംസ്ഥാനം പൂർണ്ണമായും എത്തിപ്പെട്ടു.

## ചില ചരിത്രപരമായ തീരുമാനങ്ങൾ

മദ്യം വിവർജിക്കുവാൻ ആഹ്വാനം ചെയ്ത ഗുരുസ്വാമിയേയും ചട്ടമ്പി സ്വാമികളേയും പോലുള്ള മഹാന്മാരായ ചരിത്ര പുരുഷന്മാർ നമുക്ക് നൽകിയത് കാലഘട്ടത്തിനപ്പുറം കടന്ന വലിയ ചുവടുപയ്പ്പുകൾ തന്നെയാണ്. അവർ ഇന്നലയുടെ ചരിത്രത്തൊടൊപ്പം നടന്നവരും ഇന്നേക്കായി പുതിയ ചരിത്രങ്ങളെ സൃഷ്ടിച്ചവരുമായിരുന്നു. അവർക്ക് ശേഷം കള്ള് ഷാപ്പുകളിലൂടെ ചാരായ ഷാപ്പുകളിലൂടെ വിദേശ മദ്യ വിൽപ്പന ശാലകളിലൂടെ നാം സൃഷ്ടിച്ചെടുത്തത് അവർക്കെതിരെ തിരിച്ച നടന്ന നവോത്ഥാനത്തിന് പൂർണ്ണമായും വിരുദ്ധമായ ചില പിൻതിരിപ്പൻ ചരിത്ര തീരുമാനങ്ങളിലേക്കായിരുന്നു. ഈ കാലഘട്ടങ്ങൾക്കിടയിൽ നമുക്ക് അഭിമാനിക്കാനായി ചരിത്രപരമെന്ന് വിശേഷിപ്പിക്കുവാൻ ബാക്കി വയ്ക്കപ്പെട്ടത് ഒരേയൊരു മികച്ച നയം മാത്രമായിരുന്നു. അതായിരുന്ന ആൻറണി സർക്കാർ നടപ്പിലാക്കിയ ചാരായ നിരോധനം. സ്പിരിറ്റിനെ നേരിട്ട് നേർപ്പിച്ച് മദ്യമാക്കിയെടുക്കുന്ന ചാരായത്തിന് വില വളരെ കുറവായിരുന്നു. നാടിന്റെ മുക്കിലും മൂലയിലും ലഭ്യമായിരുന്ന ചാരായം ഒരു വലിയ സാമൂഹ്യ വിപത്ത് തന്നെയായിരുന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലായി മദ്യപിച്ച് ലക്കകെട്ട് വീണുകിടക്കുന്ന മദ്യപാനികൾ ഒരു സ്ഥിരം കാഴ്ചയായിരുന്നു. ഉൾനാടൻ ഗ്രാമങ്ങളിലെ കവലകളിലെല്ലാം പകൽ രാത്രി ഭേദമന്യേ ഉറക്കെ ഒച്ചയെടുത്ത് നിയന്ത്രണമില്ലാതെ നടക്കുന്ന സാമൂഹ്യ വിരുദ്ധരായ മദ്യപാനികളുടെ നിറസാനിദ്ധ്യമായിരുന്നു. രാത്രിയിലെ ഇരുട്ടിൽ തോടുകളിലും കുളങ്ങളിലും വീണുമരിക്കുന്ന മദ്യപാനികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. സമ്പൂർണ്ണമായും അരക്ഷിതാവസ്ഥകൾ നിറഞ്ഞ ഒരു കാലഘട്ടത്തിൽ നിന്നുള്ള മോചനമായിരുന്നു ആ മദ്യ നിരോധനം.

## സംവിധാനങ്ങളും സർക്കാർ നയങ്ങളും

ഏതൊരു സംവിധാനങ്ങളും മികച്ച രീതിയിൽ കാര്യക്ഷമമാകുന്നത് അതിന്റെ പ്രവർത്തന രീതി, ഉദ്ദേശശുദ്ധി എന്നിവ കാര്യക്ഷമവും മികച്ചതും ആകുമ്പോഴാണ്. ഒരു സർക്കാർ സംവിധാനം എന്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്ന് ചോദിച്ചാൽ ആത്യന്തികമായി അത് ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നുവെന്നും ജനക്ഷേമത്തിനായി പ്രവർത്തിക്കുന്നുവെന്നും പറയുമ്പോഴാണ് അതിനെ മികച്ച സംവിധാനം എന്ന് വിളിക്കാനാകുന്നത്. യാഥാർത്ഥ്യത്തിൽ നമ്മുടെ സംവിധാനങ്ങൾ എന്തിന് വേണ്ടി പ്രവർത്തിക്കുന്നു?

എന്താണ് നമ്മുടെ സർക്കാർ പിന്തുടരുന്ന മദ്യ നയം? ഒരു സംസ്ഥാനത്തിന്റെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ആ ജനതയെ മുഴുവൻ മദ്യപാനികളാക്കുക എന്നതാണോ ഒരു സർക്കാർ പിൻതുടരേണ്ട മദ്യനയം? മദ്യപാനത്തിൽ നിന്നുള്ള വരുമാനം കൊണ്ടോ ചൂതാട്ടത്തെ അനുസ്മരിപ്പിക്കുന്ന ലോട്ടറിയിൽ നിന്നുള്ള വരുമാനം കൊണ്ടോ അല്ല ഒരു സർക്കാർ സംവിധാനം പ്രവർത്തിപ്പിക്കേണ്ടത്. അത് മികച്ച വ്യവസായവത്കരണത്തിലൂടെയും കാർഷീക വൃത്തിയിലൂടെയും ഭൂപകൃതിയാൽ സമ്പന്നമായ ഈ നാടിന്റെ ടൂറിസം സാധ്യതകളിലേക്കുള്ള മികച്ച കാൽവയ്പുകളിലൂടെയും നേടിയെടുക്കുന്ന മികച്ച വരുമാനങ്ങളിലൂടെയായിരിക്കണം. ജനങ്ങളെ മദ്യപിപ്പിച്ച് അവർക്ക് വേണ്ട പണം തന്നെ കണ്ടെത്തുക എന്നത് ഗോത്രസംസ്കാര കാലഘട്ടത്തിൽ പോലും നിലനിന്നിട്ടില്ലാത്ത ഒരു പ്രാകൃതമായ രീതി വിശേഷമാണെന്ന് പറയാതെ വയ്യ. ചിന്തിക്കുക നമ്മൾ മാറേണ്ടത് എവിടെ നിന്നാണ്? സർക്കാരുകളുടേയും സംവിധാനങ്ങളുടേയും നയങ്ങൾ എപ്പോഴാണ് മാറ്റങ്ങൾക്ക് വിധേയമാകുക.

## ഉപസംഹാരം

പോളണ്ടിലെ തണുപ്പ് മൈനസ് ഡിഗ്രിയേക്കാൾ താഴെ പോകാറുണ്ട്. അതിനെ അതിജീവിക്കുവാനായി ഒരു ഔൺസ് റം കഴിക്കുക എന്നത് അവരുടെ ശീലമാണ്. ശരീരത്തെ ചൂടുപിടിപ്പിക്കുവാനായി അവർ കണ്ടെത്തിയ പാനീയമാണത്. ഒന്നോ രണ്ടോ പെഗ്ഗിൽ കൂടുതൽ അത്

നീണ്ടുപോകാറില്ല. സ്കോട്ട്ലാന്റിന്റെ കാലാവസ്ഥയിലും ഇതേ തണുപ്പിന്റെ ആധിക്യം ഉണ്ടാകാറുണ്ട്. ഒരല്പം മദ്യത്തിൽ ഒരു ഐസ്ക്യൂബ് ഇട്ട് അതലിയുവോളം സമയം കാത്തിരുന്ന് പതുക്കെ നുണച്ചിറക്കുന്ന വളരെ ഉയർന്ന നിലവാരമുള്ള ആ മദ്യത്തിനും ശരീരഊഷ്മാവിനെ നിലനിർത്തേണ്ട വലിയ ചുമതലയുണ്ട്.

ഫ്രഞ്ചുകാരന്റെ വീഞ്ഞിനും റഷ്യക്കാരന്റെ വോട്ക്കയ്ക്കുമെല്ലാം ഇതേ ധർമ്മങ്ങൾ തന്നെയാണ് ഉള്ളത്, എല്ലാം ജീവിത സാഹചര്യങ്ങളോട് മല്ലിടുവാനും തണുപ്പിനെ അതിജീവിക്കുനാനും വേണ്ടി ഓരോ സ്ഥലത്തേയും മനുഷ്യർ നൂറുകണക്കിന് വർഷങ്ങളിലൂടെ വികസിപ്പിച്ചെടുത്തവയാണ്. അപൂർവ്വം ചിലർ അവർക്കിടയിലും മദ്യപിച്ച് ലക്കുകെടാറുണ്ടെങ്കിൽ പോലും!

സ്കോച്ചിന്റെയും വൈനിന്റെയുമെല്ലാം പതിൻമടങ്ങ് വീര്യമുള്ള യാതൊരു നിലവാരവുമില്ലാത്ത ലോക്കൽ മദ്യം അരലിറ്ററും ഒരു ലിറ്ററും എല്ലാം വലിച്ച് കുടിച്ച് 40 ഡിഗ്രിയോളം വരുന്ന കേരളത്തിലെ ചൂടിൽ കിടന്നുറങ്ങുന്ന മലയാളി ഓർക്കുന്നുണ്ടോ തന്റെ ശവക്കല്ലറയിലേക്ക് ഇവിടുത്തെ സർക്കാരിന്റെ കുത്തഴിഞ്ഞ മദ്യനയത്തിന്റെ ഇരയാക്കി അവസാനത്തെ ആണിയും അടിച്ചു കയറ്റുന്ന താൻ സ്വയം ചെന്ന് വീഴുന്നത് ഒരഭിമാനബോധത്തിന്റെയും മുകളിലേക്കെല്ലായെന്നും മദ്യം ഒരു അഭിമാനബോധത്തേയും സാധൂകരിക്കുന്നില്ല എന്നും.

ഓർക്കുക മദ്യം വിഷമാണ് അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്. നമുക്ക് മുന്നേ നടന്നുപോയ ഒരു വലിയ മനുഷ്യന്റെ ശബ്ദം എപ്പോഴെങ്കിലും അതിനായി ഒന്ന് ചെവിയോർക്കുക.

## റഫറൻസുകൾ


രാജീവ്, പി. *കേരളത്തിൽ മദ്യപാനം: ഒരു സാമൂഹിക പഠനം* (തിരുവനന്തപുരം: ജനതാ പബ്ലിക്കേഷൻസ്,2012).


നൈപ്പ്, എസ്. *മദ്യത്തിൻറെ സാമൂഹിക അർത്ഥം: കേരളത്തിലെ പ്രാധാന്യം* (കോഴിക്കോഡ്: കേരള സാഹിത്യ അക്കാദമി, 2015).

ശിവൻ, വി. *കേരളത്തിലെ കഠിന മദ്യനയങ്ങൾ: സാമൂഹിക ദോഷങ്ങൾ* (എറണാകുളം: പത്മിനി പ്രസ്സ്, 2017).

നായർ, അനുപമ, and മേരി, ജോൺ. "മലയാള ഭാഷയുടെ ചരിത്രപരമായ വികാസം." *പണ്ഡിത്* 8, no. 2 (2017): 45-60.

മാധവൻ, എൽ. *കേരളത്തിൽ മദ്യപാനത്തിന് വ്യവസായവും സമൂഹത്തിലെ മാറ്റങ്ങളും* (കോട്ടയം:മലബാർ പബ്ലിക്കേഷൻസ്, 2019).

INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
EDUSCHOOL ACADEMIC RESEARCH & PUBLISHERS
ISSN Online: ISSN Print



# സംസ്കാരവ്യവസായത്തിന്റെ പ്രവർത്തനങ്ങൾ: ഓണാഘോഷം മുൻ നിർത്തിയുള്ള പഠനം

C Ganesh, Assistant Professor, School of Creative Writing, Thunchath Ezhuthachan Malayalam University, Vakkad, Tirur , Malappuram, Kerala, India.

**Article information**
Received: 9th January 2025
Received in revised form: 12th February 2025
Accepted: 24th March 2025
Available online: 28th April 2025
Volume: 1
Issue: 1
DOI: https://doi.org/10.5281/zenodo.15341424

**Abstract**

This study, which reinterprets Onam as part of cultural industry, selectively examines some of the recent cultural production elements. The attempt is to highlight the frameworks of cultural construction in areas such as print advertisements, the internet, and tourism. This perspective, grounded in an understanding of the specific consciousness of cultural evolution, will reveal how it enters into the political narratives of popular culture.

**സാരാംശം**

ഓണത്തെ സംസ്കാരവ്യവസായത്തിന്റെ ഭാഗമായി പുനർവിവരിക്കുന്ന ഈ പഠനം സമീപകാലത്തെ സാംസ്കാരിക നിർമാണ ഉപാദാനങ്ങളിൽ ചിലതിനെ സൗകര്യപൂർവ്വം തിരഞ്ഞെടുക്കുകയാണ്. അച്ചടിയിലെ പരസ്യങ്ങൾ, ഇന്റർനെറ്റ്, ടൂറിസം, എന്നീ മേഖലകളിലെ സംസ്കാര നിർമ്മിതിയുടെ അടരുകൾ വ്യക്തമാക്കാനാണ് ശ്രമിക്കുന്നത്. സംസ്കാര പരിണാമത്തിന്റെ സവിശേഷബോധത്തിൽ നിന്നുകൊണ്ടുള്ള ഈ നോട്ടം ജനപ്രിയ സംസ്കാരത്തിന്റെ രാഷ്ട്രീയാഖ്യാനങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതായി അറിയാനാവും.

**പ്രധാന വാക്കുകൾ :** മദ്യപാനാസക്തി, സംസ്കാരവ്യവസായം, ഓണാഘോഷം, പരസ്യങ്ങൾ, ടൂറിസം, പുലികളി, ചെണ്ടമേളം

## ആമുഖം – അച്ചടിയിലെ പരസ്യങ്ങൾ

ആധുനിക ലോകത്ത് ഒരു ആശയം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് ഏറെ സഹായിക്കുന്നവയാണ് പരസ്യങ്ങൾ. വിപണിരംഗമാണ് പരസ്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നത് എന്നതിനാൽ തന്നെ ഉൽപ്പന്നവുമായി ബന്ധപ്പെട്ട ആശയം എന്ന അർത്ഥം പരസ്യങ്ങൾക്ക് കൈവന്നിട്ടുണ്ട്. സൂക്ഷ്മമായ അർത്ഥത്തിൽ അതുമാത്രമല്ല പരസ്യങ്ങൾ എന്ന സംജ്ഞ ഉൾക്കൊള്ളുന്നത്.

അച്ചടിയിൽ മാത്രമല്ല ദൃശ്യമാധ്യമങ്ങൾ വഴിയും പരസ്യങ്ങൾ വിനിമയം ചെയ്യുന്നു. മാധ്യമത്തിന്റെ സ്വാഭാവമനുസരിച്ചാണ് പരസ്യങ്ങൾ തയ്യാർ ചെയ്യപ്പെടുന്നത് ജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുടെ സാക്ഷാത്കരണം ലക്ഷ്യംവച്ചാണ് പരസ്യങ്ങൾ നിർമ്മിക്കപ്പെടുന്നത് എന്നതുകൊണ്ടുതന്നെ ജനബോധത്തെ അത് ഗൗരവമായി ഉൾവഹിക്കുന്നു. മുതലാളിത്തത്തിന്റെ

ഉപകരണമായി ഉപഭോക്താക്കൾക്ക് അതു നൽകുന്ന പരിഗണന പ്രത്യേകം ശ്രദ്ധേയമാണ്. സംസ്കാരികനിർമ്മാണപ്രക്രിയയിൽ ആസൂത്രിതവും ബോധപൂർവ്വകവുമായ ഇടപെടലാണ് പരസ്യങ്ങൾ നടത്തുന്നത്. ടി.വി, റേഡിയോ, ഇന്റർനെറ്റ് തുടങ്ങിയവയിലെല്ലാം വ്യത്യസ്ത ആവിഷ്കാര രീതികളിൽ പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു.

അച്ചടിമാധ്യമത്തിൽ വരുന്ന പരസ്യങ്ങളെ പത്രങ്ങളിൽ വന്നിട്ടുള്ളവ, ഓണപ്പതിപ്പുകളിൽ വന്നിട്ടുള്ളവ എന്നിങ്ങനെ തരം തിരിക്കാം. 2006 ലെ ഓണക്കാലത്ത് മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങളും 2006,07,08 വർഷങ്ങളിലെ ഓണപ്പതിപ്പുകളും ഉപയോഗിച്ചാണ് പഠനം നടത്തിയത്.

## പത്രങ്ങളിലെ പരസ്യങ്ങൾ

2006 ഓണത്തിന് (27-8-2006) അത്തംനാളിലാണ് മാതൃഭൂമിയുടെ ഒന്നാം പേജിൽ ഓണവുമായി ബന്ധപ്പെട്ട ആദ്യപരസ്യം വരുന്നത്. കൊച്ചിയിലെ വീഗാലാന്റ് എന്ന അമ്യൂസ്മെന്റ് പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള പരസ്യത്തിൽ "63 മീറ്റർ ഉയരത്തിൽ നിന്ന് ആരംഭിക്കാം. ഇത്തവണത്തെ ഓണാഘോഷം" എന്നതായിരുന്നു വാചകം. പിറ്റേന്ന് ഒന്നാം പേജിൽ ഇതേസ്ഥാനത്ത് 'ടാക്സ്ഫ്രീ ഓണം' എന്ന തലക്കെട്ടിൽ എൽ.ജി ഗ്രൂപ്പിന്റെ പരസ്യമാണ് വന്നത്. "ഈ ഓണക്കാലത്ത് വർദ്ധിച്ച നികുതി എൽ. ജി തന്നെ നൽകുന്നു. കാരണം കൊച്ചുകേരളത്തിന്റെ ആഘോഷങ്ങളെ എന്നും എൽ.ജി ആദരിക്കുന്നു" എന്നും കാണുന്നു. അടുത്ത ദിവസത്തെ പ്രധാനപേജിലും പരസ്യമുണ്ടെങ്കിലും ഓണവുമായി ബന്ധപ്പെടുത്തിയിട്ടില്ല. 30-08-2006 ന് 'മഹാരാജയുടെ ഓണം ഓഫർ' എന്ന തലക്കെട്ടോടെ ഗ്രൈൻഡർ, മിക്സി എന്നിവയുടെ പരസ്യം പ്രത്യക്ഷപ്പെട്ടു. ഇഗോ എന്ന ടി.വി കമ്പനിയുടെ ഓണം ഓഫർ വിശദാംശങ്ങളോടെയുള്ള പരസ്യമാണ്. സെപ്തംബർ 1 ന് വീഗാലാന്റിന്റെ പരസ്യം "ആഘോഷങ്ങളുടേയും വിനോദങ്ങളുടേയും സമ്മാനങ്ങളുടേയും ഓണക്കാലം വീഗാലാന്റിൽ" എന്ന വാക്യത്തോടെ വീണ്ടും വന്നുകാണുന്നു. "ഓണം ഫൺ ഫെസ്റ്റ്" എന്ന പ്രത്യേക ശീർഷകവും തലക്കെട്ടിലുണ്ടായിരുന്നു. സെപ്തംബർ 2 ന് മുഖ്യപേജിൽ തൃശ്ശൂർ ഗോൾഡ് സെന്ററിന്റേയും സെപ്തംബർ 3ന് അരീന മൾട്ടിമീഡിയ സെന്ററിന്റേയും സെപ്തംബർ 4ന് "മാവേലി നാടെന്ന സങ്കല്പം സഫലമാക്കാം" എന്ന സതേൺജ്വല്ലറിയുടേയും പരസ്യങ്ങളുണ്ട്. തിരുവോണദിവസം കെ.പി നമ്പൂതിരീസ് എന്ന ആയുർവ്വേദപൽപ്പൊടിയുടെ പരസ്യമാണുള്ളത്.

2006 ൽ കേരളകൗമുദിയുടെ പ്രധാനപേജുകൾ പരിശോധിക്കുമ്പോൾ ഓണപരസ്യങ്ങൾ തുടങ്ങുന്നത് ഓഗസ്റ്റ് 29 മുതൽക്കാണ്. അതായത് അത്തം കഴിഞ്ഞ് രണ്ടു നാളിനു ശേഷം. ഓണം ഓഫറിൽ വാങ്ങുന്ന ടി വിയും റെഫ്രിജറേറ്ററും എസിയും സംരക്ഷിക്കാൻ വി.ഗാർഡ് സ്റ്റെബിലൈസർ ഉപയോഗിക്കുവാൻ പരസ്യം കൊണ്ടാണ് കേരളകൗമുദി തുടങ്ങുന്നത്. തൊട്ടടുത്ത രണ്ടു ദിവസങ്ങളിലും പ്രധാനപേജിൽ ഓണപ്പരസ്യം കൊടുത്തിട്ടില്ല. സെപ്തംബർ 1 വീഗാലാന്റിന്റെ പരസ്യം നൽകിയിരിക്കുന്നു. സെപ്തംബർ 2ന് "ഓണം & ഉല്ലാസം @ സിൽവർസ്റ്റോം" എന്ന പരസ്യവാചകത്തോടെ ആതിരപ്പള്ളി അമ്യൂസ്മെന്റ് പാർക്കിന്റെ പരസ്യമാണുള്ളത്. ഇതേ പേജിൽ കേരളകൗമുദി ഓണപ്പതിപ്പിന്റേയും പരസ്യം കാണാം. സെപ്തംബർ 4 ന് "മാവേലി ബിസിയാ" എന്ന വാചകത്തിൽ മറ്റൊരു അമ്യൂസ്മെന്റ് പാർക്കായ ഡ്രീംവേൾഡിന്റെ പരസ്യമാണുള്ളത്. തിരുവോണദിവസം "വഞ്ചിപ്പാട്ടിന്റെ ഈരടികൾക്കൊപ്പം ആഹ്ലാദത്തിന്റെ പുതിയ തരംഗങ്ങളുയരട്ടെ" എന്ന പരസ്യവാചകത്തോടെ എസ്.ബി.ടി യുടെ പരസ്യം.

2007 ഓണക്കാലത്ത് മലയാളമനോരമ പത്രത്തിന്റെ പ്രധാന പേജിൽ ഒനിഡ ടി. വി, ലൂയി ഫിലിപ്പ്, എൽ.ജി മൊബൈൽ ഫോൺ, വീഗാലാന്റ് , ശാന്തിമഠം ബിൽഡേഴ്സ്, അമൂല്യ എന്നിവയുടെ പരസ്യങ്ങളാണ് വന്നിട്ടുള്ളത്. "1200 വാട്സ് ഒനിഡ ഓക്സിജൻ തണ്ടറുനൊപ്പം മഹാബലിയെ വരവേൽക്കൂ" എന്ന് ഒനിഡയും "പൊന്നോണം കൊണ്ടാടൂ എൽ.ജി മൊബൈൽ ഫോണിനൊപ്പം"

എന്ന് എൽ.ജിയും "ആഘോഷിക്കൂ, ഈ ഓണക്കാലം വീഗാലാൻറിനൊപ്പം" എന്ന വീഗാലാൻ്റും ആഹ്വാനം ചെയ്യുന്നു.

പത്രങ്ങളിലെ ഒന്നാം പേജിൽ വരുന്ന പരസ്യം പ്രധാന വാർത്തപോലെ ജനങ്ങളിലെത്തുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെയും തുണിവ്യവസായത്തിൻ്റേയും പരസ്യങ്ങളാണ് ഒന്നാം പേജിൽ കൂടുതലായി വന്നുകാണുന്നത്. ആറുലക്ഷത്തിൽ കൂടുതൽ തുക ഈടാക്കിയാണ് പത്രസ്ഥാപനം പരസ്യം സ്വീകരിക്കുന്നത് എന്നതിനാൽ വൻകിട കമ്പനികളുടെ പരസ്യം മാത്രമാണ് മുഖ്യപേജിൽ വരുന്നത്. 2006,07 വർഷങ്ങളിൽ എൽ.ജി യുടെ ബ്രാൻ്റ് അംബാസിഡറായ പൃഥ്വിരാജ് വിവിധ എൽ.ജി ഉപകരണങ്ങളിൽ കുടുംബനാഥനായി വനിതാ മോഡലിനൊപ്പം പ്രത്യക്ഷപ്പെടുന്നുണ്ട്. 2006 ലെ മലയാളമനോരമയിൽ വന്ന എയർ ഇന്ധ്യയുടെ പരസ്യത്തിൽ വിമാനച്ചിറകിൽ വള്ളംകളിയുടെ ചിത്രമാണുള്ളത്. 2006-07 എന്നീ വർഷങ്ങളിൽ മലയാളമനോരമ, മാതൃഭൂമി, മാധ്യമം എന്നിവയിൽ വന്നിട്ടുള്ള ഉൾപ്പേജുപരസ്യങ്ങളിൽ സൊണാറ്റവാച്ച്, മഹീന്ദ്ര, ടൈമെക്സ്, വാച്ചുകൾ, അമൂല്യ മിൽക് പൗഡർ, വനിത, നെരോലാക് പെയിൻ്റ്, ഗോദ്റെജ്, ഇലക്ട്രോലെക്സ്, നോക്കിയ, പോണ്ട്സ്, പ്രീതി മിക്സി, വീരമണി ടെക്സ്റ്റൈൽസ്, സാംസങ്, എൽ.ജി, ടി.വി.എസ്, റിലയൻസ് മൊബൈൽ, ടച്ച്ഫോൺ എന്നിവ ഉൾപ്പെടുന്നു.

ഒന്നാം പേജിൽ നിന്നും ഉൾപ്പേജ് പരസ്യങ്ങളിലേക്കെത്തുമ്പോൾ കാണുന്ന പ്രകടമായ ഒരു മാറ്റം വൻകിട കമ്പനികളോടൊപ്പം ഇടത്തരം കമ്പനികളും പരസ്യത്തിന് തയ്യാറാവുന്നു എന്നതാണ്. ഉൾപേജ് പരസ്യ ചാർജ്ജ് താരതമ്യേന കുറവാണ് എന്നതാണ് കാരണം. രണ്ടുവർഷങ്ങളിലെ ഉൾപേജ് പരസ്യങ്ങളുടെ പൊതുപ്രത്യേകത ഓണക്കാലത്തെ വിപണികാലമായി മാറ്റുവാൻ ഇവ തയ്യാറാവുന്നു എന്നതാണ്. കേരളീയമെന്ന തോന്നിപ്പിക്കുന്ന രീതിയിൽ ചിത്രീകരിച്ചുകൊണ്ട് ഉത്സവകാലത്തെ ആഘോഷിക്കാനാണ് പരസ്യങ്ങൾ എല്ലാം പറയുന്നത്. ഉത്സവകാലത്ത് വിപണിയിലെത്താനും അങ്ങനെ ആഘോഷിക്കാനുമാണ് പരസ്യങ്ങൾ പറയുന്നത്. ഓരോ പരസ്യവും ഓണത്തെ പല രീതിയിലാണ് വ്യാഖ്യാനിക്കുന്നത്. വിനോദങ്ങളിലേർപ്പെടാനുള്ള കാലമാണ് ഓണക്കാലമെന്നും അതിനാൽ വാട്ടർതീം പാർക്കുകളിൽ എത്തണമെന്നും വീഗാലാൻറിൻ്റേയും ഡ്രീംവേൾഡിൻ്റേയും പരസ്യങ്ങൾ പറയുന്നു. പുതുവസ്ത്രങ്ങൾ അണിഞ്ഞാണ് ഓണം ആഘോഷിക്കേണ്ടതെന്ന് തുണിവ്യവസായപരസ്യങ്ങളും ആഭരണങ്ങളണിഞ്ഞാണ് ആഘോഷിക്കേണ്ടതെന്ന് ജുവല്ലറികളും ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയാണ് ആഘോഷിക്കേണ്ടതെന്ന് ഇലക്ട്രോണിക് കമ്പനികളും പറയുന്നു. പരസ്യവാചകങ്ങൾ കാല്പനികയാർന്ന ഭാഷാശൈലികൊണ്ട് ഏവരേയും എളുപ്പത്തിൽ ആകർഷിക്കാൻ പോന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓണം എന്ന വാക്കിനെ പലരീതിയിൽ പരസ്യവുമായി കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്. സിനിമാനടന്മാരും ബ്രാൻ്റ് അംബാസഡർമാരുമായി വരുന്ന പരസ്യങ്ങൾ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് വിപണി കീഴടക്കാൻ ശ്രമിക്കുന്നു. ഒരേ രംഗത്തുള്ള വിവിധ കമ്പനികൾ തമ്മിൽ പരസ്യത്തിൻ്റെ കാര്യത്തിലും മത്സരിക്കുന്നത് കാണാനാവും. തങ്ങളുടെ ഉല്പന്നമാണ് ഏറ്റവും മികച്ചതെന്ന് ഓരോ പരസ്യവും ജനങ്ങളോട് പറയുന്നു. ഉപഭോക്താക്കളെ വാങ്ങുവാൻ പ്രേരിപ്പിക്കുക എന്നതു മാത്രമാണ് പരസ്യങ്ങളുടെ ലക്ഷ്യം. ഓണവുമായി ബന്ധമുള്ളവ മാത്രമല്ല യാതൊരു ബന്ധവുമില്ലാത്ത ഉൽപന്നങ്ങളും പരസ്യങ്ങളുമായി ഓണക്കാലത്തെത്തുന്നു. രതി വർധക പരസ്യങ്ങൾ, കറികമ്പനി പരസ്യങ്ങൾ, ടയർ കമ്പനി പരസ്യങ്ങൾ എന്നിവ ഉദാഹരണം.

## ഓണപ്പതിപ്പിലെ പരസ്യങ്ങൾ

മാതൃഭൂമി, മലയാള മനോരമ തുടങ്ങിയവയുടെ ഓണപ്പതിപ്പുകൾ 2001 മുതൽ രണ്ടു വാല്യങ്ങളായാണ് ഇറങ്ങുന്നത്. പരസ്യങ്ങളുടെ പേജുകൾ നീക്കിയാൽ ഒറ്റ വാല്യത്തിലൊതുങ്ങേണ്ട പേജുകളെ രചനകളായുള്ളൂ. കൂടുതൽ പരസ്യങ്ങൾ നേടിയെടുക്കാനും 'വലിയ ഓണപ്പതിപ്പ്' എന്ന പ്രതീതി ജനിപ്പിക്കാനുമാണ് രണ്ടു വാല്യങ്ങളായി ഇറക്കുന്നത്.

ഓണപ്പതിപ്പുകളിൽ പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത് മൂന്നു രീതിയിലാണ്. കവർ ചിത്രത്തോടൊപ്പം ഏവരും പെട്ടെന്ന് കാണുന്നവിധത്തിൽ കൊടുക്കുന്ന പരസ്യങ്ങളാണ് ഇവയിലൊന്ന്. അരപ്പേജ്, മുഴുപ്പേജ്, എന്നീ രീതിയിലും പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. കവർചിത്രത്തോടൊപ്പമുള്ളവയ്ക്കും പിൻ കവറിനുമാണ് ഏറ്റവും തുക ഈടാക്കുന്നത്. മുൻഉൾവശ കവർ (ഫ്രന്റ് ഇൻസൈഡ് കവർ, പിൻ ഉൾവശകവർ (ബാക് ഇൻസൈഡ് കവർ) എന്നിവയിലെ പരസ്യങ്ങൾക്കും താരതമ്യേന ഉയർന്ന തുക ഈടാക്കുന്നു. ബഹുവർണ്ണ ഗ്ലൈസിങ്ങ് പേപ്പറിലുള്ള പരസ്യങ്ങൾക്കും ചാർജ്ജ് കൂടുതലാണ്.

2006 മാതൃഭൂമി ഓണപ്പതിപ്പിനോടൊപ്പം കെ.പി. നമ്പൂതിരീസിന്റെ പൽപ്പൊടി സൗജന്യമായി വിതരണം ചെയ്തത് ഒരു പരസ്യതന്ത്രമായി കണക്കാക്കാം. മാതൃഭൂമിയോട് വിപണനരംഗത്ത് മത്സരിക്കുന്ന മലയാളമനോരമ ആ വർഷം സൗജന്യസമ്മാനങ്ങളൊന്നും നൽകിയിരുന്നില്ലെങ്കിലും തൊട്ടടുത്ത വർഷം (2007) മാക്സി ഫ്രെഷ് കോൾഗേറ്റ് ടൂത്തേപേസ്റ്റ് പായക്കറ്റും, ആശിർവാദ് മുളകുപൊടി പായ്ക്കറ്റും സൗജന്യമായി നൽകുകയുണ്ടായി. എന്നാൽ ആ വർഷം മാതൃഭൂമി കോൾഗേറ്റ് ടൂത്ത്പേസ്റ്റ് പായ്ക്കറ്റ് മാത്രമാണ് നൽകിയിരിക്കുന്നത്. 2006 മാതൃഭൂമി ഓണപ്പതിപ്പിൽ അപ്പോളോ ഗോൾഡ്, ബജാജ്, ഡയബെറ്റിക് ലബോറട്ടറി, ബിർലവൈറ്റ്, പോളോഷർട്സ്, എൽ.ജി, ഫ്ളോഗാർഡ് പി.വി.സി, പീതാംബരി പൗഡർ, വെസ്റ്റേൺ യൂണിയൻ, എച്ച്.ഡി.എഫ്.സി ബാങ്ക്, കരൂർവൈശ്യബാങ്ക്, സെൻട്രൽ ബാങ്ക്, പ്രീതി മിക്സി, ഗാർഡൻ തുണിത്തരങ്ങൾ, ഫ്രാൻകി അടുക്കളോപകരണകമ്പനി, ഇൻഡസ്ലാന്റ് ബാങ്ക്, എ.സി.സി. സിമന്റ്, അപ്പോളോ ആശുപത്രി, എസ്.ബി.ഐ, ഡി.സി.ബുക്സ്, ജോയ് ആലുക്കാസ്, ഫിലിപ്സ്, ശ്രീഗുരുകൃപാ ടെക്സ്റ്റൈൽസ്, മിത്രാ മെഗാമാർട്ട് സൂപ്പർമാർക്കറ്റ്, നിറപറപുത്തിരി, സോണി, ഡി.എച്ച് ഷർട്ടുകൾ, ബാങ്ക് ഓഫ് ഇന്ത്യ, എം.സി.ആർ മുണ്ട്, എം.ആർ.എഫ്, സിൻഡിക്കേറ്റ് ബാങ്ക്, ഇൻഫോടെക്, ശീമാട്ടി, സപ്ലൈകോ, ധനലക്ഷ്മി ബാങ്ക്, എൽ ഐ.സി, ക്രോംപ്ടൺ ഗ്രീവ്സ് അക്ബർ ട്രാവൽസ്, വർദ് ടൂർസ് & ട്രാവൽസ് എന്നിവയാണ് പ്രധാന മുഴുപ്പേജ് പരസ്യക്കാർ, "പതിവായെത്തും പൊന്നോണം, പത്തരമാറ്റായ് അപ്പോളോ" എന്നാണ് അപ്പോളോ ഗോൾഡിന്റെ പരസ്യവാചകം. കോഴിക്കോട്, തിരൂർ, മഞ്ചേരി, വടകര എന്നിവിടങ്ങളിൽ ശാഖകളുണ്ടെന്നും ഉടൻ കണ്ണൂരിൽ തുറക്കുമെന്ന അറിയിപ്പും നൽകിയിട്ടുണ്ട്. പിൻകവറിലെ ബജാജ് പരസ്യത്തിൽ ഡിസ്കവർ എന്ന പുതിയ ബൈക് പരിചയപ്പെടുത്തുന്നു. "റോഡിൽ മായാജാലം സൃഷ്ടിക്കു" എന്നാണ് വാചകം. "ഓണം ആഘോഷിക്കൂ, ഒരു പുതിയ നിറം സഹിതം പച്ച" എന്ന തലക്കെട്ടിൽ പച്ചനിറത്തിലുള്ള എൽ.ജി ഫ്രിഡ്ജുകളുടെ പരസ്യത്തിൽ നാക്കിലയുടെ ചിത്രവും മഹാബലിയുടെ ചിത്രവും നൽകിയിരിക്കുന്നു. (പേ. 12) ഫ്ളോഗാർഡ് പി.വി.സി 'ഓണം വിഷസ്' നൽകുമ്പോൾ "ഹൃദയംഗമമായ ഓണാംശംസക"ളാണ് ചെമ്പുപിച്ചളയ്ക്ക് നിറം കൊടുക്കുന്ന പീതാംബരി പൗഡർ നൽകുന്നത്. "പ്രിയപ്പെട്ടവരുടെ ആശംസകളാൽ നിങ്ങളുടെ ഓണാഘോഷം സമ്പൂർണ്ണമാകട്ടെ" എന്നാണ് വെസ്റ്റേൺ മണി ട്രാൻസ്ഫറിന്റെ പരസ്യം. 'തികഞ്ഞ ഒത്തൊരുമ' എന്ന തലക്കെട്ടോടെ വള്ളംകളി ചിത്രസഹിതം സെൻട്രൽ ബാങ്കിന്റെ പരസ്യം 'ഹാപ്പി ഓണം' ആശംസിക്കുന്നു. "ഓണസദ്യക്ക് പ്രിതിയോ പ്രീതി" എന്ന് പ്രീതി മിക്സിയുടെ പരസ്യം(പേ.25) പറയുമ്പോൾ "ഷെയ്ഡുകളുടെ സന്തുഷ്ടി ആഘോഷിക്കുവാൻ ഹാപ്പി ഓണം" എന്ന് ബർഗർപെയിന്റ്സ് (പേ.67) പറയുന്നു. ഓണം എന്ന തലക്കെട്ടിൽ "ഇത്തവണ ഓണത്തിന് വേഗതയുടെ പര്യായമായ എസ്കിമയുമുണ്ട് നിങ്ങൾക്കൊപ്പം" എന്ന വാചകത്തോടെ എസ്കിമ എന്ന നിർമ്മാണകമ്പനിയുടെ പരസ്യത്തിൽ "പഴമകളിലൊളിയുമൊരു പൂക്കളം തീർക്കുന്നു/ പണ്ടത്തെഓണപ്പുലരികളോർക്കവെ" എന്നു തുടങ്ങുന്ന കവിതാവരികളും നൽകിയിരിക്കുന്നു. (പേ.82) ഓണസദ്യയൊരുക്കാൻ മുത്തശ്ശി പത്തായപ്പെട്ടി തുറന്ന് നിറപറ പുത്തരി എടുക്കുന്നതായാണ് അരിയുടെ പരസ്യം പറയുന്നത് (പേ.109) "ആഘോഷിക്കൂ ഓണം സപ്ളൈകോയോടൊപ്പം" എന്ന് സപ്ലൈകോയുടെ പരസ്യം പറയുമ്പോൾ സേവിംഗ്സ് ഫെസ്റ്റിവൽ എന്ന (പേ.152) ധനലക്ഷ്മി ഓണക്കാലത്തെ കാണുന്നു.

(പേ.155) 2006 വർഷത്തെ മലയാളമനോരമ ഓണപ്പതിപ്പ് ആദ്യമൂന്നുപേജ് എൽ.ജി.യുടെ പരസ്യത്തിൽ "ഇത് ഓണമാണ് യഥാർത്ഥ ആവേശത്തിനുള്ള കാലം" എന്നു കാണുന്നു. ഓണസമ്മാനങ്ങൾ ഉണ്ടെന്ന അറിയിപ്പും നൽകിയിട്ടുണ്ട്. ഭാഗം 2 ൽ കാണുന്ന എൽ.ജിയുടെ മറ്റൊരു പരസ്യത്തിൽ "ഈ ഓണത്തിന് 90% ഈർപ്പസഹനശേഷി 100% ആഘോഷങ്ങൾ ഉറപ്പാക്കുന്നു" എന്നാണുള്ളത്. തങ്ങളുടെ കമ്പനിയുടെ ഉൽപ്പന്നങ്ങൾക്കനുയോജ്യമായ പരസ്യവാചകങ്ങളാണ് പരസ്യക്കാർ തയ്യാറാക്കുന്നതെന്നും അത് ഉൽപന്നത്തെ ശ്രദ്ധിപ്പിക്കാനുള്ള തന്ത്രം മാത്രമാണെന്നും മനസ്സിലാക്കുന്നു. പ്രൈം ഉപ്പു കമ്പനി 'കളങ്കമില്ലാത്ത ഓണം കലർപ്പില്ലാത്ത ഉപ്പ്' എന്ന പരസ്യവാചകം നൽകുന്നതിനു പിന്നിലും ഈ യുക്തിയാണുള്ളത്. കളങ്കം പോലെ കലർപ്പ് ഉണ്ടാവുമ്പോൾ അവിടെ ശുദ്ധത ഇല്ലാതാവുന്നു. പ്രകൃതിദത്തമോ സ്വാഭാവികത ആയതും ശുദ്ധവുമായ ഉപ്പാണ് കമ്പനി നൽകുന്നതെന്നാണ് ഈ പരസ്യത്തിലൂടെ പറയാൻ ശ്രമിക്കുന്നത്. ബെൻസി ഫുഡ്സ് കുടവയറനായ മാവേലിച്ചിത്രത്തോടൊപ്പം പരസ്യം നൽകി ഓണാംശംസകൾ നേരുന്നു. ചെന്നൈ വെർമിസെല്ലി, സ്റ്റാർ സിറ്റി ബൈക്, ഹിൻഡ് വെയർ, ഗോദ്റെജ്, ഗോൾഡ് വിന്നർ ഓയിൽ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, നവ്ജസെം സെറാമിക്സ്, സ്ലീപ് വെൽ ബെഡ്, കേരാമൃത് ഓയിൽ, കെ.എസ്.ഇ. കാലിത്തീറ്റ, സൗത്ത് മലബാർ ബാങ്ക്, ജോൺസൺ ധോത്തീസ്, ശക്തി ഓട്ടോ മൊബൈൽ, പാരഗൺ സ്റ്റീൽ, ജോസ്കോ, ആന്ധ്രബാങ്ക്, എം.ആർ.എഫ്, അയോദ്ധ്യ ജ്വല്ലേഴ്സ്, തമിഴ്നാട് മെർക്കന്റയിൽ ബാങ്ക് എന്നിവയുടേതാണ് മറ്റു മുഴപ്പേജ് പരസ്യങ്ങൾ. ഭാഗം-2 ൽ റാഡോ, റിക്കാർഡോ ഇലക്ട്രോണിക്സ്, മാക്സിമ, ഫിലിപ്സ്, വിഡിയോൺ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരസ്യങ്ങളും ചെന്നൈ സിൽക്സ് , പൊന്നി സിൽക്സ്, ചാമുണ്ഡി സിൽക്സ്, വാൻഹ്യൂസൈൻ തുടങ്ങിയ തുണി വ്യവസായ പരസ്യങ്ങളും സഹേലി ഘർഭനിരോധന ഉപകരണം, മുസ്ലീം പവർ തുടങ്ങിയവയുടെ പരസ്യങ്ങളും കാണുന്നു. 396 പേജുള്ള ദേശാഭിമാനി (2006) ഓണപ്പതിപ്പിൽ 188 പേജ് പരസ്യങ്ങളാണ്. ജൂവല്ലറി ബാങ്കുകൾ, ഗൃഹോപകരണങ്ങൾ, തുണിവ്യവസായം, ഗവ. ഏജൻസികൾ എന്നിവയുടെ പരസ്യങ്ങൾക്കാണ് മുൻതൂക്കം. കെ.ടി.ഡി.സി, ബാംബൂ കോർപ്പറേ ഷൻ, കെ.പി.എഫ്.സി , സപ്ലൈകോ തുടങ്ങിയ സർക്കാർ പരസ്യങ്ങളും ഇതിൽ ഉൾപ്പെടുന്നു. കേരളകൗമുദിയുടെ 2006 ഓണപ്പതിപ്പിന്റെ ഒന്നാം വാല്യത്തിന്റെ മുഖചിത്രത്തോടൊപ്പം "വരൂ പച്ചവെള്ളംപോലെ ഇംഗ്ലീഷ് സംസാരിക്കാം" എന്ന വേദയുടെ പരസ്യം ചേർത്തിരിക്കുന്നു. ഒരേ പരസ്യം തന്നെ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കപ്പെടുന്നു. കൂടുതൽ ഉപഭോക്താക്കളെ സ്വീകരിക്കുന്നതിനുള്ള തന്ത്രമായി ഇതിനെ വിലയിരുത്താം. കേരളകൗമുദിയുടെ രണ്ടു ഭാഗങ്ങളിലുമായി 176 പേജ് പരസ്യങ്ങളാണുണ്ടായിരുന്നത്. തുണി വ്യവസായം, ഇലക്ട്രോണിക് ഉപകരണം, ഗൃഹോപകരണം, ജൂവല്ലറി, ആശുപത്രി, അനുബന്ധവ്യവസായങ്ങൾ എന്നിവയെല്ലാം പ്രാതിനിധ്യമുള്ള പരസ്യങ്ങളാണുള്ളത്. യു.എ.ഇ എക്സ്ചേഞ്ചിന്റേതായിരുന്നു പിൻകവർ പരസ്യം.

2007 മലയാള മനോരമ ഓണപ്പതിപ്പിൽ ഭാഗം 1 - ൽ വാൻ ഹ്യൂസൈൻ, സിറ്റി ഷർട്ട്സ്, സെഞ്ചൂറിയൻ ബാങ്ക്, ഡാൽമിയ സിമന്റ്, ഫിലിപ്സ് പരസ്യങ്ങൾ ഉൾപ്പെടെ 148 മുഴപ്പേജ് പരസ്യങ്ങളുണ്ട്. പിൻകവർ പീറ്റർ ഇംഗ്ലണ്ടിന്റെ ഓണക്കോടി എന്ന ബ്രാൻറിന്റേയും പിൻ ഉൾവശകവർ മൂഡ്സ് കോണ്ടംസിന്റേതുമാണ്. ഭാഗം 2 ൽ ആകെയുള്ള 246 പേജിൽ 126 മുഴപ്പേജ് പരസ്യങ്ങളുണ്ട്. മുൻ ഉൾവശകവർ വാൻ ഹ്യൂസൈൻ ഷർട്ടും, പിൻ ഉൾപ്പേജ് എം.ആർ.എഫ് പെയിന്റ്സിന്റേയും, പിൻകവർ ഒന്നാം ഭാഗത്തിലേതുപോലെ പീറ്റർ ഇംഗ്ലണ്ടിന്റെ ഓണക്കോടി ബ്രാൻറിന്റേതുമാണ്. ഇതേവർഷത്തെ മാതൃഭൂമി ഓണപ്പതിപ്പിനോടൊപ്പം കോൾഗേറ്റ് മാക്സി ഫ്രഷ് ടൂത്ത് പേസ്റ്റ് സൗജന്യമായി നൽകി. ആകെ 534 പേജുകളുള്ളതിൽ ഭാഗം 1 ൽ 94 ഉം ഭാഗം 2 ൽ 76 ഉം പേജുകൾ പരസ്യങ്ങളാണ്. പിൻകവറുകൾ പാർക് അവന്യൂ, ചെന്നൈ സിൽക്സ് എന്നിവയുടേതാണ്. മുൻഉൾവശ കവർ രണ്ടും ഫിലിപ്സിന്റെ പരസ്യമാണുള്ളത്. ഗോകുലം ചിറ്റ്സ്, വിവിധ ബാങ്കുകൾ, ജ്വല്ലറികൾ, തുണിക്കടകൾ എന്നിവയുടെ പരസ്യങ്ങൾ കഴിഞ്ഞ വർഷത്തേത് ആവർത്തിക്കുന്നു. മാധ്യമത്തിൽ (2007) കോർപ്പറേഷൻ ബാങ്ക്, മുസ്ലീം ക്യാപ്സൂൾ, ലുലു ഹോട്ടൽ, പാർത്ഥാസ്, അൽസലാമ കണ്ണാശുപത്രി, സാഹിബ് കോളേജ്, ലാൻസി പ്ലാസ, വെഡ്ഡിംഗ് സെന്റർ, ശിവപ്രിയ ആയുർവ്വേദ ഹോസ്പിറ്റൽ എന്നിവയുടേതാണ് മുഴപ്പേജ്

പരസ്യങ്ങൾ. മംഗളം ഓണപ്പതിപ്പിൽ സിൻഡിക്കേറ്റ് ബാങ്ക്, ലീല ഹോട്ടൽ ഗ്രൂപ്പ്, കനറാബാങ്ക്, എൽ.ഐ.സി തുടങ്ങിയവയുടേതടക്കം 35 പേജുകൾ പരസ്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.

2006 ലെ മനോരമ, മാതൃഭൂമി ഓണപ്പതിപ്പുകളിലെ പരസ്യങ്ങൾ മുൻവർഷത്തേത് ആവർത്തിക്കുന്നു. മാതൃഭൂമിയുടെ പിൻകവറുകൾ അക്ബർ ട്രാവൽസ്, പാർക് അവന്യൂ തുടങ്ങിയ പരസ്യങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. ചെന്നൈ സിൽക്സ്, മെഡിമിക്സ് സോപ്പ്, റിംകെവി ഉണിക്കറ തുടങ്ങിയവയും കവർ പരസ്യങ്ങളാണ്. ജർമ്മൻ മോട്ടേഴ്സ്, മംഗല്യ ജ്വല്ലേഴ്സ്, ടോപ് ഇൻ ടൗൺ തുടങ്ങിയ പുതിയ പരസ്യങ്ങൾ പുതുതായി ചേർത്തിട്ടുണ്ട്. കേരള കൗമുദിയിൽ (2008) 45 മുഴുപ്പേജ് പരസ്യങ്ങളാണുള്ളത്. മുൻഉൾവശകവർ അർജ്ജുൻ അസോസിയേറ്റ്സ് എന്ന വാസ്തു ശാസ്ത്ര സ്ഥാപനത്തിന്റേയും പിൻഉൾവശകവർ മെഡിമിക്സിന്റേയും പിൻകവർ അക്ബർ ട്രാവൽസിന്റേയും പരസ്യം ഉൾക്കൊള്ളുന്നു. കേസരിയുടെ (2008) പതിപ്പിൽ മുൻഉൾവശകവർ ജയലക്ഷ്മി സിൽക്സിന്റേതും പിൻഉൾവശകവർ ബാൽകോ പിവിസി പൈപ്പിന്റേതുമാണ്. 20 മുഴുപ്പേജ് പരസ്യങ്ങളുള്ള മാധ്യമത്തിൽ (2008) കവർ പരസ്യങ്ങളിൽ ലീലഹോട്ടൽസ്, ക്രിയേഷൻസ് ഇന്ത്യ എന്ന നിർമ്മാണ കമ്പനി, അഹാലിയ കണ്ണാശുപത്രി എന്നിവ ഉൾപ്പെടുന്നു. കലാകൗമുദിയുടെ പതിപ്പിൽ ആകെ 194 പേജുകളിൽ ഇരുപത്തഞ്ചോളം മുഴുപ്പേജ് പരസ്യങ്ങളാണ്. ലീല ഹോട്ടൽ ഗ്രൂപ്പാണ് പ്രധാന പരസ്യം. തിരുവനന്തപുരത്തു മാത്രം അറിയപ്പെടുന്ന ചില സ്ഥാപനങ്ങളുടെ പരസ്യവും ഉണ്ട്. ദേശാഭിമാനി (2008) മുൻകവർ പ്രത്യേകരീതിയിൽ പാളിയാക്കി 'അൽക്ക ഗ്രൂപ്പ്' എന്ന നിർമ്മാണകമ്പനിയുടെ പരസ്യം നൽകിയിരിക്കുന്നു. 2006 ഓണപ്പതിപ്പുകളിൽ മലയാള മനോരമ 50% ഉം മാതൃഭൂമി 53% ഉം മാധ്യമം 13% ഉം ദേശാഭിമാനി 47% കേരളകൗമുദി 46% മലയാളം 29% ഉം മംഗളം 20% ഉം കലാകൗമുദി 38% ശതമാനവും പേജുകൾ വ്യത്യസ്ത പരസ്യങ്ങൾക്കായി നീക്കിവെച്ചതായി പട്ടികയിൽ നിന്ന് മനസ്സിലാക്കുന്നു.

മനോരമ, മാതൃഭൂമി, കേരളകൗമുദി എന്നിവ രണ്ടു വാല്യങ്ങളായി ഇറങ്ങിയത് പരസ്യവരുമാനം ലക്ഷ്യം വെച്ചു കൊണ്ടാണെന്നും നിരീക്ഷിക്കാം. കേരളകൗമുദി 2008 ൽ ഒറ്റവാല്യമാകുന്നുണ്ടെങ്കിലും പരസ്യത്തിന്റെ എണ്ണത്തിൽ കുറവില്ല. ഓണപ്പതിപ്പ് മറ്റേതൊരു ഉൽപ്പന്നത്തേയും പോലെ വിപണി വസ്തുവാകുമ്പോൾ സൃഷ്ടിക്കപ്പെടുന്ന മാർക്കറ്റ് തന്ത്രത്തിന്റെ ഭാഗമാണ് മാതൃഭൂമി ഓണപ്പതിപ്പിനോടൊപ്പം സൗജന്യമായി കൊടുത്ത ദന്തധാവനചൂർണ്ണ (2006). പല പരസ്യങ്ങളും മൂന്നുവർഷവും ആവർത്തിക്കുന്നത് പത്രസ്ഥാപനവും കമ്പനിയും തമ്മിലുള്ള ബന്ധം കാണിക്കുന്നു. അതുപോലെതന്നെ കേരളത്തിലെ പ്രമുഖപതിപ്പുകൾക്കെല്ലാം പരസ്യം നൽകുന്ന കമ്പനികളുണ്ട്. ചുരുക്കത്തിൽ ഉപഭോക്താക്കളെ എളുപ്പത്തിൽ കണ്ടെത്താനുള്ള മാർഗമായി ഓണപ്പതിപ്പുകൾ മാറുന്നു.

2006 ലെ തിരഞ്ഞെടുത്ത ഓണപ്പതിപ്പുകളിലെ പരസ്യങ്ങളുടെ പട്ടിക പരിശോധിക്കുമ്പോൾ ബാങ്കുകളുടേയും ഗൃഹോപകരണങ്ങളുടേയും പരസ്യങ്ങളാണ് ഓണപ്പതിപ്പുകളിൽ കൂടുതലായി വരുന്നതെന്നു കണ്ടെത്താം. വാട്ടർ തീം പാർക്കുകൾ, ക്ഷേത്രങ്ങൾ, വിവാഹബ്യൂറോ, കുടുംബാസൂത്രണസംബന്ധിയായവ, മണിചെയിൻ ശൃംഖല, പബ്ലിക്കേഷനുകൾ, ചാനലുകൾ, ലോട്ടറികൾ, വിദ്യാഭ്യാസസംബന്ധിയായവ, ജ്യോതിഷം, കുട്ടിചാത്തൻ സേവ തുടങ്ങിയ പരസ്യങ്ങളാണ് മറ്റുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. ഇവയുടെ പരസ്യങ്ങളാണ് തൊട്ടടുത്ത സ്ഥാനത്ത്. ഗവൺമെന്റ് സ്ഥാപനങ്ങളും, ഏജൻസികളും, ജനങ്ങളുമായുള്ള ബന്ധം നിലനിർത്താനും വർദ്ധിപ്പിക്കാനുമായി വലിയ തോതിൽ പരസ്യം നൽകുന്നത് പട്ടികയിൽ കാണാൻ കഴിയുന്നു. റബ്ബർ ബോർഡ്, നാളികേര വികസന കോർപ്പറേഷൻ, കെ.ടി.ഡി.സി, കെ.എസ്.ഐ.ഡി.സി തുടങ്ങിയവയാണ് പ്രധാന സർക്കാർ പരസ്യങ്ങൾ. സമകാലികമലയാളം, കലാകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലാണ് സർക്കാർ പരസ്യങ്ങൾ കൂടുതലായി വന്നിട്ടുള്ളത്. മാധ്യമങ്ങളുടെ രാഷ്ട്രീയവും നിലപാടും നിലനിർത്തുന്നതിൽ പരസ്യങ്ങൾ ഒരു പരിധിവരെ പങ്കുവഹിക്കുന്നു.

ആശുപത്രികളുടേയും അനുബന്ധ വ്യവസായങ്ങളുടേയും പരസ്യങ്ങൾ കൂടുതൽ കാണുന്നത് മാധ്യമം സമകാലിക മലയാളം എന്നീ പ്രസിദ്ധീകരണങ്ങളിലാണ്. ദേശാഭിമാനിയിലാണ് ജ്വല്ലറി പരസ്യങ്ങൾ ഏറ്റവും കൂടുതൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. അതുപോലെ ആശുപത്രികളുടെ പരസ്യങ്ങൾ ദേശാഭിമാനിയിൽ തീരെയില്ല എന്നതും ശ്രദ്ധേയം. ലോട്ടറികളുടേയും ചിട്ടികമ്പനികളുടേയും പരസ്യങ്ങൾ മാധ്യമത്തിൽ കാണാത്തത് പത്രാധിപസമിതിയുടെ തീരുമാനപ്രകാരമാണ്. വൻകിട പത്രങ്ങളായ മനോരമ, മാതൃഭൂമി എന്നിവയുടെ ഓണപ്പതിപ്പുകളിലെ പരസ്യവിതരണത്തിൽ സാമ്യങ്ങളുണ്ട്. ഗൃഹോപകരണപരസ്യങ്ങളാണ് രണ്ടിലും ഏറെയുള്ളത്. ബാങ്കുകൾ, തുണിവ്യവസായം, ഇലക്ട്രോണിക് വ്യവസായം ഇവയുടെ പരസ്യങ്ങളും മനോരമയിലും മാതൃഭൂമിയിലും ഏതാണ്ടോരേ അനുപാതത്തിലാണെന്നു കാണാം. തുണിവ്യവസായസംബന്ധിയായ പരസ്യങ്ങൾ ഏറ്റവും കൂടുതൽ നൽകിയിരിക്കുന്നത് മാതൃഭൂമിയാണ്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരസ്യങ്ങൾക്ക് മാധ്യമമാണ് ഏറെ പ്രാധാന്യം കൊടുക്കുന്നത്. എന്നാൽ കലാകൗമുദി ഇലക്ട്രോണിക് വ്യവസായ പരസ്യങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. ദേശാഭിമാനി, കേസരി, മാധ്യമം എന്നിവ ജ്വല്ലറി പരസ്യങ്ങളുടെ കാര്യത്തിൽ ഏതാണ്ടൊരേ നിലയിലാണ്. ജ്വല്ലറി പരസ്യങ്ങളും ഹോട്ടൽ പരസ്യങ്ങളും സമകാലികമലയാളത്തിൽ തീരെ കാണുന്നില്ല എന്നത് ശ്രദ്ധേയം. അടുത്തിടെ കേരളത്തിലാരംഭിച്ച ഫ്ളാറ്റുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും പരസ്യങ്ങൾ മനോരമ, മാധ്യമം, ദേശാഭിമാനി , കേരളകൗമുദി എന്നിവയിലാണ് കൂടുതലായി കാണുന്നത്.

## കമ്പ്യൂട്ടർ

കേരളത്തിൽ കൂടുതൽ കമ്പ്യൂട്ടറുകൾ വിൽക്കപ്പെടുന്നത് ഓണമാസത്തിലാണ്. ഓണമാസത്തിൽ കമ്പ്യൂട്ടർ വില്പന മറ്റ് മാസത്തേക്കാൾ 30-40% വരെ ഉയരാറുണ്ട്. സെനിത്ത്, ഏസർ, കോംപാക് എൽജി, ഡെൽ, ലിനോവ, വിപ്റോ, എച്ച് സി.എൽ എന്നിവയാണ് പ്രചാരമുള്ള കമ്പ്യൂട്ടർ കമ്പനികൾ. ആഗസ്റ്റ്, സെപ്തംബർ മാസങ്ങൾ ഇന്ത്യയിൽ പ്രധാന ആഘോഷങ്ങൾ നടക്കുന്ന സീസണായതിനാൽ ഫെസ്റ്റിവൽ സീസൺ എന്നാണ് ഓണക്കാലം അറിയപ്പെടുന്നത്. ഓണത്തിനു മുമ്പുതന്നെ ഓരോ കമ്പനിയും ഡീലർമാർക്കായി പ്രത്യേക ക്യാമ്പുകളും ഓഫറുകളും നൽകി ഒരു ഷോപ്പിംഗ് സീസണാക്കി മാറ്റിയാണ് കൂടുതൽ വിൽപനസ്ഥാപനങ്ങൾ നൽകുന്നു. കമ്പ്യൂട്ടറിനൊപ്പം അനുബന്ധ ഉപകരണങ്ങൾ ചേർത്തുള്ള സൗജന്യ വിലക്കുള്ള വിൽപനയാണ് അതിലൊന്ന്. ഐ ടി വിപണനരംഗത്ത് വൻകുതിപ്പ് നടന്ന കേരളത്തിൽ 2006 ൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞത് എച്ച.സി.എൽ ന്റേയും 2007 ൽ കോപാക്കിന്റേയും 2008 ൽ ഏസ റിന്റേയും കമ്പ്യൂട്ടറുകളാണ്.

## വെബ്സൈറ്റുകൾ

നിലവിലുള്ള നൂറുകണക്കിന് വെബ്സൈറ്റുകൾ പുറമെ നിന്നുകൊണ്ടാണ് ഓണത്തെ സമീപി ക്കുന്നത്. പുതിയ തലമുറയുടെ ഓണമാണ് മിക്കവയിലുമുള്ളത്. ഏറ്റവും പുതിയ വർഷത്തെ വിവരങ്ങളല്ലാതെ കഴിഞ്ഞകാല ഓണങ്ങളുടെ വിവരങ്ങൾ ഇവയിൽ മിക്കവയിലും ഇല്ല. വരാനിരിക്കുന്ന ഓണത്തിന് ചെയ്യാവുന്നതും മാർക്കറ്റുമായി ബന്ധമുള്ളതുമായ ഇനങ്ങൾക്കാണ് പ്രാമുഖ്യം . ഓണത്തിന്റെ എല്ലാ ആവിഷ്കാരങ്ങളേയും പ്രതിഫലിപ്പിക്കാൻ വെബ്സൈറ്റുകൾക്ക് ആവുന്നില്ല. ഓണത്തെക്കുറിച്ച് നൽകുന്ന കുറിപ്പുകൾ പലതും ആലങ്കാരികമായി അവതരണം മാത്രമായി ചുരുങ്ങിപ്പോകുന്നുണ്ട്. ഓണമെന്നത് പൂരമായും കഥകളിയായും തായമ്പകയായും മാറ്റപ്പെടുന്നു. സാങ്കേതികവിദ്യ ഉപയോഗിച്ച് ഓണത്തെ കാഴ്ചയുടേയും കേൾവിയുടേയും ആഖ്യാനമാക്കി മാറ്റാൻ ഇവർ ശ്രമിക്കുന്നു. ഓണം എന്ന ഫോക്ലോർ രൂപം ഏറ്റവും പുതിയ തലമുറയുടെ സമകാലപ്രവർത്തനമായി മാറുന്നതാണ് ഇന്റർനെറ്റ് സൃഷിടിക്കുന്ന ഓണം.

## ഓണം ടൂറിസം - സർക്കാർ ഓണാഘോഷം

1986-ലാണ് ടൂറിസം വ്യവസായമായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടതെങ്കിലും 1982- മുതൽ തന്നെ കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് ഓണം ആഘോഷിക്കുന്നുണ്ട്. ടൂറിസം നയം സർക്കാർ നടപ്പാക്കിയതോടെ കൂടുതൽ ടൂറിസ്റ്റുകൾ കേരളത്തിലേക്ക് ആകർഷിക്കപ്പെട്ടു. എന്നാൽ ഓണക്കാലമെന്നത് ഓഫ് സീസൺ ആയതിനാൽ ഓണത്തിന് മാത്രം ലക്ഷ്യം വെച്ചെത്തുന്ന വിദേശികൾ കുറവാണ്. എന്നാൽ ഇക്കാലത്ത് കേരളത്തിലുള്ള ഇന്റേണൽ ടൂറിസ്റ്റുകളും വിദേശികളും ടൂറിസ്റ്റ് ഓണാഘോഷപരിപാടികളിൽ സംബന്ധിക്കാറുണ്ട്. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പ റേഷനാണ് സർക്കാർ ഓണാഘോഷപരിപാടികളുടെ ചുമതല. എല്ലാ ജില്ലകളിലും കെ.ടി.ഡി.സി യുടെ കീഴിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പ്രവർത്തിക്കുന്നു. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ടും മറ്റു ജില്ലകളിൽ വിവിധ ഏജൻസികളുടെ സഹായത്തോടെയുമാണ് പരിപാടികൾ നടത്താറുള്ളത്. ഓണത്തിന്റെ ദേശീയോത്സവമാനമാണ് സർക്കാർ തലത്തിൽ ആഘോഷം സംഘടിപ്പിക്കാനുള്ള കാരണം.

2006 ന് സെപ്തംബർ 3 മുതൽ 9 വരെ തിരുവന്തപുരത്ത് 13 വേദികളിലായി സർക്കാർതല ഓണാഘോഷ പരിപാടികൾ നടന്നപ്പോൾ 2007 ൽ ആഗസ്റ്റ് 23 മുതൽ 28 വരെ 15 വേദികളിലാണ് പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. രണ്ടുവർഷവും തിരുവനന്തപുരത്തെ ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലാണ് ഉദ്ഘാടനസമ്മേളനം നടന്നത്. 2006 ലെ ഓണാഷോഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

'പൂരക്കളം' എന്നുപേരിട്ട സാംസ്കാരിക പരിപാടിയായിരുന്നു 2006 ലെ മെഗാഷോ. വലിയ പൂക്കളത്തിനു സമീപം തൃശ്ശൂർപൂരത്തിന്റെ മാതൃകയിൽ ആനകൾ നിരന്നു നിൽക്കുകയും ചെറിയതോതിലുള്ള കരിമരുന്നു പ്രയോഗവുമായിരുന്നു, 'പൂരക്കളം'. കനകകുന്ന് കൊട്ടാരം, സൂര്യകാന്തി, നിശാഗന്ധി, പൂജപ്പുരഗ്രൗണ്ട്, വി.ജെ.ടി ഹാൾ, ഗാന്ധി പാർക്ക്, തീർത്ഥപാദമണ്ഡപം, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, ടാഗോർ തിയേറ്റർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, പ്രസ് ക്ലബ്, ശ്രീവരാഹം മണ്ഡപം, ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാൾ കോംമ്പൗണ്ട് എന്നിവിടങ്ങളായിരുന്നു വേദികൾ.

എല്ലാ ദിവസവും വൈകുന്നേരം 5 മുതൽ 8.30 വരെ കനകകുന്ന് കൊട്ടാരഗേറ്റിൽ ആനച്ചമയം, പഞ്ചവാദ്യം, ചെണ്ടമേളം എന്നിവ നടന്നു. സൂര്യകാന്തിയിൽ ജൂനിയർ വിദ്യാർത്ഥികളുടെ ഗാനമേളയായിരുന്നു പ്രധാന ഇനം. കനകകുന്നിൽ തോറ്റംപാട്ട്, ഓട്ടൻതുള്ളൽ, തെയ്യം, പടയണി, തിറയാട്ടം, ഒപ്പന, ദഫ്മുട്ട്, പൂതംകളി, ചിവിട്ടുനാടകം, വെളിച്ചപ്പാട് തുള്ളൽ, അർജ്ജുനനൃത്തം, തോറ്റംപാട്ട്, കക്കാരശ്ശി നാടകം എന്നിവ സെപ്തംബർ 4 മുതൽ 8 വരെ നടന്നു. സൂര്യകാന്തിയിൽ ഹെൽത്ത് ക്ലബ്ബുകളുടെ നേതൃത്വത്തിൽ കുങ്ഫു, മാരുതി മർമ്മചികിത്സാകേന്ദ്രത്തിന്റെ പരിപാടികൾ, ആയോധനകലകൾ എന്നിവയാണ് നടന്നത്. അങ്കത്തട്ട് എന്നായിരുന്നു പരിപാടിയുടെ പേര്. ഗാന്ധിപാർക്കിൽ അയിലം ഉണ്ണികൃഷ്ണൻ, എ.ആർ ചന്ദ്രൻ, വസന്തകുമാർ സാംബശിവൻ, മണവൂർ രാധാകൃഷ്ണൻ, കടാക്കോട് വിശ്വംഭരൻ എന്നിവരുടെ കഥാപ്രസംഗങ്ങളായിരുന്നു. തീർത്ഥപാദമണ്ഡപത്തിൽ തിരുവനന്തപുരം അക്ഷരശ്ലോകസമിതിയുടെ അക്ഷരശ്ലോകസദസ്സും ദുര്യോധനവധം കഥകളിയുമാണ്. 4-9-06 ന് നടന്നത്. പിറ്റേന്ന് വൈകുന്നേരം 6 മുതൽ 10 വരെ നളചരിതം രണ്ടാം ദിവസം കഥകളി നടന്നു. കോട്ടക്കൽ നന്ദകുമാറും മാർഗിവിജയകുമാറുമായിരുന്നു രംഗത്ത്. 6-9-06 ന് കലാമണ്ഡലം ഉണ്ണികൃഷ്ണൻ നമ്പ്യാരുടെ പാഠകവും ഏറ്റുമാനൂർ കണ്ണൻ, ഹരിപ്രിയനമ്പൂതിരി തുടങ്ങിയവർ അരങ്ങിലെത്തിയ ബാലിവധം കഥകളിയും നടന്നു. മാർഗി നാരായണൻ ചാക്യാർ & പാർട്ടി അവതരിപ്പിച്ച ചാക്യാർകൂത്തും സുന്ദരിസ്വയംവരം കഥകളിയും 7-9-06 ന് തീർത്ഥപാദമണ്ഡപത്തിൽ നടന്നു. സെപ്തംബർ 8-ന് കൂടിയാട്ടം (മായാസീതാങ്കം) അവതരിപ്പിച്ചത്. മാർഗി മധുവും സംഘവുമായിരുന്നു. ഓണാഘോഷം2006 നോടനുബന്ധിച്ച് മാർഗി സംഘം കൂടിയാട്ടം സ്പെഷലായി അവതരിപ്പിച്ചിരുന്നു നിശാഗന്ധി ഓഡിറ്റോറിയത്തിൽ സൂര്യകൃഷ്ണമൂർത്തി സംവിധാനം ചെയ്ത് ക്ലാസിക് കലകളുടെ ദൃശ്യവിരുന്ന് നടന്നു. നടി ശോഭനയും സംഘവും അവതരിപ്പിച്ച

നൃത്തമായിരുന്നു മറ്റൊരു ഇനം 8-9-06 ന് ഇതേ വേദിയിൽ കോൺഫെഡറേഷൻ ഓഫ് ടെലിവിഷൻ ആർടിസ്റ്റ് കമേഴ്സ്യൽ & ടെക്നീഷ്യൻസ് അവതരിപ്പിച്ച പരിപാടികളാണ് നടന്നത്. പബ്ലിക് ഓഫീസിൽ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ ശ്രുതിമേളം, പൊന്നക്കുട്ടമാരാരുടെ പാണ്ടിമേളം, ചേരാനല്ലൂർ ശങ്കരൻകുട്ടിമാരാരുടെ വലിയപഞ്ചാരിമേളം, ശിങ്കാരിമേളം എന്നിവയാണ് നടന്നത്. കനകകുന്ന് അകത്തളത്തിൽ തിരുവിഴ ജയശങ്കർ & പാർട്ടിയുടെ മംഗളവാദനവും പദ്മശ്രീ നെയ്യാറ്റിൻകര വാസുദേവൻ, പാർവ്വതിപുരം പത്മനാഭഅയ്യർ, അനന്തപദ്മനാഭൻ &പാർട്ടി, മണക്കാല ഗോപാലകൃഷ്ണൻ എന്നിവരുടെ കച്ചേരിയും നടന്നു. വൈലോപ്പിള്ളി സംസ്കൃതിഭവനിൽ തരംഗ് ഡാൻസ് അക്കാദമി, നാട്യാഞ്ജലി, നൂപുര ഡാൻസ് സ്കൂൾ, കേരളനാട്യ അക്കാദമി തുടങ്ങിയവരുടെ നൃത്തനൃത്ത്യങ്ങൾ അരങ്ങേറി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് കോംപൗണ്ടിൽ 'നാട്ടരങ്ങ്' എന്ന പേരിട്ട പരിപാടിയിൽ പുള്ളുവൻ പാട്ട്, തിരുവാതിരക്കളി, ശീതങ്കൻ തുള്ളൽ, നാടൻപാട്ട് ആലാപനം, പറയൻതുള്ളൽ, ചരടുപിന്നിക്കളി, പുലികളി, ചെണ്ടമേളം എന്നിവ നടന്നു. വി.ജെ.ടി ഹാളിൽ സ്വദേശഭിമാനി തീയേറ്റേഴ്സ (നെയ്യാറ്റിൻകര) ന്റെ 'അമ്മകോലങ്ങൾ' ഉൾപ്പെടെ അഞ്ചുദിവസവും നാടകങ്ങൾ പ്രദർശിപ്പിച്ചു. പൂജപ്പുര ഗ്രൗണ്ടിൽ വച്ചാണ് 4-9-06 ന് എം.ജയചന്ദ്രന്റേയും, 5-9-06 ന് റിമി ടോമിയുടേയും 6-9-06 ന് കെ.ജി മാർകോസിന്റേയും 7-9-06 ന് ജി വേണുഗോപാലിന്റേയും ജാസി ഗിഫ്റ്റിന്റേയും ഗാനമേളകൾ നടന്നത്. ശ്രീവരാഹം മണ്ഡപത്തിൽ ശാസ്ത്രീയ സംഗീതപരിപാടികളും പ്രസ് ക്ലബ്ബിൽ ഗസലുകളും ടാഗോർ തിയ്യേറ്ററിൽ സിനിമപ്രദർശനവുമായിരുന്നു. സെപ്തം 3 മുതൽ 9 വരെ എല്ലാ ദിവസവും കനകക്കുന്നിൽ 'ഫുഡ്ഫെസ്റ്റിവലും' വ്യാപാരമേളയും നടന്നു. കെ.ടി.ഡി.സി ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ഇതിനാണ്.

2007 ൽ പ്രശസ്തകലാകാരന്മാർ അണിനിരന്ന 'ചാനൽമെഗാഷോ'യായിരുന്നു മുഖ്യപ്രത്യേകത. മലയാളം ചാനലുകളായ കൈരളി ടി.വി, എ.സി.വി, ഏഷ്യാനെറ്റ്, ജീവൻ ടി.വി, ദൂരദർശൻ എന്നിവയാണ് ചാനലുകൾ. 'നിശാഗന്ധി' ഓഡിറ്റോറിയത്തിൽ ശ്രീശങ്കരം, ലക്ഷ്യ സ്കൂൾ ഓഫ് ഡാൻസ് തിരുവനന്തപുരം, കേരളയൂണിവേഴ്സിറ്റി യൂണിയൻ, ഭരതാഞ്ജലി തിരുവനന്തപുരം, തരംഗം തിരുവനന്തപുരം തുടങ്ങിയവയുടെ നൃത്തനൃത്തയങ്ങൾ അരങ്ങേറിയപ്പോൾ സൂര്യകാന്തിയിൽ ഗാനമേള, ചവിട്ടുനാടകം, മംഗലംകളി, ഒപ്പന, ദഫ്മുട്ട് എന്നിവയാണ് വിവിധ ദിവസങ്ങളിലായി നടന്നത്. കനകകുന്നിൽവച്ച് കണ്യാർകളി, ഗദ്ദിക, തോറ്റംപാട്ട്, മുടിയേറ്റ്, കുമ്മാട്ടി, പൂപ്പടതുള്ളൽ, വേലകളി, ഓട്ടൻതുള്ളൽ, അർജ്ജുനനൃത്തം, തിറയാട്ടം, കാക്കാരശ്ശിരി നാടകം, സർപ്പം പാട്ട്, നാടൻ ചിന്ത് തുടങ്ങിയവയും സംഘടിപ്പിച്ചു. കനകക്കുന്നിന്റെ അകത്തളത്തിന് 'സംഗീതിക' എന്ന പേരു നൽകി, സംഗിതകച്ചേരികൾ അരങ്ങേറി. കഴിഞ്ഞ വർഷത്തിലേതു പോലെ തന്നെ തീർത്ഥപാദമണ്ഡപത്തിൽ അക്ഷരശ്ലോകവും കഥകളിയുമായിരുന്നു. 2006 ൽ നളചരിതം (രണ്ടാം ദിവസം) കഥകളി നടന്നപ്പോൾ അതിന്റെ തുടർച്ചയായി 2007 ൽ നളചരിതം (മൂന്നാം ദിവസം) കളിയാണ് നടത്തിയത്. ഗാന്ധിപാർക്കിലെ കഥാപ്രസംഗങ്ങളിൽ കഴിഞ്ഞവർഷം അവതരിപ്പിച്ച വസന്തകുമാർ സാംബശിവൻ, അയിലം ഉണ്ണികൃഷ്ണൻ, എ.ആർ.ചന്ദ്രൻ, കടക്കോട് വിശ്വംഭരൻ തുടങ്ങിയവരുടേതുൾപ്പെടെ എട്ട് കഥാപ്രസംഗങ്ങൾ നടന്നു. പൂജപ്പുരമൈതാനിയിലെ ഗാനമേളയിൽ 25-8-07 ന് വിദ്യാധരൻമാസ്റ്റർ നയിച്ച അനശ്വരഗാനങ്ങളിൽ പി.ജയചന്ദ്രൻ, ശ്രീകാന്ത്, കല്ലറഗോപൻ, ബി.വസന്ത തുടങ്ങിയവർ പങ്കെടുത്തു. ഉണ്ണിമേനോൻ അവതരിപ്പിച്ച തമിഴ്ഹിന്ദി ഗാനമേളയും, കലകേരളം അവതരിപ്പിച്ച ഞാറ്റുവേല എന്ന സംഗീതപരിപാടിയും ആഗസ്റ്റ് 26,27 തിയ്യതികളിലായി നടന്നു. 28-08-07 ന് നടന്ന 'യംഗ് ടാലൻറിസി'ൽ ഗായകൻ യേശുദാസിന്റെ മകൻ വിയജ് യേശുദാസ്, വിധുപ്രതാപ്, ജാസി ഗിഫ്റ്റ് തുടങ്ങിയവർ പങ്കെടുത്തു. ശംഖുമുഖത്ത് 2-08-07 ന് ജീവൻ സംഗീത് മ്യൂസിക് അക്കാദമിയുടെ ഓർക്കസ്ട്രയും സ്വരധാരയുടെ ഗാനമേളയുമാണ് നടന്നത്. വൈലോപ്പിള്ളി സംസ്കൃതിഭവനിൽ പൊതുജനങ്ങൾക്കും കുട്ടികൾക്കുമായി നടന്ന ഓണപ്പാട്ട് മത്സരം, തിരുവാതിരക്കളി മത്സരം, നോക്കുപാവകളി, ചിത്രരചനാമത്സരം, ഓണക്വിസ്, തായമ്പകമത്സരം, കഥ കവിത മത്സരങ്ങൾ എന്നിവയിൽ നിരവധിപേർ പങ്കെടുത്തു. സെക്രട്ടേറിയറ്റിനു മുൻവശം കളരിപ്പയറ്റ് പ്രദർശനങ്ങളും വി.ജെ.ടി ഹാളിൽ നാടകങ്ങളും നടന്നു. കഴിഞ്ഞവർഷം കനകക്കുന്നിൽ മാത്രമുണ്ടായിരുന്ന

പഞ്ചവാദ്യം, ശിങ്കാരിമേളം, ചെണ്ടമേളം എന്നിവ 2007 ൽ രക്തസാക്ഷിമണ്ഡപത്തേക്കുകൂടി വ്യാപിപ്പിച്ചു. കെ.ടി.ഡിസിയുടെ നേതൃത്വത്തിൽനടന്ന വ്യാപാരമേളയിൽ 70 ൽ പരം സ്റ്റാളുകൾ അണി നിരന്നു. 23-08-07 മുതൽ 29-08-07 വരെ സൂര്യകാന്തിയിൽ തിരുവനന്തപുരത്തെ പ്രമുഖഹോട്ടലുകളും കാറ്ററിംഗ് സ്ഥാപനങ്ങളും അണിനിരന്ന ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നു. കെ.ടി.ഡി.സി വളരെ പ്രാധാന്യത്തോടെയാണ് 'ട്രെയ്ഡ്ഫെയർ' നടത്തുന്നത് എന്ന് നിരീക്ഷണമുണ്ട്.

### സംഘാടനം

സർക്കാർ ഓണാഘോഷപരിപാടികൾക്ക് തയ്യാറെടുപ്പുകൾ നേരത്തെ ആരംഭിക്കുന്നു. രണ്ടുമൂന്ന മാസം മുമ്പ് തന്നെ ടൂറിസം മന്ത്രിയും കളക്ടറുമുൾപ്പെടെയുള്ളവർ അംഗങ്ങളായുള്ള കമ്മറ്റി നടത്തിപ്പിനായി നിലവിൽ വരുന്നു. സർക്കാർ തീരുമാനിക്കുന്ന കമ്മറ്റികളുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്താണ് സംഘടിക്കുന്നത്. പ്രധാനയോഗം നടക്കുന്നത് തിരുവനന്തപുരത്തുവച്ചാണ്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, എന്നിവിടങ്ങളിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്താനായി സർക്കാർ ഫണ്ടും, ഓണർഷിപ്പും സ്വീകരിക്കാറുണ്ട്. പ്രോഗ്രാം കമ്മറ്റി, ഇൻഫ്രാസ്ട്രക്ച്ചർ, സെക്യൂരിറ്റി, ചിൽഡ്രൻസ്വിങ്ങ്, ചാനൽ കോ-ഓർഡിനേഷൻ, ഫുഡ്ഫെസ്റ്റിവൽ, ട്രെയ്ഡ് ഫെയർ, എന്നീ കമ്മറ്റികൾ വഴിയാണ് തിരുവനന്തപുരത്തെ പരിപാടികൾ നടത്തുന്നത്. പോലീസിന്റെ സേവനം ക്രമ സമാധാനപാലനത്തിന് ആവശ്യമായിവരാറുണ്ട്. കൃത്യമായി എത്രപേർ പങ്കെടുക്കുന്നു എന്നു പറയാനാവാത്ത വിധം ജനത്തിരക്ക് അനുഭവപ്പെടാറുണ്ട്. ചാനലുകളുടെ സൗകര്യം കണക്കിലെടുത്തു 2007- ൽ നാടൻകലകൾ കൂടുതൽ ചേർത്തു. ആളുകൾ വരികയും പങ്കെടുക്കുകയും പിരിഞ്ഞുപോവുകയും ചെയ്യുന്ന അവസ്ഥയാണ് ഇത്തരം ഓണാഘോഷത്തിൽ കാണുന്നത്. വ്യാപാരമേള, ഭക്ഷ്യമേള എന്നിവയിൽ ഇതുതന്നെയാണ് സ്ഥിതി.

2006,07 വർഷങ്ങളിൽ തിരുവനന്തപുരത്തു നടന്ന സർക്കാർ ഓണാഘോഷപരിപാടി വിലയിരുത്തുമ്പോൾ ഓണത്തിന്റെ ഏറ്റവും പുതിയ ആഘോഷരീതിയാണ് വെളിവാകുന്നത്. ജനങ്ങൾ വരികയും പങ്കെടുക്കുകയും പോവുകയും ചെയ്യുന്നത് ആഘോഷപരിപാടികൾക്ക് കാർണിവൽ സ്വഭാവം നൽകുന്നു. റോഡിനിരുവശമുള്ള ഓഫീസുകൾ അലങ്കരിക്കുന്നു. മരങ്ങളിൽ ഇലക്ട്രിക് ലൈറ്റുകൾ ഘടിപ്പിക്കുന്നു. മോഡിയുള്ള ഗേറ്റുകൾ വെയ്ക്കുന്നു. കടകൾ ബലൂണുകൾ തൂക്കി അലങ്കരിക്കുന്നു. ജനങ്ങളെ ആകർഷിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കപ്പെടുന്നു. തിരുവനന്തപുരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരേസമയം ഒരേ ദിവസം നടത്തപ്പെടുന്ന വിനോദപരിപാടികളാണ് ഓണാഘോഷമായി കണക്കാക്കുന്നത്. ഓരോ സ്റ്റേജിലും പരിപാടികളും ഉദ്ഘാടനവും സമാപനസമ്മേളനവും നടക്കുകയും അവയിലൊക്കെ ജനപ്രതിനിധികളും മന്ത്രിമാരും പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. വൻതുകയാണ് ഓരോ വർഷത്തെ പരിപാടികൾക്കും ഖജനാവിൽ നിന്നും നീക്കിവയ്ക്കുന്നതും ചിലവാകുന്നതും. 2006 ലെ ഓണാഘോഷ പരിപാടികൾക്ക് ഒരു കോടിയും 2007 ൽ ഒന്നേകാൽ കോടിയും രൂപ ചിലവു വന്നിരുന്നു. എന്നാൽ പൊതുവെ ലാഭകരമായാണ് പരിപാടി സമാപിക്കാറുള്ളത്. തിരുവനന്തപുരത്തു നടക്കുന്നഅതേ തീയ്യതികളിൽ അതേ രീതിയിൽ തന്നെയാണ് കേരളത്തിന്റെ മറ്റിടങ്ങളിലും സർക്കാർ ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. വിനോദകലകൾ ആസ്വദിക്കുക, ചിരിക്കുക, തിന്നുക, കുടിക്കുക, വ്യാപാരം നടത്തുക, മത്സരങ്ങളിൽ പങ്കെടുക്കുക തുടങ്ങിയവയാണ് ഇത്തരം ഓണാഘോഷ പരിപാടികളുടെ പൊതുസവിശേഷത എന്നു കാണാവുന്നതാണ്. പരിപാടികൾ ആസ്വദിക്കുന്നത് മിക്കവാറും ഒറ്റക്കല്ല. ചെറുസംഘങ്ങളായി പരിപാടികൾ കാണുകയും അവയുടെ പ്രതികരണങ്ങൾ തമ്മിൽ കൈമാറുകയും ചെയ്യുകയാണ് കാണികളായവരുടെ പ്രവർത്തനരീതി. ഒരു വേദിയിലെ പരിപാടി കാണുന്നവർ അടുത്തവേദിയിലേക്കോ വ്യാപാരമേള നടക്കുന്ന ഇടത്തേക്കോ ഒക്കെ പോവുന്നത് സഞ്ചരിക്കുന്ന കാണിസംഘത്തെ രൂപപ്പെടുത്തുന്നു. ചുരുക്കത്തിൽ സർക്കാർ തല ഓണാഘോഷപരിപാടികൾ ഉത്സവാത്മകമായ സ്വാതന്ത്ര്യം ജനക്കൂട്ടത്തിനു നൽകുകയും അനവധി ചെറുകാർണിവലുകളുടെ മഹാമേളനമായി മാറുകയും ചെയ്യുന്നു.

## വിശകലനങ്ങളും നിഗമനങ്ങളും

മാധ്യമദൗത്യത്തെ സാക്ഷാത്കരിക്കുന്ന പ്രധാന ഘടകമായി പരസ്യത്തെ തിരിച്ചറിഞ്ഞാണ് റെയ്മണ്ട് വില്യംസ് അവയെ ആധുനിക കാലത്തെ ഔദ്യോഗിക കല എന്ന് വിളിക്കുന്നത്. ചിഹ്നവിജ്ഞാനീയത്തിന്റേയും ഭാഷാവിജ്ഞാനീയത്തിന്റേയും സഹായത്തോടെ പരസ്യങ്ങളെ നിർധാരണം ചെയ്യാൻ ശ്രമിക്കുന്നത് സമൂഹപഠനമായി വികസിക്കാൻ പോന്നതാണ്. കാരണം അടിസ്ഥാനപരമായി അവ സമൂഹസത്യങ്ങളെയാണ് പരസ്യപ്പെടുത്തുന്നത്. (എറിക് ബർനൗ 1996.125) പരസ്യത്തെ സ്വയം ഒരു മാധ്യമമായി മാർഷൽ മക്ലൂഹൻ വിശേഷിപ്പിക്കുന്നതും അതുകൊണ്ടാണ്. സൗന്ദര്യ രാഷ്ട്രീയത്തിന്റെ പ്രായുക്തികൊണ്ട് പരസ്യങ്ങൾ നിത്യജീവിതത്തിൽ ഇടപെടുന്നു. പാരമ്പര്യം, ആധുനികത, വരേണ്യത തുടങ്ങിയ മൂല്യസങ്കല്പങ്ങളുടെ നിർമിതിയിലൂടെയാണിതു സാധിക്കുന്നത്.

അത്തംമുതൽ പത്തു ദിവസമാണ് മലയാളികൾ ഓണം ആഘോഷിക്കുന്നത്. ആദ്യദിനം മുതൽ തന്നെ പത്രങ്ങൾ പരസ്യം പ്രസിദ്ധീകരിക്കുന്നുവെന്നത് പരസ്യനിർമ്മാതാക്കളുടെ തയ്യാറെടുപ്പിനെ കൃത്യമായി അടയാളപ്പെടുത്തുന്നു. വാട്ടർതീം പാർക്കായ വീഗാലാന്റിന്റെ പരസ്യത്തിൽ 63മീറ്റർ ഉയരത്തിൽ നിന്നും തുടങ്ങാമെന്ന പരാമർശം ഓണാഘോഷത്തിന്റെ പെരുപ്പത്തെ സൂചിപ്പിച്ചുകൊണ്ട് വാട്ടർതീം പാർക്കിലെ ഒരു ഇനത്തിന്റെ അനുഭവവിവരണം കൂടിയാവുന്നു. ഒളിപ്പിച്ചുവച്ച ഇത്തരം അർത്ഥങ്ങൾ മനുഷ്യമനസ്സിലെ സവിശേഷമായ പൈതൃകബോധം ഉണർത്താനുദ്ദേശിച്ചുള്ളതാണ്. ആഘോഷങ്ങളെ ബഹുമാനിച്ചുകൊണ്ടാണ് എൽ.ജി. കമ്പനി പരസ്യ വാചകം തയ്യാറാക്കിയിരിക്കുന്നത്. ഇത് ജനതയെ മയക്കി കിടത്തുന്നതിനു തുല്യമാണ്. ഓഫറുകൾ നൽകി ധാരാളിത്ത സന്തുഷ്ടി നടത്തി ആഘോഷിക്കാൻ ക്ഷണിക്കുന്നത് മറ്റൊരു തന്ത്രമാണ്. മാവേലി നാടെന്ന സങ്കല്പത്തെ ഓർമ്മിപ്പിച്ചുകൊണ്ട് മിത്തിന്റെ ചുവടുപിടിച്ച് വിപണിയിലേക്കാണ് പരസ്യം ക്ഷണിക്കുന്നത്. ചിരിയുണർത്തിക്കൊണ്ട് നമ്മെ സംസ്കാര പ്രവർത്തനത്തിൽ പങ്കാളിയാക്കാനാണ് 'മാവേലി ബിസിയാ' തുടങ്ങിയ പരസ്യവാചകം ശ്രമിക്കുന്നത്.

ഓണപപതിപ്പുകളുടെ പരസ്യങ്ങൾ അവയുടെ മൊത്തം പേജിന്റെ 50 വരുന്നു. പതിപ്പിനോടൊപ്പം നിത്യോപയോഗസാധനങ്ങളുടെ സാമ്പിൾ പായ്ക്കറ്റുകൾ സൗജന്യമായി നൽകുന്നത് പായ്ക്കറ്റ് ഉല്പന്നങ്ങൾ വാങ്ങിക്കുന്ന ശീലം ഉൽപാദിപ്പിക്കാൻ കൂടിയാണ്. വാങ്ങിക്കൽ ശൈലിയിൽ വരെ തങ്ങൾക്കനുഗുണമായ മാറ്റം ഉണ്ടാക്കാൻ കമ്പനികൾ ശ്രമിക്കുന്നു എന്നു വേണം കരുതാൻ. നിറം കൊണ്ട് ആഘോഷത്തെ നിർണിയിക്കുകയും അതുവഴി തങ്ങളുടെ ഉൽപ്പന്നത്തെ ആഘോഷവുമായും വിപണിയുമായും ബന്ധിക്കുകയാണ് എൽ.ജി കമ്പനി ചെയ്യുന്നത്. പരസ്യചിത്രത്തിൽ പച്ച നിറത്തിലുള്ള ഫ്രിഡ്ജിനൊപ്പം പച്ച വാഴയില നൽകികൊണ്ട് ഓണവുമായി ആഭിമുഖ്യം ഉണ്ടാക്കുന്നു. എസ്. എം.എസ് സന്ദേശങ്ങളുടെ കാലത്ത് ഹാപ്പി ഓണമെന്ന ഇംഗ്ലീഷ് വാചകം സ്വാഭാവികമായി മലയാളി സ്വീകരിക്കുന്നു.

പാരമ്പര്യത്തിന്റെ മേലാളത്തരായ നൽകി ഉപഭോക്താക്കളെ മനശാസ്ത്രപരമായി കീഴ്പ്പെടുത്തുകയാണ് പരസ്യങ്ങൾ ചെയ്യുന്നത്. ബോധപൂർവ്വകമായി നാടകീയവത്ക്കരണത്തിലൂടെ സന്തുഷ്ടിക്കപ്പെടുന്ന പരസ്യങ്ങൾ പഴമയെ സമകാലിക ജീവിത്തിലേക്ക് കോർത്തിണക്കുന്നു. സംസ്കാരത്തിന്റെ മൂല്യസങ്കൽപത്തിലും ചിട്ടവട്ടകളിലും വിശ്വാസത്തിലും ആചാരപദ്ധതികളിലും ആശയാവലികളിൽപോലും മാറ്റം വരുത്തിക്കൊണ്ടും മിനുക്കം വരുത്തിക്കൊണ്ടുമുള്ള കർതൃത്വ പരിപാടിയാണിത്. ടൂറിസത്തിന്റെ ഭാഗമായുള്ള ഓണാവിഷ്കാരവും സംസ്കാര പുനർനിർമ്മാണത്തിന്റെ തലത്തിൽ രാഷ്ട്രീയകർതൃത്വമായി മാറുന്നു. ജനാധിപത്യസംവിധാനം സംസ്കാരത്തിന്റെ മാനകീകൃതത ബോധത്തിൽ ഊന്നുമ്പോഴും മാർക്കറ്റിന്റെ ഭാഗമാവുന്നതും അതുവഴി സംസ്കാരപരിണാമത്തിൽ പങ്കാളിയാവുന്നതും സൂക്ഷ്മ നിരീക്ഷണത്തിൽ അറിയുവാനും അതേ സമയം സംസ്കാരത്തിന്റെ ആന്തരവൈരുദ്ധ്യങ്ങൾ അതിൽ നിലീനമായിരിക്കുകയും ചെയ്യുന്നു.

വെബ്സൈറ്റുകൾ ഇതേകാര്യം ഇന്റർനെറ്റ് എന്ന മാധ്യമത്തിലൂടെ ചെയ്യുന്നു. കേരളീയതയെക്കുറിച്ചുള്ള ലളിതബോധം വെബ്സൈറ്റുകളിലെ ഓണസൂചിതബിംബങ്ങളിൽ കാണാം. ഓണവിഭവങ്ങൾ, ഓണക്കളികൾ തുടങ്ങിയവയുടെ കാര്യത്തിൽ ആധുനികവിപണിയുടെ നേരിട്ടുള്ള ഇടപെടൽ കൃത്യമായി മനസ്സിലാക്കാനാവുന്നു. ഓണവിഭവങ്ങളിൽ ബനാന ഹൽവയും ഓണക്കളിയായി കഥകളിയും വെബ്സൈറ്റുകളിൽ പ്രത്യക്ഷപ്പെടുന്നത് നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു.

## ഉപസംഹാരം

ഓണത്തിന്റെ പാരമ്പര്യത്തെ ആധുനികതയുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള സംസ്കാരനിർമാണമാണിവിടെ നടക്കുന്നത്. ആഗോളീയ ഉത്സവമായി ഓണത്തെ മാറ്റികൊണ്ട് ആഘോഷാത്മകതയിൽ ഇടപെടുന്നു, മാറ്റിതീർക്കുന്നു. പുതിയ കാലത്തിന്റെ ഓണത്തിന്റെ ഉത്സവാത്മകതയിൽ പരസ്യങ്ങളും ഇന്റർനെറ്റും ഓണടൂറിസവും നിർണായക പങ്കുവഹിക്കുന്നു. സംസ്കാരത്തിന്റെ വിപണിസാധ്യതയും വിനിമയസാധ്യതയും കൈകോർക്കുമ്പോൾ സംസ്കാരപുനർനിർമാണത്തിനു കളമൊരുങ്ങുന്നു. അതതു കാലത്തിന്റെ ജനപ്രിയചേരുവകൾ പരസ്യങ്ങളിലും ടൂറിസം പരിപാടികളിലും ഉൾച്ചേർന്നു കിടക്കുന്നു. വിപണിയുടെ ലോകം, ഏകലോകം, വിഭാവനം ചെയ്തുകൊണ്ട് ഉത്സവങ്ങളെപ്പോലും കീഴ്പ്പെടുത്തുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്.

## റഫറൻസുകൾ


ആനന്ദറാം, എം. എം. *കേരളത്തിലേക്കുള്ള ക്രീറ്റ്.* കീർത്തി പബ്ലിഷിംഗ് ഹൗസ്, കോയമ്പത്തൂർ, 1999.

സെൻസസ് ഓഫ് ഇന്ത്യ. വാല്യം 1, മോണോഗ്രാഫ് സീരീസ്. ആഭ്യന്തര മന്ത്രാലയം, ഡൽഹി, 1961.

ക്ലിഫോം, ജെയിംസ്, എഡിറ്റർ. *എഴുത്ത് സംസ്കാരം.* യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ പ്രസ്സ്, ബെർക്ലി, 1986.

ഡേ, ഫ്രാൻസിസ്. *പെരുമാളുകളുടെ നാട് അല്ലെങ്കിൽ കൊച്ചി അതിൻ്റെ ഭൂതകാലവും വർത്തമാനവും.* 1863. ഏഷ്യൻ എജ്യുക്കേഷണൽ സർവീസ്, ന്യൂഡൽഹി, 1990.

ഗീർട്സ്, ക്ലിഫോർഡ്. *സംസ്കാരങ്ങളുടെ വ്യാഖ്യാനം.* ഫൊട്ടാന പ്രസ്സ്, ലണ്ടൻ, 1993.

കാർത്ത, പി. സി. *ഓണ-വിജ്ഞാനകോശം.* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1991.

കാർത്ത, പി. സി. *ആചാരാനുഷ്ഠാനകോശം.* ഡി. സി. ബുക്സ, കോട്ടയം, 1998.